
വീയപുരം ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണവികസനരേഖ






ഇട്ടിച്ചെറിയ പെരുമാൾ
5-ാം വാർഡ്മെമ്പർ



രാധമ്മ വി. കെ.
2-ാം വാർഡ്മെമ്പർ



പി. കുഞ്ഞുകുഞ്ഞ്
4-ാം വാർഡ്മെമ്പർ



എം. വിനോദ്കുമാർ
പഞ്ചായത്ത് പ്രസിഡന്റ്




എൻ. എ. ബഷീർക്കുട്ടി
വൈസ്പ്രസിഡന്റ്



മോനിക്കാ ലാസർ
8-ാം വാർഡ്മെമ്പർ



ഗ്രേസി തോബിയാസ്
3-ാം വാർഡ്മെമ്പർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



മനോജ്സക്കറിയാ മാത്യു
7-ാം വാർഡ്മെമ്പർ



പഞ്ചായത്ത് സ്റ്റാഫ്

ഇരിക്കുന്നവർ ഇടത്തുനിന്ന്: സുമംഗലാമ്മ കെ., എസ്. വിജയൻ, ആർ. ശ്രീകുമാർ
നിൽക്കുന്നവർ ഇടത്തുനിന്ന്: എം. രവീന്ദ്രനാഥൻ, കൃഷ്ണപിള്ള,
കെ. സതീശ് കുമാർ ,ടി. ലീലാമ്മാൾ

ആമുഖം

വിദേശാധിപത്യത്തിൽ നിന്നും ഇൻഡ്യ സ്വതന്ത്രമായിട്ട് 50 ആണ്ടു തികയുന്നു. നൂറ്റാണ്ടുകളായി വിദേശി യരാൽ കൊള്ളയടിക്കപ്പെട്ട വികൃതമായ ഭാരതത്തെയാണ് 1947 ൽ നമ്മുക്കു ലഭിച്ചിത്. പുരോഗതിയുടെ പ്രയാണം അവിടെനിന്നും ആരംഭിക്കുന്നു.

ഇൻഡ്യക്കൊപ്പം സ്വാതന്ത്ര്യം ലഭിച്ച പല രാജ്യങ്ങളും പല പ്രാവശ്യം ജനാധിപത്യം അട്ടിമറിക്കപ്പെട്ടപ്പോഴും ഭാരത ജനത അതിനെ കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിക്കുക മാത്രമല്ല അതിനേ കൂടുതൽ കരുത്തുറ്റതാക്കുകയും ചെയ്തു. 73-ാം ഭരണഘടനാ ഭേതഗതിയിലൂടെ രാഷ്ട്രപിതാവിൻെറ സ്വപ്നമായ ഗ്രാമ സ്വരാജ് പ്രവർത്തിപദത്തിലെത്തി -ഗ്രാമസഭകൾക്ക്- ഭരണഘടനാ സാധുത ലഭിച്ചു.

ആസൂത്രണവും അധികാരവും എന്നും മുകളിലായിരുന്നു. അതുകൊണ്ടു അതിനു അതിൻേറതായ ദൗർബല്യങ്ങളിൽ കുടുങ്ങേണ്ടി വന്നു. ഇതിനെല്ലാം ഒരു പരിഹാരമായി ആസൂത്രണം ജനങ്ങളിലൂടെ നടത്തുന്ന പുതിയ വികസന സംസ്ക്കാരത്തിന് ജനകീയാസൂത്രണത്തിലൂടെ കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കണമെന്നും അധികാരം ജനങ്ങളിലാണെന്നും ആസൂത്രണം താഴേത്തട്ടിൽ നിന്നും ആരംഭിക്കണമെന്നും ഇതിനു ബഹുജന പങ്കാളിത്വം ആവശ്യമാണെന്നും സംസ്ഥാന ഗവൺമെൻറും പ്ലാനിംഗ് ബോർഡും തീരുമാനിച്ചു. കുറച്ചുദ്യോഗസ്ഥൻമാരും ചുരുക്കം ചില ജനപ്രധി നിധികളും കൂടി സംസ്ഥാനത്താകമാനം എന്താസൂത്രണം നടത്താമെന്നാലോ ചിക്കുന്ന പഴയ സമ്പ്രദായം മാറ്റി കൂടുതൽ കാര്യക്ഷമമായ തീരുമാനങ്ങൾ കൈക്കൊള്ളുന്ന എന്നുള്ളതാണു ഇതിൻെറ സവിശേഷത.കാരണം ഗ്രാമത്തേനന്നായറിയാവുന്നത് ഗ്രാമവാസികൾക്കാണല്ലോ. അവരുടെ ആവശ്യങ്ങളും, നിർദ്ദേശങ്ങളും പദ്ധതി നിർദ്ദേശങ്ങളുമായ് മാറുന്നതെ നിരവധി വിദഗ്ദൻമാരുടെ കൈകളിലൂടെയാണ്.

പദ്ധതിയിൽ അനുവദിക്കുന്ന തുകയും, വിഭവ സമാഹരണവും ജനപങ്കാളിത്വവും കൂടിചേരുമ്പോൾ പദ്ധതി ഗുണമേൻമയുള്ളതാകുന്നു. നിർമ്മാണപ്രവർത്തനങ്ങൾ സുതാര്യമായതിനാൽ അഴിമതിയുടെ കറ പുരളാത്ത , ചുവപ്പുനാടയുടെ കുരുക്കിൽ പ്പെടാത്ത പ്രവർത്തന ശൈലി രൂപം കൊള്ളുന്നു. പഞ്ചായത്തിലെ ഭരണസമിതിയംഗങ്ങൾ , സന്നദ്ധ പ്രവർത്തകർ , വിദഗ്ദർ , ഉദ്യോഗസ്ഥർ, ബഹുജനങ്ങൾ എന്നിവരെല്ലാം ഈ പദ്ധതിയുടെ ജീവനാഡികളണ്.

ജനകീയാസൂത്രണം ഒരു പരീക്ഷണമാണു നൂറുമേനി വിളയുമെന്ന് ആരു പ്രതീക്ഷി തക്കുകയില്ലല്ലോ .എങ്കിലും നാം ഇന്നഭീമുഖീകരിക്കുന്ന വികസനത്തിൻെറ നിശ്ചാലവസ്ഥയിൽ നിന്ന് മുന്നോട്ടു ചലിക്കാൻ ഈ പ്രവർത്തനങ്ങൾ പ്രേരകമാകുമെന്ന് നമ്മുക്കാഗ്രഹിക്കാം.




വീയപുരം ഗ്രാമപഞ്ചായത്ത്



എം. വിനോദ്കുമാർ
പ്രസിഡന്റ്



എസ്. വിജയൻ
സെക്രട്ടറി



സ്നേഹ സമ്പന്നരായ ആത്മമിത്രങ്ങളെ:

ഒൻപതാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള
നമ്മുടെപഞ്ചായത്തിന്റെ വികസനരേഖ
പഞ്ചായത്തു കമ്മറ്റിയുടെ അനുമതിയോടെ
സമർപ്പിക്കുകയാണ്.
ആത്മാർപ്പണത്തോടെ ഈ പ്രക്രിയയിൽ
പങ്കാളികളായ നല്ലവരായ എല്ലാ നാട്ടുകാരോടും ,
പ്രത്യേക പരിശീലകരോടുമുള്ള
ഹൃദയം നിറഞ്ഞ നന്ദി
അറിയിക്കുന്നതോടൊപ്പം
തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളോടുമുള്ള
ആത്മാർത്ഥ സഹകരണമുണ്ടാകണമെന്ന്
വിനീതമായ അഭ്യർത്ഥനയോടെ
സമൂല ചർച്ചകൾക്കും ഭേദഗതികൾക്കുമായി
സമർപ്പിച്ചു കൊള്ളുന്നു.

പ്രസിഡൻറ്


എം.വിനോദ്കുമാർ


ഉള്ളടക്കം

- വീയപുരം ഒരു രൂപരേഖ
- സംസ്കാരം
- കൃഷിയും ജലസേചനവും
- മത്സ്യബന്ധനം
- മൃഗസംരക്ഷണം
- വ്യവസായം
- വിദ്യാഭ്യാസം
- വനിത
- സാമൂഹ്യക്ഷേമം
- വിഭവസമാഹരണം
- ഭൂപ്രകൃതിയും വിഭവങ്ങളും
- സഹകരണം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- ഗതാഗതം


Printed at St. George Offset Edathua

വീയപുരം പഞ്ചായത്ത്







ഡോ. ജോൺ മത്തായി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




എം. ആർ. സുകുമാരപിള്ള
സാക്ഷരതാ കോർഡിനേറ്റർ



ആർ. ഗോപി
ഡി. ആർ. പി.




സുരേഷ്കുമാർ
ഡി. ആർ. പി.



സുധൻ. ടി. എസ്.
ഡി. ആർ. പി.



അൽഫോൻസാ ഫ്രാൻസിസ്
ഡി. ആർ. പി.



കെ. വി. ചാക്കോ
ഡി. ആർ. പി.

വീയപുരം ഒരു രൂപ രേഖ

കേരളത്തിൽ മദ്ധ്യതിരുവിതാംകൂറിന്റെ ഭാഗമായ കാർത്തികപ്പള്ളി താലൂക്കിന്റെ വടക്കു കിഴക്കു അരികു ചേർന്ന് ഒരു ഗ്രാമീണ കാർഷിക പ്രദേശമാണ് വീയപുരം പഞ്ചായത്ത്. ഒരു പകുതി ഓണാട്ടു കരയും മറുപകുതി മേലേ കുട്ടനാടും ഉൾപ്പെടുന്ന ഇവിടെ പഞ്ചായത്തും വില്ലേജും പേരിലും വിസ്തൃയിലും ഒന്നു തന്നെ.

താലൂക്ക് ആസ്ഥാനമായ ഹരിപ്പാട് നിന്ന് N.H 47, എം.സി റോഡുകളുടെ തിരുവല്ലയിലേക്കുള്ള ലിങ്ക് റോഡ് ഈ ഗ്രാമത്തിൽ കൂടി കടന്നു പോകുന്നു. ഹരിപ്പാടിന് രണ്ടു കിലോ മീറ്റർ വടക്കുള്ള തൃപ്പക്കുടം ക്ഷേത്രത്തിൽ നിന്ന് ഒന്നാം വാർഡ്,-വെള്ളം കുളങ്ങര തുടങ്ങുന്നു. തുടർന്ന് 2,3 വാർഡുകളടങ്ങിയ കാരിച്ചാൽ കരയിൽ കൂടി വരുമ്പോൾ പായിപ്പാട് ആറ് .ആറ്റിലെ പാലം കടന്ന് കയറുമ്പോൾ പായിപ്പാട് കര. -4-ാം വാർഡ് വടക്കു പമ്പാനദിയെത്തുമ്പോൾ വീയപുരം പാലം -കയറുന്നത് അഞ്ചാം വാർഡ് ലിങ്ക് റോഡിൽ കൂടി കിഴക്കോട്ട് തിരിഞ്ഞ് പമ്പാ നദിയുടെ വടക്കോട്ടുള്ള ഒരു കൈവഴിയിലെ പാലം കയറി ഇറങ്ങുമ്പോൾ 6-ാം വാർഡ് . രണ്ടു വാർഡുകളും കൂടിയ കര വീയപുരം പഞ്ചായത്ത് .ഗ്രാമ പഞ്ചായത്ത് ഈ പേരിൽ അറിയപ്പെടുന്നു. വീണ്ടും കിഴക്കോട്ട് നടന്നാൽ എരതോട് എത്തുന്നു. ഇവിടെ പഞ്ചായത്തും ,താലൂക്കും, ജില്ലയും അവസാനിക്കുന്നു. പാലം കടന്നാൽ പത്തനംത്തിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലെ നിരണം പഞ്ചായത്ത്.

ഹരിപ്പാട്ട്, വീയപുരം പാലത്തിനു തൊട്ടു തെക്കു ഭാഗത്തനിന്ന് കിഴക്കോട്ട് വീയപുരം മാന്നാർ റോഡ്. ഏതാണ്ട് 200 മീ. കിഴക്കു മാറി അച്ചൻകോവിലാറിന്റെ പമ്പയുമായുള്ള സംഗമ സ്ഥാനം. ആറിനു കുറുകെ തുരുത്തേൽ കടവു പാലം . പാലം കഴിഞ്ഞാൽ 7, 8

വാർഡുകൾ ഉൾക്കൊള്ളുന്ന മേല്പാടം കര, മേല്പാടത്തിന്റെ കിഴക്കേ അതിർത്തി എലമ്പനം തോട്ടിൽ അവസാനിക്കുന്നു. ഈ തോട്ടിലെ വള്ളക്കൂലിപ്പാലത്തിനുമപ്പുറം ചെങ്ങനൂർ താലൂക്കും , മാന്നാർ പഞ്ചായത്തും .

പഞ്ചായത്തിന്റെ തെക്ക് അരികു ചേർന്ന് നെൽവയലുകളുടെ നടുവിലൂടെ അച്ചൻ കോവിലാറൊഴുകുന്നു. മറുകര പള്ളിപ്പാട് പഞ്ചായത്ത്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ചെറുതന പഞ്ചായത്ത്. ഈ രണ്ടു പഞ്ചായത്തുകളും കാർത്തികപ്പള്ളി താലൂക്കിൽ തന്നെ . വടക്ക് കുട്ടനാട് താലൂക്കിലെ എടത്വാ പഞ്ചായത്ത്.

പമ്പയുടെയും അച്ചൻകോവിലാറിന്റെയും ഇരുകരകളിലായി കിടക്കുന്ന ഒരു പ്രദേശമാണ് വീയപുരം പഞ്ചായത്ത്. എല്ലാ കരകളിലൂടെയും ഈ ആറുകളുടെ ഒരു കൈവഴിയെങ്കിലും ഒഴുകുന്നു. കരഭൂമിയേക്കാളേറെ വയലേലകൾ ഉള്ള ഈ പഞ്ചായത്ത് കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന്റെ ഒരു ഭാഗം കൂടിയാകുന്നു.

മഹാഭാരത കഥയിലെ ബകാസുരന്റെ ആസ്ഥാനമായിരുന്ന ബകപുരമാണ് കാലക്രമത്തിൽ രൂപാന്തരപ്പെട്ട് വീയപുരം ആയതെന്നു പരക്കെ വിശ്വസിക്കുന്നു. കുന്തിയും മക്കളും അജ്ഞാതവാസം നടത്തിയ ഏകചക്രയാണ് ഇന്നത്തെ കാർത്തികപ്പള്ളി എന്നും ഐതീഹ്യവും തൊട്ടടുത്ത പ്രദേശങ്ങളായ ആയാപറമ്പ് (ചെറുതന) ഊട്ടുപറമ്പ് (കരുവാറ്റ) പാണ്ഡവൻ കാവ് (മുതുകുളം) ഏവൂർ, പത്തിയൂർ കണ്ടല്ലൂർ, മണ്ണാറശാല തുടങ്ങിയ സ്ഥലങ്ങളുമായ് ബന്ധിപ്പിച്ച് പറയപ്പെടുന്ന പാണ്ഡവപുരാണങ്ങളുമൊക്കെ ഈ ഐതീഹ്യത്തെ ബലപ്പെടുത്തുന്നു. മഹാഭാരത കാലമായ ബി.സി 2000-3000 കാലഘട്ടത്തിൽ 1-2-3-4-വാർഡുകൾ വനപ്രദേശങ്ങൾ ആയിരുന്നതാകാനാണ് സാധ്യത. ഈ പ്രദേശങ്ങളിൽ മിക്കസ്ഥലത്തും കണ്ടാമരങ്ങളുടെ സാന്നിദ്ധ്യം മറ്റൊരു തരത്തിൽ വിശദീകരിക്കാനാവില്ല. 6-7-8 വാർഡുകൾ രഘുവംശത്തിൽ കാളിദാസൻ വിവരിച്ച പമ്പാസരസ്സിന്റെ ഭാഗമായ വെള്ളക്കെട്ടുകളായിരുന്നിരിക്കണം.ഈ വെള്ളക്കെട്ടുകൾ പുരാതന തുറുമുഖങ്ങളായിരുന്ന കടപ്ര, നിരണം വരെ എത്തിയിരുന്നു. ഈ പ്രദേശങ്ങൾ ഇന്നത്തെ രൂപത്തിൽ ആകാൻ തുടങ്ങിയത് കടൽ പിറകോട്ടിയ ചേരൻ ചെങ്കട്ടവന്റെ (ചെങ്കട്ടവൻ പെരുമാൾ) കാലത്ത് കടൽ പിൻവാങ്ങിയാണ് എന്നു ചരിത്രകാരൻമാർ പറയുന്നു. ഏ.ഡി. 10-ാം ശതകത്തിന്റെ അവസാനത്തോടുകൂടി ഈ പ്രദേശങ്ങൾ ഇന്നത്തെ രൂപത്തിലാവുകയും പമ്പയാറ് പരുമല മുതലും അച്ചൻകോവിലാറ് മാവേലിക്കര മുതലും ഇന്നത്തെ ഭാവം കൈവരിക്കുകയും ചെയ്തു. ഈ രണ്ടു നദികളുടെയും ഇരുവശങ്ങളിലുമുള്ള തടങ്ങൾ കൃഷിഭൂമികളായപ്പോൾ അവിടേക്കു കുടിയേറ്റവും ആരംഭിച്ചു. ഈ കുടിയേറ്റ പ്രദേശത്തിന്റെ സവിശേഷത എടുത്തു പറയേണ്ടതുണ്ട്. നിരണം,

കടപ്ര, മാന്നാർ, പ്രദേശങ്ങളുടെ പടിഞ്ഞാറുനിന്ന് വീയപുരം പഞ്ചായത്തിന്റെ 6, 7, 8 വാർഡുകൾ വ്യാപിച്ചു കിടക്കുന്ന ഈ ഭാഗത്ത് ഇന്നും സവർണ്ണ ഹിന്ദുക്കളുടെ അധികവാസം ഇല്ലായെന്നു പറയാം.

ഫലഭൂയിഷ്ടമായ ഒരു പ്രദേശമായിരുന്നതു കൊണ്ട് ഇവിടെ വയസ്ക്കര, ഒളശ്ശ, പുത്തിയിൽ മഠങ്ങൾ, പനയന്നാർ കാവ് ദേവസ്വം , ആമ്പക്കാട്ട്, വരിക്കോലിൽ നായർ തറവാടുകൾ, ഇവർക്കൊക്കെ കരംഒഴിവായി നെല്പാടങ്ങൾ തിരുവിതാംകൂർ മഹാരാജാവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

വനപ്രദേശങ്ങളായിരുന്ന പ്രദേശങ്ങൾ അധിവാസ കേന്ദ്രമാക്കുന്നതും ഏതാണ്ടിതേ സമയത്തു തന്നെയാണ്. ഏ.ഡി 984 (കൊല്ല വർഷം 159-ൽ) കാർത്തികപ്പള്ളി ഓടനാട് (ഇന്നത്തെ ഓണാട്ടുകര) രാജാവ് പിടിച്ചടക്കിയതോടെയാണ് വനങ്ങൾ വെട്ടി ഇതിനാരംഭംമിട്ടത്. രാജാവ് ഏ.ഡി. 1424-ൽ കായംകുളത്തേക്കു തലസ്ഥാനം മാറ്റി രാജ്യത്തിന്റെ പേർ കായംകുളം എന്നാക്കിയപ്പോൾ വീയപുരംകാരും കായംകുളം രാജ്യത്തിന്റെ പ്രജകളായി. ഏ.ഡി. 1744-ൽ (കൊല്ല വർഷം 919-ൽ) മാർത്താണ്ഡ വർമ്മ കായംകുളം തിരുവതാംകൂറിനോടുചേർത്തപ്പോൾ വീയപുരം തിരുവതാംകൂറുകാരും 1957-ൽ കേരളീയരുമായി .

കരകൾ കൂടുകയും നദികളുടെ വിസൃതി കുറയുകയും ചെയ്തപ്പോൾ പമ്പ, അച്ചൻകോവിൽ നദികൾ ഒഴുകികൊണ്ടിരുന്നതു പോലെ വടക്കോട്ട് വീയപുരത്തുനിന്ന് ഒഴുകുവാൻ സാധിക്കാതെ വരുകയും ഒരു വെള്ളപ്പൊക്ക കാലത്ത് അച്ചൻകോവിലും പമ്പയും ചേരുന്ന തുരുത്തേൽ വച്ച് ഒരുമിച്ചുകിടന്നിരുന്ന വീയപുരം പായിപ്പാട്കരകളെ വേർതിരിച്ചുകൊണ്ട് അച്ചൻകോവിലാറും പടിഞ്ഞാറേക്കു പ്രവഹിച്ചു. വീയപുരത്തു കര മുറിച്ചൊഴുകിയ ഭാഗത്തെ ഇന്നും മുറിഞ്ഞ പുഴയെന്നു പറയുന്നു.

കാടുതെളിച്ച് കുടിയേറിയവരും, കൃഷി ഭൂമി കൈയ്യടക്കി കുടിയേറിയവരും ഒട്ടേറെപ്പേർ ആയിരുന്നു വെങ്കിലും തമ്മിൽ നിലനിന്നിരുന്ന സൗഹാർദ്ദം കൊണ്ടും സ്വയം പര്യാപ്തമായ ഒരു പ്രദേശമായിരുന്നതു കൊണ്ടും വളരെ ശാന്തമായ ഒരു അന്തരീക്ഷം ആയിരുന്നു ഈ പ്രദേശത്തുടനീളം നിലനിന്നിരുന്നത്. എല്ലാ മതസ്ഥരുമുണ്ടങ്കിലും സ്നേഹത്തിലും സാഹോദര്യത്തിലും അവർ കഴിഞ്ഞു പോകുന്നു. ഇതിന് ഉത്തമ ഉദാഹരണമാണ് വെള്ളംകുളങ്ങര പ്രദേശവും ദേവീ ക്ഷേത്രവും .ഈ പ്രദേശത്തെ ഏതു മതവിഭാഗത്തിലുള്ളവർ മരിച്ചാലും ശവസ്സ്ക്കാരം കഴിയുന്നതു വരെ ക്ഷേത്രത്തിൽ പൂജകൾ നടത്തുകേയേ ഇല്ല എന്ന പതിവ് ഇന്നും അഭംഗുരം തുടരുന്നു. എന്നത് ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

11-ൽപരം ഹിന്ദു ക്ഷേത്രങ്ങളും,

10-ൽ ലധികം ക്രിസ്ത്യൻ പള്ളികളും പ്രാർത്ഥനാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. എടുത്തു പറയേണ്ട ഒരു ക്ഷേത്രമാണ് പായിപ്പാട് ഉണ്ണി ശങ്കരി ദേവീ ക്ഷേത്രം. പുലയ സമുദായം വകയായ ഈ ക്ഷേത്രത്തിൽ പൂജാരിയും പുലയനാണ്. ബ്രാഹ്മണൻ ഉപദേശിച്ചിരുന്ന മന്ത്രങ്ങളും പൂജാവിധികളും കൊണ്ട് പൂജ നടത്തി പോരുന്ന ഈ ക്ഷേത്രത്തിന് ആവശ്യമായ സ്ഥലം നല്കിയത് താഴൂർ മഠത്തിലെ ഒരു ബ്രാഹ്മണനാണ്. ആരാധാന മൂർത്തിയായിരുന്ന ധർമ്മ ശാസ്താവിനെ പ്രതിഷ്ഠിച്ച് ബകൻ നിർമ്മിച്ചതാണ് വീയപുരം ക്ഷേത്രം എന്നു വിശ്വസിക്കപ്പെടുന്നു. ചിലന്തിയെ പരദേവതയായി പൂജിക്കുന്ന ഒരു ക്ഷേത്രവും വെള്ളംകുളങ്ങരയിലുണ്ട്.

കഴിഞ്ഞ ഒരു നൂറ്റാണ്ട് നാടെങ്ങും പരിവർത്തനങ്ങളുള്ളവാക്കിയപ്പോൾ അതു വീയപുരത്തും അനുഭവപ്പെട്ടു. ദേശീയ സ്വാതന്ത്ര്യ സമരങ്ങളുടെ അനുരണനങ്ങൾ ഇവിടെയും എത്തുകയുണ്ടായി . ദിവാൻ സർ.സി.പി. യുടെ, യുടെ വിലക്കുകൾ ലംഘിച്ചുകൊണ്ട് ആവേശോജ്ജ്വലമായ യോഗങ്ങളും പ്രകടനങ്ങളും നടക്കുകയുണ്ടായി. ഇതിനു വീയപുരത്തുകാർ കണ്ടെത്തിയ മാർഗം വള്ളംകളിയായിരുന്നു. വീയപുരത്തു നിന്നും അതിനുചുറ്റുമുള്ള പ്രദേശങ്ങളായ മാന്നാർ, എടത്വാ, പള്ളിപ്പാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ചുണ്ടൻ വള്ളങ്ങൾ മറ്റു കളി വള്ളങ്ങൾ, യാത്രാ വള്ളങ്ങൾ, കെട്ടു വള്ളങ്ങൾ ഇവയിൽ ഒക്കെയായി ആയിരങ്ങൾ ആവേശതിമിർപ്പിൽ ജല ഘോഷയാത്രയും പ്രകടനവുമായി കാരിച്ചാൽ കടവിലും മേല്പാടം ആകേരി മുഴങ്ങിലും നടത്തിയ യോഗങ്ങൾ പ്രസ്താധ്യമാണ്. അന്നു സ്വാതന്ത്ര്യ സമരനേതാക്കളായ പട്ടം. സി. കേശവൻ , ടി. എം. വർഗീസ് . ആനിമസ്ക്രീൻ, ഈ ജോൺ ഫിലിപ്പ് പാണ്ഡവത്തു ശങ്കരപ്പിള്ള തുടങ്ങിയവർപങ്കെടുത്തിരുന്നു.

ആമ്പക്കാട്ടു നാരായണപ്പിള്ള- ഈ ജോൺ ഫിലിപ്പ് (ഇദ്ദേഹം തിരുവിതാംകൂർ മന്ത്രി സഭയിൽ പിന്നീട് അംഗങ്ങമായി.) കവറാട്ടു ഡി. വർഗീസ് , പട്ടേരിപുരയ്ക്കൽ പി.സി. മാത്യു. അദ്ദേഹത്തിന്റെ സഹോദരൻ പി.സി. ജോസഫ് (പിന്നീട് വീയപുരം പഞ്ചായത്തു പ്രസിഡൻറായി) തെക്കു പുത്തൻ പുരയിൽ ഇടുക്കളയിൽ തോമസ് , പരുവേലിൽ ഇടുക്കള ചാക്കോ ചെങ്ങളത്ത് രാമകൃഷ്ണപ്പിള്ള (പിന്നീട് എം.എൽ. എ .യും വീയപുരം പഞ്ചായത്തു പ്രസിഡൻറും) കൊച്ചു പുരയ്ക്കൽ ഗോപാലൻ -തിരുമനശ്ശേരിൽ പത്നാഭൻ നായർ, വരീക്കോലിൽ മാധവൻപ്പിള്ള തുടങ്ങിയവർ ഈ സമരങ്ങളിൽ വീയപുരത്തിന് നേതൃത്വം നൽകിയ വരാണ്.

കർഷകരും കർഷകതൊഴിലാളികളും ആദ്യമായി കേരളത്തിൽ സംഘടിതാ ശക്തികളായപ്പോൾ കാർത്തികപ്പള്ളി താലൂക്കിന്റെ മുൻ പന്തിയിൽ നിന്നതും വീയപുരമായിരുന്നു.ഒട്ടേറെ. കർഷക തൊഴിലാളി സമരങ്ങൾ നടന്ന ഒരു പ്രദേശമാണിത്.

വിദ്യാഭ്യാസപരമായി ഈ പഞ്ചായത്ത് വളരെ മുൻപന്തിയിലാണ്. ഒരു ഹൈസ്ക്കൂളും അഞ്ച് യു. പി. സ്ക്കൂളുകളും അഞ്ച് എൽ. പി സ്ക്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. ഇതിൽ നൂറ്റാണ്ടു പഴക്കമുള്ള രണ്ട് എൽ. പി സ്ക്കൂളുകൾ ഉൾപ്പെടുന്നു. സാക്ഷരതാ പ്രവർത്തനത്തിലും വളരെ മുന്തിയ പ്രവർത്തനമായിരുന്നു വീയപുരം പഞ്ചായത്തിനേറത്. രണ്ടാം ഘട്ട പ്രവർത്തനത്തിൽ ജില്ലയിൽ രണ്ടാം സ്ഥാനവും അതിനുള്ള അവാർഡായ ഒരു ലക്ഷം രൂപയും പഞ്ചായത്ത് നേടുകയുണ്ടായി. ഏറ്റവും നല്ല സാക്ഷരതാ പ്രവർത്തകനുള്ള സമ്മാനവും ലഭിച്ചതും ഈ പഞ്ചായത്തിന്റെ ശ്രീ. കെ. വി. തോമസിനാണ്.രണ്ടാംഘട്ടത്തിൽ ഏറ്റവും നല്ല കോ-ഓർഡിനേറ്റർ എന്ന ബഹുമതി ക്കർഹനായത് എം.ആർ. സുകുമാര പിള്ളയാണ്. വിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരങ്ങളിൽ എത്തപ്പെട്ട ഒട്ടേറേ പേർ ഈ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആദ്യ ബിരുദധാരികൾ 1920 കളിൽ ബിരുദം നേടുകയുണ്ടായി സാഹിത്യ, കലാ-കായിക രംഗങ്ങളിൽ പ്രതിഭാധനരായ ഒട്ടേറേ പേർ വീയപുരം പഞ്ചായത്തിന്റെ സംഭാവനയായിട്ടുണ്ട്. ഇടശ്ശേരിൽ ഡി. കെ. നീലകണ്ഠൻ നായർ ചെമ്പ്ര കൊട്ടാരത്തിൽ സ്വാതിതിരുനാൾ തമ്പുരാട്ടി, ആർ.കെ. കൊട്ടാരം തുടങ്ങിയവർ പഴയ തലമുറയിൽ സാഹിത്യ രംഗത്തു പ്രശസ്തരായിരുന്നു.

കഥകളി , നാടകരംഗങ്ങളിൽ പ്രശസ്തരായ സഹോദരങ്ങളാണ് രാധികാ വർമ്മ,രാജീവ് വർമ്മ , രമേശ് വർമ്മ എന്നിവർ. കനോയി കയോകിംഗ് വിഭാഗത്തിൽ ബീജിംഗ് , ഹിരോഷിമ, ജക്കാർത്ത ഏഷ്യാഡുകളിൽ പങ്കെടുത്ത സ്വർണ്ണ മെഡൽ നേടിയവരാണ് ജോൺ വർഗീസും(കുന്നത്തു കിഴക്കേതിൽ) ഷിബു തോമസ് കറുകയിലും..

ചികിൽസാ രംഗത്തും ഒട്ടേറെ പ്രതിഭാധനനർ വീയപുരത്തിന്റെ സന്തതികളാണ്. ചെമ്പ്രോൻ കൊട്ടാരത്തിലെ ശ്രീ. രാജ വർമ്മ കൊച്ചു രാമൻ വൈദ്യർ, ശ്രീ കൃഷ്ണ വൈദ്യർ, ഒറ്റമൂലിയൽ അദ്വിതീയനായിരുന്ന അയ്യങ്കാളി എന്നിവർ ആയൂർവേദരംഗത്ത് ഏറെ ശോഭിച്ചിരുന്നവരായിരുന്നു. ആമ്പക്കാട്ട് പരമേശ്വരൻ പിള്ള ഹോമീയോപ്പതിയിലും, ഡോ: കെ. ഒ. ഉമ്മൻ , ഡോ: കെ. ജി . കൃഷ്ണൻ നമ്പൂതിരി , ഡോ: കെ. സി. ജോൺ ഇവർ അലോപ്പതിയലും ആരംഗത്ത് അപൂർമായി മാത്രം ആളുകൾ ഉണ്ടായിരുന്നപ്പോൾ തങ്ങളുടെ കഴിവുകൾ തെളിയിച്ചവരാണ്.

ഭരണരംഗത്തും ഉദ്യോഗസ്ഥതലത്തിലും ആതുര സേവന രംഗത്തും പ്രശസ്തരും പ്രഗ്ഭരും ആയ ഒട്ടേറെപ്പേർ വീയപുരം പഞ്ചാത്തിൽ നിന്നുണ്ടായിട്ടുണ്ട്. പക്ഷേ,. നിർഭാഗ്യവശാൽ പലരുടെയും സേവനങ്ങൾ പഞ്ചായത്തിനു പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ലഭിച്ചതുമില്ല.

തിരുവതാംകൂർ രാജാക്കൻമാരുടെ

കാലത്താണ് തടി സംഭരണ കേന്ദ്രങ്ങളി ലൊന്നായ തടി ഡിപ്പോയും, പോലീസ് സ്റ്റേഷനോടു കൂടിയ പകുതി കച്ചേരി (വില്ലേജ് ഓഫീസും) തുടങ്ങിയത്. അതേപോലെതന്നെ , ഹരിപ്പാട്, മാന്നാർ, നിരണം മുതലായ പ്രദേശങ്ങൾ കഴി ഞ്ഞാൽ സമീപപ്രദേശങ്ങളിൽ തിരുവ താംകൂർ അഞ്ചലാപ്പീസും തുടങ്ങിയത് ഈ പഞ്ചായത്തിലെ മേൽപ്പാടത്താ യിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ മൂന്നു പോസ്റ്റ് ഓഫീസുകൾ പ്രവർത്തി ക്കുന്നു. രണ്ട് സ്റ്റേ ബാങ്കുകളും രണ്ടു സഹകരണ സൊസൈറ്റികളും നാലു ക്ഷീര വികസന സഹകരണ സംഘങ്ങളും ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്. കൃഷി ഭവൻ, പ്രാഥമിക ആരോഗ്യ കേന്ദ്രം , മൃഗാശുപത്രി, അംഗൻ വാടികൾ , ജില്ലാ സീഡ് ഫാം എന്നിവയും പഞ്ചായത്താ ഫീസിനോടെപ്പമുള്ള സ്ഥാപനങ്ങളാണ്. തീരദേശ റെയിൽവേയും കടന്നു പോകു ന്നുണ്ട് ഈ പഞ്ചായത്തിലൂടെ.

നദികളും, പാടശേഖരങ്ങളും , പരുത്തിക്കാടുകളുമുള്ള വീയപുരവും സമീപപ്രദേശങ്ങളും ശുദ്ധജല മത്സ്യ ങ്ങളുടെ ഒരു പ്രധാന ആവാസ പ്രജനന കേന്ദ്രമായാണ് ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ അറിയപ്പെടുന്നത്.

നദികളും പാടശേഖരങ്ങളും ചെറിയതോടുകളും കുളങ്ങളും കൊണ്ട് അനുഗ്രഹീതമാണ് വീയപുരം. അനു ഷ്ഠാന വള്ളംകളി കേരളത്തിൽ നടക്കുന്നത് മൂന്നു സ്ഥലങ്ങളിൽ ആണ്. ഹരിപ്പാട്ട് സുബ്രമണ്യസ്വാമീ ക്ഷേത്ര ത്തിലെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട് ഓണ ദിവസങ്ങളിൽ നടത്തപ്പെടുന്ന പായിപ്പാട് ജലോൽസവത്തിന് മറ്റൊരു പ്രധാന്യംകൂടിയുണ്ട്. ലോകത്താകമാനം നോക്കിയാൽ ഒരിടത്തും മൂന്നു ദിവസം വള്ളം കളിയില്ല. വീയപുരത്തും പരിസര പ്രദേശങ്ങളിലും ഒരു കാലത്ത് 10 കരക്കാർക്കും ചുണ്ടൻ വള്ളങ്ങൾ ഉണ്ടായിരുന്നു. ഇതോടെപ്പം പല വിധ ചെറിയ കളി വള്ളങ്ങളും ഉണ്ടായി രുന്നതായി പറയപ്പെടുന്നു. പ്രസിദ്ധ ങ്ങളായ വെള്ളം കുളങ്ങര, കാരിച്ചാൽ , പായിപ്പാട് , ചുണ്ടൻ വള്ളങ്ങൾ ഈ പഞ്ചായത്തിലാണ്. പായിപ്പാട് ജലോൽ സവ സമിതിക്ക് പരിമിതമായ സൗകര്യ ങ്ങളോടു കൂടിയ ഒരു സമിതി ഓഫീസും അതോടു ചേർന്ന് കുറച്ചു സ്ഥലവുമുണ്ട്. മുൻകാലങ്ങളിൽ വച്ചു പാട്ടിനു മാത്രം പ്രധാന്യം കൊടുത്തു നടത്തയി രുന്ന പായിപ്പാട്ടു വള്ളംകളി ഇപ്പോൾ കൊല്ലംതോറും ഓണ നാളുകളിൽ മത്സര വള്ളം കളിയായി നടത്തി വരുന്നു.വിദേശ ടൂറിസ്റ്റുകൾ ഉൾ പ്പെടെ ധാരാളം പേർ വള്ളം കളി കാണാ നെത്തുന്നു. പഞ്ചായത്തു ഭരണ സമിതി കളുടെ ചരിത്രം കൂടി ഇവിടെ ചേർക്കേ ണ്ടതുണ്ട്. തെരെഞ്ഞെടുപ്പു സംവീ ധാനം ഉണ്ടാകുന്നതിനു മുമ്പ് സർക്കാർ നിർദ്ദേശിക്കുന്ന ഓരോ കരയിലെയും പ്രമുഖർ ഉൾപ്പെട്ടഗ്രാമസഭകൾ ഉണ്ടായി രുന്നു.

1) ചെങ്ങളത്തു രാമകൃഷ്ണപിള്ള

2) അമ്പാട്ടു നാരായണപിള്ള

3) എം. ഫിലിപ്പ്

4) തിരുമനശ്ശേരിൽ പത്മനാഭൻ നായർ

5) കെ. ജെ. എബ്രഹാം

6) പി. സി. ജോസഫ്

എന്നിവരായിരുന്നു അന്ന് പഞ്ചായത്തിനെ നയിച്ചുകൊണ്ടിരുന്നത്.

പിന്നീട് തെരെഞ്ഞെടുക്കപ്പെട്ട സമിതികളിൽ വിവിധ ഘട്ടങ്ങളിലായി താഴെ പറയുന്നവർ പഞ്ചായത്തിനെ നയിച്ചിരുന്നു.

1) ശ്രീ. പി.സി. ജോസഫ്

2) ശ്രീ. എം. മാത്യൂസ്

3) ശ്രീ. വിക്രമൻ പിള്ള

4) ശ്രീ.വി.എൻ. രാമചന്ദ്രൻ പിള്ള

5) ശ്രീ. പി.റ്റി.ജോൺ

ഇപ്പോഴത്തെ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. എം.വിനോദ് കുമാർ

ആലപ്പുഴ ലോക്സഭാ മണ്ഡലത്തിലുൾപ്പെട്ട വീയപുരം ഗ്രാമ പഞ്ചായത്ത് ഇപ്പോൾ കുട്ടനാടു നിയമസഭാ മണ്ഡലത്തിലാണെങ്കിലും മുൻപ് ഹരിപ്പാട് നിയോജക മണ്ഡലത്തിലായിരുന്നു. ഈ പഞ്ചായത്തിൽപ്പെട്ട ശ്രീ ചെങ്ങളത്തു രാമകൃഷ്ണപിള്ള ഹരിപ്പാടിനെയും ശ്രീ. ഈ . ജോൺ ജേക്കബ്ബ് തിരുവല്ലായെയുംപ്രതീനിധീകരിച്ച് നിയസഭയിൽ അംഗങ്ങളായി. എന്നാൽ ശ്രീ. ഇ . ജോൺ ജേക്കബ്ബിൻെറ സഹോദരൻ ശ്രീ. ഈ . ജോൺ ഫീലിപ്പോസിനെ പോലെ കേരള മന്ത്രിസഭയിൽ അംഗമാകാനും സാധിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും പ്രകൃതി രമണീയമായ ഈ പഞ്ചായത്ത് വികസനരംഗത്ത് വളരെ പിന്നിലാണ്. സാദ്ധ്യതകൾ ഒട്ടേറെയുണ്ട് .പരിമിതികളും .

സംസ്കാരം

പമ്പയാറും അച്ചൻകോവിലാറും ഈ പഞ്ചായത്തിൽ സംഗമിച്ച് കൈവഴികളായി ഒഴുകുന്നു.വയലേലകൾക്കൊപ്പം ധാരാളം ആറുകളും തോടുകളും കൊണ്ട് രമണീയമായ വീയപുരം പഞ്ചായത്തിന്റെ മദ്ധ്യേ ഒഴുകുന്ന പായിപ്പാട് ആറ്റിൽ നൂറ്റാണ്ടുകളായി നടന്നു വരുന്ന ചരിത്ര പ്രസിദ്ധമായ പായിപ്പാട് ജലോത്സവമാണ് ഇവിടുത്തെ സാംസ്ക്കാരിക രംഗത്ത് മുൻപന്തിയിൽ. . അതിന് അനുബന്ധമായി വള്ളം തുഴയുന്ന ക്ലബുകൾ മിക്കവാർഡുകളിലും നിലവിൽ ഉണ്ട്. ഹരിപ്പാട് ക്ഷേത്രത്തിലെ പ്രതിമാസ്മാരകവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ഈ ജലോത്സവം ചിങ്ങമാസത്തിലെ തിരുവോണം, അവിട്ടം , ചതയം നാളുകളിൽ നടന്നു വരുന്നു. ആ ദിവസങ്ങളിൽ കാർഷികമേള സംഘടിപ്പിച്ചും അന്യം നിന്നു പോകുന്ന വഞ്ചിപ്പാട്ട് അതിന്റെ തനതായ ശൈലിയിൽ അവതരിപ്പിച്ചും പോരുന്നു.

കേരളത്തിലെ പ്രശസ്തമായ മൂന്നു ചുണ്ടൻ വള്ളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വെള്ളംകുളങ്ങര, പായിപ്പാട് , കാരിച്ചാൽ, വെയ്പ് വള്ളങ്ങളിൽ പട്ടേരിപ്പുരയും ചെറിയ കളിവള്ളങ്ങൾ വേറെയും ഉണ്ട്. ഈ വള്ളങ്ങൾ പ്രധാന മത്സരങ്ങളിൽ വിജയങ്ങൾ നേടിയുണ്ട് .

ഈ പഞ്ചായത്തിൽ പതിനഞ്ചോളം കലാ-കായിക സമതികൾ പ്രവർത്തിക്കുന്നുണ്ട്. വളരെ പഴക്കമുള്ള V-ാം വാർഡിലെ ഗ്രന്ഥശാല സംരക്ഷണമില്ലാത്തതിനാൽ കെട്ടിടം വീഴാറായ സ്ഥിതിയാണ്. പ്രവർത്തനം നിലച്ചതിനാൽ പുസ്തകങ്ങളും നശിച്ചു കൊണ്ടിരിക്കുന്നു. കായിക രംഗത്ത് വളരെ പിന്നോക്കവസ്ഥയാണ്. അതിനുപറ്റിയ കളിസ്ഥലങ്ങളുടെ അപര്യാപ്തതയാണ് മുഖ്യകാരണം.IV-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സാംസ്കാരിക നിലയത്തിന്റെ സ്ഥലം ഭാഗീകമായി നല്കിയത് കാഞ്ഞിരത്തിൽ മൂട്ടിൽ ശങ്കരൻ നായർ അവർകളാണ്.

നെൽകൃഷി ധാരാളം ഉള്ള വീയപുരം പഞ്ചായത്തിൽ ഞാറ്റുപാട്ടും കൊയ്ത്തുപാട്ടുംധാരാളമായി പഴയ കാലങ്ങളിൽ ഉണ്ടായിരുന്നു. അവയൊക്കെ ഇന്ന് അപ്രത്യക്ഷമായി കൊണ്ടി

രിക്കുകയാണ് . ഗ്രാമങ്ങളിൽ ഇപ്പോഴും വീട്ടു മുറ്റങ്ങളിൽ തിരുവോണ നാളുകളിൽ കണ്ടു വരുന്ന തിരുവാതിരയും ഏകീകരിച്ച് രംഗത്തു കൊണ്ടു വരാനുള്ള ശ്രമങ്ങൾ ഒന്നും നടന്നിട്ടില്ല. കാര്യമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ഇല്ലന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

വീയപുരം പഞ്ചായത്തിൽ നടന്നു വരുന്ന പായിപ്പാട് ജലോത്സവം പഴയ കാല പ്രതാപം നഷ്ടപ്പെടുവാൻ ഇടവരാതെ പ്രോത്സാഹിപ്പിക്കണം. വള്ളംകളിക്ക് സർക്കാരിൽ നിന്നും കൂടുതൽ ധനസഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവണം. വള്ളംകളിയുടെ ദൃക് സാക്ഷി വിവരണം ആകാശവാണി നടത്തിയിരുന്നത് ഇപ്പോൾ നിർത്തിയിരിക്കുകയാണ്. T.V യിൽ തൽസമയ സംപ്രേക്ഷണം നടത്തുവാൻ ആവശ്യമുന്നയിച്ചിരിക്കുകയാണ് . ഈ നടപടി അതിനാൽ ജലമേളയുടെ പ്രധാന്യം കണക്കിലെടുത്ത് ധാരാളം ചുണ്ടൻ വള്ളങ്ങളും വെയ്പ്, ഇരുട്ടുകുത്തി ചുരുളൻ വള്ളങ്ങളും ഈ ജലമേളയിൽ പങ്കെടുക്കുന്നു. ടൂറിസ്റ്റുകളെ കൂടുതൽ പങ്കെടുപ്പിക്കാനുള്ള നീക്കങ്ങൾ, വാട്ടർ സ്റ്റേഡിയം നിർമ്മാണം .ചുണ്ടൻ വള്ളങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ സാമ്പത്തിക സഹായം , ബോട്ട് ക്ലബുകൾ , അർഹമായ പ്രോത്സാഹനം തുടങ്ങിയവ സർക്കാരിൽ നിന്നും ഉണ്ടാവണം. കായിക രംഗത്ത് വള്ളംകളിക്ക് പ്രധാന്യം ഉണ്ടാവണം എങ്കിൽ മാത്രമേ വള്ളങ്ങളുടെ സംരക്ഷണവും ബോട്ട് ക്ലബുകളുടെ പ്രവർത്തനവും സുഗമമായി നടക്കുകയുള്ളൂ.

വായനശാല, ഗ്രന്ഥശാല, ക്ലബുകൾ കലാസ്ഥാപനങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇവയിൽ പിന്നോക്കം നിൽക്കുന്ന VI, VII, VIII വാർഡുകളിൽ ജനങ്ങളുടെ സാസ്ക്കാരിക വളർച്ചയ്ക്കായി നടപടികൾ ഉണ്ടാവണം. കായിക വളർച്ചയ്ക്കായി കളിസ്ഥലങ്ങൾ ഇല്ലന്നുള്ള അവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിനായി പഞ്ചായത്തിൽ ഉപയോഗശൂന്യമായ കുളങ്ങളും, മിച്ചഭൂമിയും ഇതിനായി കണ്ടെത്തി യോഗ്യമാക്കിയെടുക്കണം.

നാടൻ കലകൾ, നാടൻ പാട്ടുകൾ, നാടൻകളികൾ,ഇവ പ്രോത്സാഹിപ്പിക്കുന്നതിന് സമിതികൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം നടത്തുന്നതിന് സൗകര്യമായി കെട്ടിടങ്ങൾ ഉണ്ടാക്കുകയും കലാസംഘടനകളിലൂടെ സാമൂഹ്യപദ്ധതികൾ നടപ്പിലാക്കുകയും സ്ത്രീകളെ സംഘടിപ്പിച്ച് മഹിളാലയങ്ങൾ നിർമ്മിച്ച് പഠന ക്ലാസുകളും ബോധവൽക്കരണ സെമിനാറുകളും നടത്തുക.

ക്ലബുകളുടെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ കലാ-കായിക മത്സരങ്ങളും ബോധവൽ

ക്കരണവും നടത്തുകയും പ്രചാരത്തിലുള്ള നാടൻ പാട്ടുകൾ,വള്ളപ്പാട്ടുകൾ, കൊയ്ത്തു പാട്ടുകൾ, ലളിത ഗാനങ്ങൾ, സംഘഗാനങ്ങൾ, ശാസ്ത്രീയ ഗാനങ്ങൾ, അറബനമുട്ട് , മാർഗ്ഗം കളി , മാപ്പിളപ്പാട്ടുകൾ, കോൽക്കളി, കഥകളിപദങ്ങൾ, കവിതകൾ മുതലായവ വരും തലമുറയ്ക്ക് വേണ്ടി പഞ്ചായത്തു മുഖേന പഠിപ്പിച്ചെടുക്കുകയും അവതരിപ്പിക്കുകയുംചെയ്യുക.താളമേളങ്ങൾ, ചിത്രകല , വാസ്തുശില്പ കലകൾ മുതലായവയെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.വീയപുരം പഞ്ചായത്തിൽ പതിനൊന്ന് ക്ഷേത്രങ്ങൾ ഉണ്ട്. എട്ട് ക്രിസ്ത്യൻ പള്ളികളും ഉണ്ട്, 6-ൽ പരം പ്രാർത്ഥനാലയങ്ങളും മൂന്ന് മുസ്ലീം പള്ളികളും ഉണ്ട്. സാമൂഹ്യമായ കൂട്ടായ്മയോടെ ഉത്സവങ്ങളും, പെരുനാളുകളും പൊതുജനപങ്കാളിത്തത്തോടെ നടന്നു വരുന്നു.

പ്രകൃതീ രമണീയമായ വീയപുരം പഞ്ചായത്ത് ഒരു ടൂറിസ്റ്റു കേന്ദ്രമായി മാറ്റിയെടുക്കുകയും ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള സൗകര്യങ്ങളും ആകർഷകത്വമുള്ള വള്ളങ്ങളും ബോട്ടുകളും ഉണ്ടാക്കുകയും നദീ തീരങ്ങളിൽ പിച്ചിംഗുകൾ നിർമ്മിച്ച് ആകർഷകമാക്കുകയും ചെയ്യണം.

പഞ്ചായത്തുതലത്തിൽ നിലവിലുള്ള കുരുന്നു പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ വളർത്താൻ തക്കവിധത്തിലുള്ള പരിശീലനം നൽകുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുകയും വിവിധ രംഗങ്ങളിൽ നിലവിലുള്ള കലാകാരൻമാരുടെ ഒരു ലിസ്റ്റു തയ്യാറാക്കി സൂക്ഷിക്കുകയും, പഞ്ചായത്തിലെ പരിപാടികളിൽ ഇവർക്ക് മുൻഗണന നൽകി അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.

ഈ പ്രദേശത്തു മാത്രം നിലവിലുള്ള ധാരാളം നാടൻ പാട്ടുകളും കൊയ്ത്തു പാട്ടുകളും ഞാറ്റു പാട്ടുകളും ഒക്കെയുണ്ട്. ഇവ ശേഖരിച്ച് സൂക്ഷിക്കുകയും ഇവ അറിയുന്നവരെ കണ്ടു പിടിച്ച് എഴുതി ഗ്രാമ ഗ്രന്ഥശാലയിലോ മറ്റോ സൂക്ഷിക്കുകയും പഞ്ചായത്തുതലത്തിൽ നടത്തപ്പെടുന്ന പരിപാടികളിൽ ഇവ അവതരിപ്പിക്കുവാൻ വേണ്ടി നടപടികൾ ഉണ്ടാവുകയും വേണം.

എല്ലാ വാർഡുകളിലും കോളനികൾ കേന്ദ്രമാക്കി T.V സെറ്റുകൾ പൊതുജനപങ്കാളിത്തത്തോടെ വായനശാലകൾ പൊതുകളിസ്ഥലങ്ങൾ തുടങ്ങിയവ അടിയന്തിരമായി നിർമ്മിക്കണം.

കലാകായിക സംഘടനകൾ

1) പുലരി Arts and Sports Club വെള്ളംകുളങ്ങര.

2) യുവഭാവന Arts and Sports Club കാരിച്ചാൽ .

3) നാട്ടരങ്ങ് കലാ സാംസ്ക്കാരിക വേദി, കാരിച്ചാൽ.

4) ഫ്രണ്ട്സ് Arts and Sports Club കാരിച്ചാൽ.

5) ടപിങ്കിൾ Arts and Sports Club പായിപ്പാട്.

6) സൂര്യ Arts and Sports Club പായിപ്പാട്.

7) സിക്സ്സ് Arts and Sports Club പായിപ്പാട്.

8) സെഞ്ചറി Arts and Sports Club മേൽപ്പാടം.

9) വൺ സ്റ്റാർArts and Sports Club മേൽപ്പാടം.

10) ജനതാ Arts and Sports Club വീയപുരം.

11) സൗപർണ്ണിക Arts and Sports Club വീയപുരം.



കൃഷിയും ജലസേചനവും

കാർത്തികപ്പള്ളി താലൂക്കിന്റെ വടക്കു കിഴക്കു ചേർന്നുകിടക്കുന്ന ഒരു കുട്ടനാടൻ പ്രദേശമാണ് വീയപുരം പഞ്ചായത്ത്. പഞ്ചായത്തിന്റെ മൊത്ത വിസ്തീർണ്ണം 5.4 ച:കി.മീ ആണ്. 918 ഹെക്ടറോളം വരുന്ന പ്രദേശം സമുദ്ര നിരപ്പിൽ നിന്നും 2 മീറ്റർ വരെ താഴ്ന്ന വെള്ളക്കെട്ടായ സ്ഥലമാണ്. ഈ താഴ്ന്ന പ്രദേശങ്ങളിൽ ദീർഘകാലം കൊണ്ട് ചുറ്റ് ബണ്ട് നിർമ്മിച്ച് ഉള്ളിലെ വെള്ളം വറ്റിച്ചെടുത്തുണ്ടാക്കിയ പാടശേഖരങ്ങൾ നെൽകൃഷിക്കു മാത്രമായി ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്ന കരഭൂമിയുടെ വിസ്തൃതി 280 ഹെക്ടർ ആണ്. മനുഷ്യവാസം മുഴുവൻ ഈ കരഭൂമികളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

പമ്പ, അച്ചൻ കോവിൽ എന്നീ നദികൾ പഞ്ചായത്തിൽ കൂടെ ഒഴുകി കായലിൽ പതിക്കുന്നു. തോടുകൾക്ക് മാത്രമായി പതിനൊന്നര കിലോ മീറ്റർ നീളം ദൈർഘ്യമുണ്ട്. ഇവയുടെ ശാഖകളായി നിരവധി തോടുകൾ വേറെയും ഉണ്ട്. ഈ തോടുകൾ എല്ലാം തന്നെ ജലസേചനത്തിനും ജല നിർഗ്ഗമനത്തിനും ഒരു പോലെ ഉപയോഗിക്കുന്നവയാണ്. കഴിഞ്ഞ കാലങ്ങളിൽ ഗതാഗതത്തിന് പ്രത്യേകിച്ച് കാർഷിക ഉല്പന്നങ്ങൾ കടത്തികൊണ്ടുപോകുന്നതിന് പ്രധാനമായും ആശ്രയിച്ചു വന്നിരുന്നതും ഈ തോടുകളെയാണ്. എന്നാൽ ഈ തോടുകൾ മിക്കതും ഇരുവശങ്ങളിലുമുള്ള വസ്തു ഉടമകൾ അനധികൃതമായി കയ്യേറിയും ചെളി അടിഞ്ഞുകൂടി നികന്നും ഇന്ന് പ്രയോജന രഹിതമായി ക്കൊണ്ടിരിക്കുകയാണ്.

പ്രദേശത്തിന്റെ ഭൂപ്രകൃതി ഏറെക്കുറെ നിരപ്പാണ്. വാർഷീക വർഷപാതം 280 സെൻറീ മീറ്റർ മുതൽ 380 സെൻറീമീറ്റർ വരെയാണ്. മൊത്തം മഴയുടെ 60 ശതമാനം വരെ ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലവർഷക്കാലത്താണ് ലഭിക്കുന്നത്. ഈ സമയത്ത് പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ എല്ലാം വെള്ളത്തിനടിയിലാകുന്നു. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലത്തു മഴ വളരെ അപൂർവ്വമാണ്. ഈ ഘട്ടത്തിൽ തോടുകളിലെ ജലനിരപ്പ് ഗണ്യമായി താഴുന്നതിനാൽ കായലിൽ നിന്നും തോടുകളിൽ കൂടി ഉപ്പു വെള്ളത്തിന്റെ പ്രവാഹം ഉണ്ടാകാറുണ്ട്. താപനിലയിൽ കാര്യമായ വ്യതിയാനം ഉണ്ടാകാറില്ല. അന്തരീക്ഷ ഊഷ്മാവ് മി

ക്കുവാറും 21 ഡിഗ്രി സെൽഷ്യസിനും 36 ഡിഗ്രി സെൽഷ്യസിനും ഇടയിലായിരിക്കും. അന്തരീക്ഷ ആർദ്രത ശരാശരി 70 ശതമാനമാണ്.

ചരിത്രാതീത കാലത്ത് ഈ പ്രദേശം നിബിഡ വനഭൂമിയായിരുന്നു എന്നാണ് പഴമ. തുടർന്നു വന്ന കാലഘട്ടങ്ങളിൽ പ്രദേശം മുഴുവൻ കടൽ കവർന്നെടുക്കുകയും വെള്ളത്തിനടിയിലാകുകയും ചെയ്തു. നൂറ്റാണ്ടുകൾക്ക് ശേഷം കടൽ പിൻവാങ്ങിപ്പോയപ്പോഴേയ്ക്കും മരങ്ങളും സസ്യങ്ങളും മണ്ണിനടിയിലാകുകയും അതിനു മുകളിൽ വിവിധ നിരപ്പിൽ ചെളി അടിഞ്ഞു കൂടുകയും ചെയ്തു. ഇങ്ങനെ രൂപപ്പെട്ട വിസ്തൃതമായ ഭൂവിഭാഗത്തിന്റെ ഒരു ഭാഗമാണ് പഞ്ചായത്ത് പ്രദേശമെന്നാണ് പഴയ വിശ്വാസം. നിജസ്ഥിതി എന്തു തന്നെ ആയാലും മണലും ചെളിയും ഇവിടുള്ള തട്ടുകളിൽ വിവിധ അളവിൽ ജൈവാവശിഷ്ടങ്ങൾ അടിഞ്ഞു കൂടിയതാണ് പ്രദേശത്തെ മണ്ണിന്റെ ഘടന. മണ്ണു പൊതുവേ അമ്ലഗുണമുള്ളതാണ്. കരപ്രദേശങ്ങളെ അപേക്ഷിച്ച് നെൽകൃഷി ചെയ്യുന്ന താഴ്ന്ന പ്രദേശങ്ങളിൽ അമ്ലത്വം വളരെ കൂടുതലാണ്.

പ്രധാന കൃഷി നെല്ലാണ്. ഇത് താഴ്ന്ന പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. കരപ്രദേശങ്ങളിൽ പ്രധാന വിള തെങ്ങാണ്. കൂടാതെ കമുക്, മാവ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങളും വാഴ, പച്ചക്കറി, മരച്ചീനി മുതലായ ഇടവിളകളും ചെറിയ തോതിൽ കൃഷി ചെയ്യുന്നു.

ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. 92 ശതമാനം കർഷകരും നാമമാത്ര കർഷകരാണ്. ചെറുകിട കർഷകർ 8 ശതമാനത്തിൽ താഴെയാണ്. രണ്ട് ഹെക്ടറിനു മുകളിൽ കൃഷിയുള്ളവർ പരിമിതമാണ്. പത്തു സെന്ററിൽ താഴെ ഭൂമിയുള്ളവർ 1524 പേരുണ്ട്.

തൊഴിലാളികൾ കാർഷിക മേഖലയെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ്. തൻമൂലം വർഷത്തിൽ നാലുമാസം മാത്രമാണ് ക്രമമായി പണി ലഭിക്കുന്നത്. വെള്ളം വറ്റിക്കുന്നതിന് ഓയിൽ എഞ്ചിനുകളും വൈദ്യുത മോട്ടറുകളും സർവ്വസാധാരണമായിക്കഴിഞ്ഞു. നാടൻ കലപ്പകളുടെയും ഉഴവുമാടുകളുടെയും സ്ഥാനം ട്രാക്ടറും ട്രില്ലറും ഏറ്റെടുത്തുകൊണ്ടിരിക്കുന്നു. എങ്കിലും തൊഴിലാളികളെ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്ന വിളയിറക്ക് വിളവെടുപ്പ് ഈ ഘട്ടങ്ങളിൽ തൊഴിലാളി ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. പരമ്പരാഗത തൊഴിലിനോടുള്ള പുതിയ തലമുറയുടെ വിമുഖതയും നിലവിലുള്ള കർഷക തൊഴിലാളികൾ കാർഷിക രംഗം വിട്ടു പോകുന്നതുമാണ് ഇതിനു പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്.

നെല്ല്

കുട്ടനാടിൻ പ്രദേശത്തിന്റെ ഭാഗമായ പുഞ്ചനിലങ്ങളാണ് ഇവിടുത്തെ നെൽവയലുകൾ. ഉയരം കൂടിയ നാടൻ ഇനങ്ങൾ കൃഷി ചെയ്തിരുന്ന സ്ഥാനങ്ങളിൽ പൂർണ്ണമായും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് ഇന്ന്

ഉപയോഗിക്കുന്നത്. എന്നാൽ മണ്ണിന്റെ അമിതമായ അമ്ല സ്വഭാവം ഇവയുടെ ഉല്പാദന ക്ഷമത ഗണ്യമായി കുറയ്ക്കുന്നു. ഹെക്ടറിലെ ശരാശരി വിളവ് 2.8 മെട്രിക് ടണ്ണാണ്. ഇത് ഉല്പാദന ക്ഷമതയുടെ മൂന്നിൽ ഒന്നു മാത്രമാണ്.

പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ ഒരു വിത്തുല്പാദന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവിടെ ഉല്പാദിപ്പിക്കുന്ന വിത്ത് പഞ്ചായത്തിലെ നെൽകൃഷിയ്ക്ക് ഉപയുക്തമാകുന്നില്ല. കർഷകർക്കാവശ്യമായ മേൽത്തരം വിത്ത് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് ഫലപ്രദമായ മറ്റു സംവിധാനങ്ങൾ ഇല്ല. ഈ സാഹചര്യത്തിൽ കൃഷിക്കാർ ഗുണമേൻമ നോക്കാതെ തന്നെ കിട്ടുന്ന വിത്ത് എന്തു വിലയ്ക്കും വാങ്ങി ഉപയോഗിക്കാൻ നിർബന്ധിതരായിതീരുന്നു. ഉല്പാദനം കുറയുന്നതിന് ഇതും ഒരു കാരണമാണ്. വിത്തുഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്.

വർഷകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെ ചെറുത്തു നില്ക്കാൻ ശക്തമായ പുറംബണ്ടുകൾ ഇല്ലാത്തതുകൊണ്ട് തുലാവർഷത്തിന്റെ ശക്തി കുറയുന്നതോടുകൂടിയാണ് കൃഷി പണികൾ ആരംഭിക്കുന്നത്. തൻമൂലം നെൽകൃഷിയ്ക്ക് ഏറ്റവും പ്രതികൂലമായ കാലഘട്ടവും അടിക്കണ മുതലുള്ള നെല്ലിന്റെ പ്രത്യുല്പാദന ദശയും ഒന്നിച്ചു വരുന്നു. അതുകൊണ്ടു തന്നെ രോഗങ്ങളും കീടബാധയും വർദ്ദിതമായിരിക്കുകയും നിയന്ത്രണം ദുർഘടമായി തീരുകയും ചെയ്യുന്നു. ഇത് വിത്തു നാശം വരുത്തുകയും കൃഷി ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കർഷകർ അനുവർത്തിച്ചു വരുന്ന അശാസ്ത്രീയമായ രാസവളപ്രയോഗവും ഇതിന്റെ ആക്കം വർദ്ധിപ്പിക്കുന്നു.

വൈദ്യുതി തകരാറ് സർവ്വസാധാരണമായിരിക്കുന്നതിനാൽ പല പ്പോഴും തക്കസമയത്ത് വെള്ളം വറ്റിക്കാൻ സാധിക്കാതെ വരുന്നതുകൊണ്ടും കൃഷിനാശം ഉണ്ടാകുക അപൂർവ്വമല്ല. പുഞ്ചസീസണിൽ തണ്ണീർമുക്കം ബണ്ട് അടക്കുന്നതിനാൽ വേലിയേറ്റം ഇല്ലാതാകുകയും നദികളിലേയും തോടുകളിലേയും ജല നിരപ്പ് താഴുകയും ചെയ്യുന്നതുകൊണ്ട് വിളവിന്റെ അവസാന ഘട്ടത്തിൽ പാടശേഖരങ്ങളിലേക്ക് വെള്ളം പമ്പു ചെയ്ത് കയറ്റേണ്ടതായി വരുന്നു.

തൃക്കുന്നപ്പുഴ ചീപ്പ്, തോട്ടപ്പള്ളിൽ സ്പീൽവേയുടെ ഷട്ടറുകൾ എന്നിവയുടെ അറ്റകുറ്റപണികൾ നടത്താത്തതുകൊണ്ട് അവയിൽകൂടിയും കാർത്തികപ്പള്ളി തോട്ടിൽ മുമ്പ് ഇട്ടുകൊണ്ടിരുന്ന മുട്ട് ഇടാത്തതുകൊണ്ടും മൂന്നു നാലു വർഷമായി വേനൽക്കാലങ്ങളിൽ ആറുകളിലും തോടുകളിലും മുമ്പെന്നത്തേതിനേക്കാൾ ഓരുവെള്ളം തള്ളിക്കയറുന്നു. ബാങ്കുകൾ പോകാനായി തോട്ടപ്പള്ളിചീപ്പ് വളരെ സമയം തുറന്നിടുന്നതും ഇതിനു കാരണമാണ്. ഇത് ജലസേചനത്തെ കാര്യമായി ബാധിക്കുന്ന ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്.

വിളവെടുപ്പ് സമയത്തുണ്ടാകുന്ന കാര്യമായ വിലയിടിവും കർഷകനെ

ദോഷമായി ബാധിക്കുന്നു.

ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്താനുള്ളതുകൊണ്ട് കൃഷിചെലവിൽ കാര്യമായ കുറവു വരുത്താൻ സാധിച്ചിട്ടില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുള്ള ഒരു ഏജൻസി മാത്രമായി ഇവയുടെ പ്രവർത്തനം മാറിയിരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

പകൽ കാലങ്ങളിലെ ഉയർന്ന താപനില, തണുപ്പുള്ള രാത്രി, നീരാവി പൂരിതമായ അന്തരീക്ഷം എന്നീ ഘടകങ്ങൾ നെല്ലിനെ ആക്രമിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും വർദ്ധനയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണ്. ഫെബ്രുവരി പകുതി മുതൽ മുൻപറഞ്ഞ ഘടകങ്ങൾ എല്ലാം തന്നെ രോഗകീടവർദ്ധനവിന് അനുകൂലമാകാൻ സാദ്ധ്യത ഏറുന്നതുകൊണ്ട് അതിനു മുൻപായി വിളവെടുപ്പ് നടത്തത്തക്ക വണ്ണമായിരിക്കണം കൃഷി ഇറക്കുന്ന സമയം. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ഉപ്പുവെള്ള ഭീഷണിയിൽ നിന്നും ജല ദൗർലഭ്യത്തിൽ നിന്നും രക്ഷനേടുന്നതിനും ഇതാവശ്യമാണ്. നെൽച്ചെടിയുടെ വളർച്ചയുടെ ആദ്യഘട്ടത്തിൽ ഒന്നോ രണ്ടോ മഴ ലഭിക്കുന്നതിനും ഇതു സഹായകമാകും. വിളവെടുപ്പ് നേരത്തെ ആക്കണമെങ്കിൽ കൃഷി കാലേ കൂട്ടി ഇറക്കിയിരിക്കണം. ഇതിന് തുലാവർഷത്തോടനുബന്ധിച്ചുണ്ടാകുന്ന വേള്ളപ്പൊക്കത്തെ ചെറുത്തു നില്ക്കാൻ കഴിവുള്ള ശക്തിമത്തായ പുറംബണ്ടുകൾ എല്ലാ പാടങ്ങൾക്കും ഉണ്ടാക്കുക. നിലവിൽ ഉള്ള ബണ്ടുകൾ പോരായ്മകൾ പരിഹരിച്ചും അറ്റകുറ്റ പണികൾ നടത്തിയും കാര്യക്ഷമമാക്കുക എന്നിവയ്ക്ക് ഉടൻ തന്നെ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

വെള്ളത്തിന്റെ പ്രാക്കം നിയന്ത്രിക്കുന്നതിന് ഈ സമയത്ത് അധികമായി ജലം കടലിലേയ്ക്ക് ഒഴുക്കിക്കളയുന്നതിന് ഇന്നുള്ള സംവിധാനം അപര്യാപ്തമാണ് ആയതുകൊണ്ട് പമ്പയാറിന് തുരുത്തേൽ കടവുമുതലും അച്ചൻകോവിൽ ആറിന് കോട്ടവാക്കൽ തോടിനു കിഴക്കുവശം മുതൽ വീതി കൂട്ടുക. ലിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുക. മണൽ ചാക്ക് വെച്ച് അടച്ചിരിക്കുന്ന സ്പിൻക്ഷേടാങ്കുകൾക്കു പകരം പ്രവർത്തന ക്ഷമമായ പുതിയ ഷട്ടറുകൾ സ്ഥാപിക്കുക. ഈ കാര്യങ്ങൾക്ക് അടിയന്തിര പ്രാധാന്യം കൊടുക്കണം.

മണ്ണിന്റെ അമ്ലത്വം കുറച്ച് ഉല്പാദനക്ഷമത ഉയർത്താൻ ആവശ്യമായ അളവിൽ ചേർക്കത്തക്കവണ്ണം സൗജന്യ നിരക്കിൽ കർഷകർക്ക് കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

തൃക്കുന്നപ്പുഴ പീച്ചിന്റെ അറ്റകുറ്റപണികൾ അടിയന്തിരമായി ചെയ്യുക. കായംകുളം കായലിൽ നിന്നും തോടുകൾ വഴി ഉപ്പുവെള്ളം കയറുന്നതു തടയാനായി വിവിധ സ്ഥലങ്ങളിൽ ഇട്ടുകൊണ്ടിരുന്ന ദാരുമുട്ടുകൾ വേനൽക്കാലാരംഭത്തിൽ തന്നെ ഇടുക, ബാർജ്ജ് പോകുന്നതിനായി തോട്ടപ്പള്ളി പീച്ച് ദീർഘ സമയം തുറന്നിടുന്നത് ഒഴിവാ

ക്കുകയോ അല്ലെങ്കിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ അവിടെ മറ്റു സംവിധാനം ഉണ്ടാക്കുകയോ ചെയ്യുക എന്നിവയ്ക്കും പ്രാധാന്യം കൊടുത്ത് നടപ്പാക്കണം.

നിലവിലുണ്ടായിരുന്ന തോടുകൾ വീതിയും ആഴവും കൂട്ടി അവയുടെ പൂർവ്വ സ്ഥിതിയിൽ നിലനിർത്തുക. പാടശേഖരങ്ങൾക്ക് ഉള്ളിലുള്ള പൊതു വാച്ചാൽ തോടുകൾ കാര്യക്ഷമമാക്കുന്നതിന് സഹായ ധനം നല്കുക എന്നിവയിലും നടപടികൾ ഉണ്ടാകണം.

നെല്ലുല്പാദക സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ശാസ്ത്രീയ കൃഷിമുറകളിൽ ഭൂരിപക്ഷം കർഷകരും ഇന്നും അജ്ഞരാണ്. അതു കൊണ്ട് മാത്രം ആവശ്യത്തിൽ കൂടുതൽ രാസവളവും തത്വദീക്ഷയില്ലാത്ത കീടനാശിനി പ്രയോഗവും നടത്തി കൃഷി ചെലവു വർദ്ധിപ്പിക്കുന്നതിനും മലിനീകരണത്തിനും വഴി ഒരുക്കുന്നു. ഓരോ പാടശേഖരങ്ങളുടെയും ഫെർട്ടിലിറ്റി മാപ്പ് തയ്യാറാക്കുന്നതിനും അതനുസരിച്ച് ശുപാർശ ചെയ്യപ്പെടുന്ന അളവിൽ മാത്രം വള പ്രയോഗം നടത്തുന്നതിനും കർഷകരുടെ ഇടയിൽ ബോധവത്ക്കരണം നടത്തണം. ജൈവവളങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും കർഷകർക്ക് പ്രോത്സാഹനം നല്കണം. സമഗ്ര കീട നിയന്ത്രണമുറകൾ (Integrated Pestmanagement) കൃഷിക്കാരെ മനസ്സിലാക്കി അത് അനുവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

പാടശേഖരങ്ങൾക്ക് സ്ഥിരമായി മോട്ടർ തറകൾ പണിയുന്നതിന് സാമ്പത്തീക സഹായം നല്കുകയും കൃഷി സമയങ്ങളിൽ വൈദ്യുതി തകരാറുകൾ ഏറ്റവും കുറക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

ഉഴവിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് നിലവിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുക, കൊയ്ത്തിനും മെതിക്കും മറ്റും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകുന്ന ചെറു യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുക എന്നിവയും അടിയന്തിര പരിഗണന നല്കേണ്ട വിഷയങ്ങളാണ്.

ഗുണമേൻമയുള്ള വിത്തുകൾ ന്യായമായ വിലയിൽ യഥാസമയം ലഭ്യമാക്കുന്നതിനു വേണ്ട പദ്ധതികൾ നടപ്പാക്കണം.

വിളവെടുപ്പുകാലത്ത് ഉണ്ടാകുന്ന വിലയിടിവിൽ നിന്നും കർഷകനെ സംരക്ഷിക്കാൻ കർഷക സംഘടനകൾ മുഖേന നെല്ല് സംഭരിക്കാനും വിപണനം നടത്താനുമുള്ള സംവിധാനം ഏർപ്പെടുത്തണം.

ഇലവുംതാനം പാടത്തിന്റെ വടക്കുവശത്തുള്ള പുറംബണ്ട് കേടുപാടുകൾ പോക്കി ബലപ്പെടുത്തുക. ജലസേചനത്തിനും, ജലനിർഗ്ഗമനത്തിനും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കത്തക്കവണ്ണം ഈ പാടശേഖരത്തിലുള്ള തോട് വടക്കറ്റം മുതൽ തെക്കറ്റം വരെ നന്നാക്കുക.

മണ്ണിലെ അമ്ലത്വം നീക്കുന്നതിനും ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരി

ക്കുക.

ഉല്പന്നങ്ങളുടെ വിപണന സൗകര്യം വർദ്ധിപ്പിക്കുക. വിളവെടുപ്പ് സമയത്ത് നെല്ല് സംഭരിക്കുന്നതിന് കർഷക സംഘടനകളോ മറ്റ് അതുപോലെയുള്ള ഏജൻസികളോ ഉണ്ടാകണം.

തെങ്ങ്

കരഭൂമികളിൽ പ്രധാന വിളയായി കൃഷിചെയ്തു വരുന്നു. നാളീകേരത്തിന്റെ ഉല്പാദനത്തിൽ പഞ്ചായത്ത് അത്ര ഒന്നും മുന്നിലല്ല. ശരാശരി ഉല്പാദനം തെങ്ങൊന്നിന് ആണ്ടിൽ നാല്പതു നാളീകേരമാണ്. നിലവിലുള്ള മരങ്ങളിൽ ഭൂരിഭാഗവും കാറ്റു വീഴ്ചയോ മറ്റു രോഗങ്ങളോ ബാധിച്ചവയാണ്.

കേരസംരക്ഷണസമതി പ്രവർത്തിക്കുന്നുണ്ട് എന്നു വരികിലും തെങ്ങു കൃഷി ശാസ്ത്രീയമാക്കുന്നതിനോ വിളവ് വർദ്ധിപ്പിക്കുന്നതിനോ ഉതകുന്ന പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഗുണമേൻമയുള്ള തൈകൾ മാത്രം വെച്ചു പിടിപ്പിക്കുന്നതിലും ശാസ്ത്രീയ സംരക്ഷണം നല്കുന്നതിലും കർഷകർ ഇന്നും വളരെ ഒന്നും തല്പരനല്ല.

കേര സംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകത്തക്ക വിധം പുനസംവിധാനം ചെയ്യണം. തെങ്ങു കൃഷിയിൽ ശാസ്ത്രീയ മുറകൾ അനുവർത്തിക്കുന്നതിന് ബോധവത്ക്കരണം നടത്തുക അതിനാവശ്യമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നിവ സമിതികളുടെ പ്രവർത്തന ശൈലിയാക്കണം.

തെങ്ങുകളുടെ മരുന്നു തളി ഇന്നു കാര്യമായി നടക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. പരിശീലനം ലഭിച്ച തൊഴിലാളികളുടെ ക്ഷാമമാണ് ഇതിനു പ്രധാന കാരണം. പരമ്പരാഗത തെങ്ങ് കയറ്റ തൊഴിലാളികൾ എണ്ണത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പരിഹാരമായി തൊഴിൽ രഹിതരായ യുവാക്കളെ പരിശീലിപ്പിച്ച് ഈ രംഗത്തേക്കു കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ശാസ്ത്രീയ വള പ്രയോഗം, വേനൽക്കാല നന മുതലായ പരിചരണ മുറകളും കേര സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും മുൻപറഞ്ഞ യുവാക്കളുടെ സേവനം ഉപയോഗപ്പെടുത്തി നടത്തണം. ഇതിലേയ്ക്ക് വരുന്ന ചിലവിനായി ഒരു നിശ്ചിത തുക വീതം ഗുണഭോക്താക്കളിൽ നിന്നും വസൂലാക്കാവുന്നതാണ്. സൗജന്യ നിരക്കിൽ വളം, പമ്പു സെറ്റുകൾ, മരുന്നു തളി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം. നാളികേരത്തിന്റെ ഉല്പാദന ചെലവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തറവില പുതുക്കി നിശ്ചയിക്കണം. നാളീകേരവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കണം.

പച്ചക്കറി

പഞ്ചായത്തിൽ അടുത്തകാലത്തായി പച്ചക്കറി കൃഷിയിൽ താല്പര്യം ജനിച്ചിട്ടുണ്ട്. പാവൽ, പയർ, വാഴ, ചീര, വെണ്ട മുതലായവ വാണിജ്യാവശ്യത്തിനായി ഇപ്പോൾ ഉല്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ വേനൽക്കാല വിളയല്ലാതെ വർഷകാല വിളകൾക്ക് കാലാവസ്ഥയും ഭൂപ്രകൃതിയും അനുകൂലമല്ല. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇന്ന് പച്ചക്കറി വ്യവസായികളെത്തന്നെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നത്. കൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കാൻ കൃഷിക്കാർക്ക് പ്രോത്സാഹനം നല്കുകയും ഉല്പാദകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വില്പന സംഘങ്ങളുടെ ഉത്തരവാദിത്വത്തിൽ ആക്കു കയും ചെയ്താൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

വാഴകൃഷി

ഒരു ഇടവിളയായി മാത്രമാണ് വാഴകൃഷി നടന്നു വരുന്നത്. തോട്ടമായി വാഴകൃഷി നടത്തത്തക്കവണ്ണം പഞ്ചായത്തിൽ സാദ്ധ്യത വിരളമാണ്. എന്നാൽ നിലവിലുള്ള വിസ്തീർണ്ണം വികസിപ്പിക്കാൻ സാദ്ധ്യതയുണ്ട്. ഇതിലൂടെ വാഴപ്പഴത്തിന്റെ പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം സ്വയം പര്യാപ്തത നേടാൻ കഴിയുന്നതാണ്.

ഇതരവിളകൾ

പുഷ്പകൃഷി, കൂൺകൃഷി മുതലായവ അദ്ധ്വാനവും മുടക്കുമുതലും കൂടാതെ വീട്ടമ്മമാർക്ക് വിജയകരമായി ചെയ്യാവുന്നതാണ്. എന്നാൽ ഇവയെ പറ്റിയുള്ള ശരിയായ വിവരങ്ങൾ നല്കി അവരെ ഈ രംഗത്തേക്കു കൊണ്ടുവരാൻ ഇന്നുവരെ ശ്രമങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വിവിധ മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ ഈ രംഗത്ത് ഒരു കാൽ വെയ്പ് നടത്താവുന്നതാണ്. ആവശ്യമായ വിദഗ്ദ ഉപദേശങ്ങൾ ലഭ്യമാക്കുന്നതിനും മറ്റും പഞ്ചായത്ത് കൃഷിഭവന്റെ സേവനം ഉപയോഗപ്പെടുത്താം.

നെൽകൃഷിയോടൊപ്പം മത്സ്യകൃഷി നടത്തുന്നതിന് പഞ്ചായത്തിലുള്ള സാദ്ധ്യതകളും പരിശോധനാവിധേയമാക്കേണ്ടതാണ്. ഇവയ്ക്കെല്ലാം ആവശ്യമായ പൈലറ്റ് പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്യേണ്ടതാണ്.

പ്രകൃതിക്ഷോഭം മൂലവും മറ്റു വിളനാശം ഉണ്ടാകുന്ന അവസരത്തിൽ കർഷകന് ആശ്വാസം നൽകാനായി ഏർപ്പെടുത്തിയ വിള ഇൻഷ്വറൻസ് കൃഷിക്കാർക്ക് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. വായ്പ എടുക്കാത്തവരെയും ഇൻഷ്വറൻസിന്റെ പ്രയോജന പരിധിയിൽ കൊണ്ടുവരികയും നിയമങ്ങളിലെ അപ്രായോഗികതകൾ മാറ്റി കൂടുതൽ ലളിതമാക്കേണ്ടതും അത്യാവശ്യമാണ്.

ഗ്രാമസഭകളിലെ ചർച്ചകളിൽ

ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

Ward I

നെൽകൃഷി

1. വാർഡിലെ ഏഴു തോടുകളും വീതിയും ആഴവും പുനസ്ഥാപിച്ച് ഗതാഗത യോഗ്യവും അതിലുപരി ജലസേചന യോഗ്യവുമാക്കുക. പായൽ മുതലായ തടസ്സങ്ങൾ നീക്കുക.
2. പാടങ്ങൾക്കുള്ളിലുള്ള വാച്ചാൽ സൗകര്യങ്ങൾ ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും പര്യാപ്തമാക്കുകയും ആവശ്യമുള്ളയിടത്ത് പൈപ്പുകൾ നൽകുകയും ചെയ്യുക.
3. പുറംബണ്ടുകൾ ഇല്ലാത്ത മൂന്നു പാടങ്ങൾക്കും വെള്ളപ്പൊക്കത്തെ അതിജീവിക്കാൻതക്ക പൊക്കത്തിലും ബലത്തിലും ബണ്ട് നിർമ്മിച്ച് മോട്ടോർ തറകളുണ്ടാക്കി കൊടുക്കുക.
4. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതിയിലെ എല്ലാ കാര്യങ്ങളും പ്രായോഗികതയിൽ കൊണ്ടു വരിക.
5. വിത്തിന്റെ ദൗർലഭ്യം പരിഹരിക്കുക, നല്ലതു ലഭ്യമാക്കുക.
6. സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ശാസ്ത്രീയമായി വർദ്ധിപ്പിക്കുക. യഥാവസരങ്ങളിൽ ലഭ്യമാക്കുക.
7. രണ്ടു പൂവ് നെൽകൃഷിയോ, ഒരു പൂ നെൽ കൃഷിയും ഒരു പൂവ് മത്സ്യകൃഷിയും എന്ന പദ്ധതി നടപ്പാക്കുവാൻ സഹായിക്കുക.
8. യന്ത്രവത്ക്കരണം നടപ്പാക്കുക.
9. യഥാവസരങ്ങളിൽ ആവശ്യമായ വിദഗ്ദ്ധോപദേശങ്ങൾക്കു സാഹചര്യം ഉണ്ടാക്കുക.
10. വളം, കീടനാശിനികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക.
11. വിപണന സൗകര്യം വർദ്ധിപ്പിക്കുക. അനുബന്ധ വ്യവസായങ്ങൾ ഉണ്ടാക്കുക.
12. ചേക്കാമായിക്കേരി പാടശേഖരത്തിന് കരിങ്കല്ലുബണ്ട്കെട്ടി ബലപ്പെടുത്തുക.

കരകൃഷി

ആവശ്യമായ എല്ലാ വിവിധ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

Ward II

1. പോട്ടകളയ്ക്കാട് പാടശേഖരത്തിൽ പെട്ട കണത്താരത്തിൽ പാടത്തിലെ വെള്ളം (18 ഏക്കർ) വറ്റിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
2. പോട്ടകളയ്ക്കാട് പാടശേഖരത്തിന് സ്ഥിരമായ പുറംബണ്ട് നിർമ്മിക്കണം.
3. പള്ളിതോടിൽ അനധികൃതമായി കൈയേറിയിരിക്കുന്ന സ്ഥലം വീ

ണ്ടെടുത്ത് ആഴം കൂട്ടി ജലസേചന ത്തിനു യുക്തമാക്കുക.

4. ഗുണമേൻമയുള്ള വിത്ത് ലഭിക്കുന്ന തിന് ഏർപ്പാടുണ്ടാക്കുക.

5. ജൈവവളത്തിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

6. പോട്ടകളയ്ക്കാട് പാടശേഖരത്തിൽ പ്പെട്ട പള്ളികിഴക്കുവശം 22 ഏക്കറി ലെ വെള്ളം വറ്റിയ്ക്കുന്ന തിന് ആവ ശ്യമായ വാച്ചാൽ സൗകര്യം ഉണ്ടാക്കുക.

7. തോടുകൾക്ക് ആഴവും വീതിയും കൂ ട്ടുക.

പച്ചക്കറി

കൃഷി പ്രോത്സാഹിപ്പിക്കുന്നതി നാവശ്യമായ വിത്തും വളവും ലഭ്യ മാക്കുക.

തെങ്ങ്

രോഗബാധിതമായ തെങ്ങുകൾ വെ ട്ടിമാറ്റി മേൽത്തരം പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നതിന് സഹായം നല്കുക.

വെള്ളപ്പൊക്കം മൂലം കരകൃഷി നശി ക്കാതിരിക്കാൻ വെള്ളം ഒഴുക്കിവി ടാൻ സൗകര്യം ഉണ്ടാക്കുക.

Ward III

1. പോട്ടകളയ്ക്കാട് പാടശേഖര ത്തിൻെറ പുറംബണ്ട് കല്ലുകെട്ടി ബ ലപ്പെടുത്തണം.

2. വീയപുരം ഹരിപ്പാട് റോഡ് ഉയ ർത്തിയതുകൊണ്ട് നിലവിലുണ്ടായി രുന്ന ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അട ഞ്ഞുപോയി. ഇത് കൃഷിയെ ദോഷ മായി ബാധിക്കുന്നതുകൊണ്ട് ഇതി നാവശ്യമായ സംവിധാനങ്ങൾ ഉണ്ടാ ക്കണം.

3. പള്ളിക്കു കിഴക്കുവശം പാടത്ത് വെ ള്ളം വറ്റിക്കുന്നതിനാവശ്യമായ വാ ച്ചാൽ സൗകര്യം ഉണ്ടാക്കണം.

4. ഗുണമേൻമയുള്ള നെൽവിത്ത് ലഭി ക്കുന്നതിന് നടപടികൾ സ്വീകരി ക്കണം.

5. കൃഷിപ്പണികൾ കൂടുതലുള്ള സീസ ണിൽ തൊഴിലാളികളുടെ ലഭ്യത അപര്യാപ്തമാകയാൽ ചെറുകിട യ ന്ത്രങ്ങളുടെ ഉപയോഗം പ്രോത്സാ ഹിപ്പിക്കണം.

പച്ചക്കറി, വാഴ: വാണിജ്യാടി സ്ഥാനത്തിൽ ഇവയുടെ കൃഷി വ്യാ പിപ്പിക്കുന്നതിന് വേണ്ട സൗകര്യ ങ്ങൾ ഉണ്ടാക്കണം.

തെങ്ങ്

രോഗബാധിതമായ തെങ്ങുകൾ വെ ട്ടിമാറ്റി പുതിയ തൈകൾ നടുന്നതി ന് സാമ്പത്തീക സഹായം നല്കണം.

ഈ വാർഡിലുള്ള പള്ളിത്തോട് അന ധികൃത കൈയേറ്റം മൂലം വീതിയും കുറഞ്ഞ് പായലും മറ്റും അടിഞ്ഞ് കൂടിയും ഗതാഗത യോഗ്യമല്ലാതായി തീർന്നിരിക്കുന്നു. അതുകൊണ്ട് ഇതിൻെറ ആഴവും വീതിയും കൂ ട്ടുന്നതിനാവശ്യമായ നടപടി സ്വീക രിക്കണം.

കാർഷീക രംഗത്ത് ആവശ്യമായ സാങ്കേതിക ഉപദേശം ലഭ്യമാകത്തക്ക വണ്ണം കൃഷിഭവന്റെ പ്രവർത്തനം പുനസംവിധാനം ചെയ്യണം.

Ward IV

1. അത്യുല്പാദനശേഷിയുള്ള നെൽവിത്ത് ലഭ്യമാക്കണം. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലനിർത്തണം.
2. വാച്ചാലും, തോടും, കാലാകാലങ്ങളിൽ വൃത്തിയാക്കണം
3. സർക്കാർ വിത്തുല്പാദന കേന്ദ്രത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുക.
4. പാമ്പനം വെള്ളൂക്കുഴി പാടശേഖരത്തിന് സ്ഥിരം പുറംബണ്ടുണ്ടാക്കുക. കലുങ്കും മോട്ടോർ തറയും മുൻഗണന കൊടുത്തുണ്ടാക്കുക.
5. പ്രയാറ്റേരിമണിയൻകേരിപാടത്തിന് ബലവത്തായ പുറംബണ്ട് ഉണ്ടാക്കുകയും രണ്ടു കലിങ്കും മോട്ടോർ തറയും ഉണ്ടാക്കുകയും ചെയ്യുക.
6. പടീശ്ശേരിപള്ളം ബണ്ടും മോട്ടോർ തറയും കെട്ടി ഒരു പൂ നെല്ലും ഒരു പൂ മത്സ്യവും കൃഷി ചെയ്യത്തക്ക സൗകര്യം ഉണ്ടാക്കുക.
7. കോട്ടൂപള്ളം പാടം വളരെക്കാലമായി കൃഷി ചെയ്യാതെ കിടക്കുന്നതിനാൽ മത്സ്യം വളർത്തത്തക്കരീതിയിൽ ആക്കുക.
8. വിത്ത്, വളം, കീടനാശിനി, കക്കാ എന്നിവ സൗജന്യ നിരക്കിൽ കൃഷിഭവൻ മുഖാന്തിരം ലഭ്യമാക്കുക.
9. പമ്പുസെറ്റും സബ്സിഡി നിരക്കിൽ നല്കുക.
10. വിളവെടുപ്പു സമയത്ത് കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കത്തക്കവണ്ണം സൊസൈറ്റി രൂപീകരിക്കുക.
11. നാളീകേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുക.
12. പച്ചക്കറി കൃഷി വ്യാപകമാക്കുക.
13. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സയറൺ പ്രവർത്തനക്ഷമമാക്കുക.
14. കൃഷിഭവൻ ഉദ്യോഗസ്ഥർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും പാടശേഖരങ്ങൾ സന്ദർശിക്കുക.
15. പ്രധാന സ്ഥലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ വാർത്താ ബോർഡുകൾ സ്ഥാപിക്കുക.
16. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

Ward V

1. ബലവത്തായ പുറംബണ്ടുകൾ ഉണ്ടാക്കുക, വാച്ചാൽ തോടുകളുടെ വീതിയും ആഴവും കൂട്ടുക, വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുക.
2. വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനും ആവശ്യമായ തോടുകൾ ഉണ്ടാക്കുക.
3. ട്രാക്ടർ ഇറക്കുന്നതിനും, നെല്ലും കച്ചിയും മറ്റും കൊണ്ടുപോകുന്നതി

നുമായി കോയിക്കമുക്കിനു വട ക്കുവശത്തുനിന്നും പടിഞ്ഞാറോട്ട്, പഞ്ചായത്തി കടവിനു തെക്കുവശം തോമാ തോമായുടെനിലത്തിനു തെ ക്കുവശത്തുകൂടി പടിഞ്ഞാട്ടു രണ്ടു വഴികൾ ഉണ്ടാക്കുക.

Ward VI

1. മുണ്ടുതോട് പോളതുരുത്തു പാടശേ ഖരത്തിന്റെ പുറംബണ്ടിലുള്ള ഏഴു കലുങ്കുകൾക്ക് ഷട്ടർ ഉണ്ടാ ക്കണം.
2. പാടശേഖരത്തിലെ 22 മുട്ടുകൾക്ക് 1.5 അടി വ്യാസവും 5 മീറ്റർ നീളവു മുള്ള കുഴൽ തൂമ്പ് വേണം.
3. 50 H.P മോട്ടോർ-1, 20 H.P മോട്ടോർ-2 അങ്ങനെ ആകെ 90 കിട്ടത്തക്കവണ്ണം 3 മോട്ടോറുകൾ സ്ഥാപിക്കുക. വെ ള്ളപ്പൊക്കക്കാലത്ത് വെള്ളം പമ്പു ചെയ്യത്തക്കവണ്ണം കുഴൽ പമ്പുകൾ സ്ഥാപിക്കുക ഇവയ്ക്ക് സ്ഥിരമായ മോട്ടോർ തറയും പമ്പുഹൗസും ഉണ്ടാക്കുക.
4. ഇരതോട് പാലത്തിന് പടിഞ്ഞാറ് വശം മുതൽ കണ്ണൻമാലിൽ പാലം വ രെ റോഡ് നിർമ്മിക്കുക. പോളതുരു ത്തു മുതൽ കൊച്ചാലും മൂട്ടിൽ പാ ലം വരെയും റോഡ് നിർമ്മിക്കണം.
5. ആവശ്യമായ വിത്ത്, വളം, കീടനാ ശിനി എന്നിവ സൗജന്യനിരക്കിൽ യഥാസമയം ലഭ്യമാക്കണം.
6. രോഗബാധിതമായ തെങ്ങുകൾ വെ ട്ടിമാറ്റി പുതിയ തൈകൾ വെയ് ക്കുന്നതിന് ഉല്പാദനശേഷിയുള്ള തൈകൾ കിട്ടണം.
7. നേന്ത്രവാഴയ്ക്ക് വളവും മരുന്നുക ളും സൗജന്യമായി കിട്ടണം.
8. ഇടവിളയായി കൃഷി ചെയ്യുന്നതി നാവശ്യമായ പച്ചക്കറി വിത്ത്, വളം എന്നിവ ലഭ്യമാക്കണം.
10. കൃഷി ഭവന്റെ സഹായങ്ങൾ വേണ്ട വിധത്തിൽ ലഭ്യമാക്കണം.
11. വേനൽ കാലങ്ങളിൽ മേക്കായ് അടി ച്ച് തരേണ്ടത് അത്യാവശ്യമാണ്.
12. ഉഴവു പണികൾ നടത്തുന്നതിന് 2 ട്രാക്ടർ സൗജന്യമായി ലഭിക്കണം.

Ward VII

1. മുപ്പായിക്കേരി മുട്ടുമ്പാട് പാടശേഖ രത്തിൽ കന്നേക്കോണിപടി മുതൽ മുട്ടുമ്പാട് വരെ നിർമ്മിച്ചിരിക്കുന്ന ഇടബണ്ട് കിളത്തി കൃഷിക്കും ഗതാ ഗതത്തിനും യോഗ്യമാക്കുക.
2. കട്ടക്കുഴി പാടശേഖരത്തിനു പടി ഞ്ഞാറുവശത്തെ തകർന്നു കിട ക്കുന്ന കലുങ്ക് പുതുക്കി പണിയുക.
3. കട്ടക്കുഴി മുപ്പായിക്കേരി മുട്ടുമ്പാട് പാടശേഖരങ്ങളിലെ മോട്ടോർ തറക ൾ കല്ലുകെട്ടി ബലപ്പെടുത്തുക, നില വിലുള്ള പൊതു തോടുകൾ തമ്മിൽ സന്ധിപ്പിച്ച് കല്ലുകെട്ടുക.
4. രണ്ടാം കൃഷി ചെയ്യാൻ (നെല്ല്, മത് സ്യം) തക്കവിധം റോഡുകളും ബ ണ്ടുകളും നിർമ്മിക്കുക, ഷട്ടറുകൾ

ബലപ്പെടുത്തുക. മുപ്പായിക്കേരി പുറമ്പണ്ടും കണ്ണങ്കേരി തോടിന്റെറ പുറമ്പണ്ടും കല്ലുകെട്ടുക.

5. പാടശേഖരങ്ങൾക്കു നീറ്റുകക്ക സബ്സിഡി നിരിക്കിൽ വിതരണം ചെയ്യുക.

6. കട്ടക്കുഴി പാടശേഖരത്തിന്റെറ കിഴക്കേ ബണ്ടിലേക്കു ഇറങ്ങുവാൻ വഴിയും ട്രാക്ടർ, ട്രില്ലർ മുതലായവ ഇറങ്ങാൻ റാമ്പും കെട്ടുക.

7. പാളയത്തിൽ പടിമുതൽ മാണിക്കത്താരിവരെയും മൂന്നു മൂലയിൽ പടി മുതൽ കണ്ണംകേരി വരെയും റോഡ് നിർമ്മിക്കുക.

8. വിത്തു സീഡ്ഫാമിൽനിന്നും വിതരണം ചെയ്യുക.

9. നദീതീരത്തുള്ള കരഭൂമി സംരക്ഷിക്കുവാൻ പിച്ചിങ്ങ് കെട്ടുക പുറം ചിറയും പുലിറൂട്ടുകളും ബലപ്പെടുത്തുക.

10. രോഗം വന്ന തെങ്ങു വെട്ടി പകരം തെങ്ങുവെക്കാൻ കർഷകർക്ക് സഹായം ചെയ്യുക.

11. 55 വയസ്സുകഴിഞ്ഞ കൃഷിക്കാർക്കു പെൻഷൻ നല്കുക.

12. അഭ്യസ്ഥവിദ്യരായ സ്വന്തം കൃഷിഭൂമി ഇല്ലാത്ത യുവാക്കൾക്ക് കൃഷി ചെയ്യുവാൻ ധനസഹായം നല്കുക

13. കൃഷിക്കാർക്കു സീസൺ സമയത്തു ഉല്പന്നത്തിനു ന്യായമായ വിലകിട്ടാൻ സാധിക്കാത്തതിനാൽ ഉല്പന്നങ്ങൾ സ്റ്റോക്കു ചെയ്തു പ്രോസസു ചെയ്തു വിപണനം നടത്താൻ ക്രമീകരണം ചെയ്യുക.

14. കാലാകാലങ്ങളിൽ കൃഷി ഉദ്യോഗസ്ഥൻ കൃഷി ഇടങ്ങൾ സന്ദർശിക്കുകയും കൃഷിക്കാർക്കു ആവശ്യമായ നിർദ്ദേശങ്ങശ നല്കുകയും ചെയ്യുക.

15. കൊയ്ത്തു കഴിഞ്ഞാൽ ഉടൻ നിലം ട്രാക്ടർ ഉപയോഗിച്ചു ഉഴുവാൻ സൗകര്യം ഉണ്ടാക്കുക.

16. പമ്പയാറ്റിൽ നിന്നും ചക്കിട്ടയിൽ തോട്ടിലേക്കു വെള്ളം കയറ്റിയിരുന്ന തൂമ്പു തുറന്നു ഈ പ്രദേശങ്ങളിൽ ശുദ്ധജലം കയറ്റി ഇറക്കുന്നതിനു അടിയന്തിര നടപടിയെടുക്കുക.

17. കൊയ്ത്തിനു ശേഷം മുപ്പായിക്കേരി മുട്ടുമ്പാട് പാടശേഖരം താറാവു കർഷകർക്ക് ലേലം ചെയ്തു കൊടുത്താൽ കിട്ടുന്ന പണം പാടത്തിന്റെറ വികസനത്തിനു ഉപയോഗിക്കാം.

Ward VIII

1. മണ്ണുപരിശോധനയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്യുക.

2. രണ്ടാം കൃഷിയായി മത്സ്യ കൃഷി നടത്താൻ തക്കവണ്ണം ബണ്ടു ബലപ്പെടുത്തി കൃഷിക്കാർക്കു ധനസഹായം നല്കുക.

3. വിളവെടുപ്പിനു ശേഷം പാടം താറാവു കർഷകർക്കു ലേലം ചെയ്തു കൊടുത്താൽ അതിൽ നിന്നു ലഭി

ക്കുന്ന ആദായം പാടശേഖരത്തിന്റെ വികസനത്തിനു ഉപയോഗിക്കാം. (കുട്ടനാടൻ പാടശേഖരങ്ങളിൽ ഇപ്പോൾ നിലവിലുണ്ട്)

4. കൊയ്ത്തിനു ശേഷം പാടശേഖരം യന്ത്രം ഉപയോഗിച്ചു ഉഴുവാൻ നടപടിയെടുക്കണം.

5. വെട്ടിപ്പുതുക്കേരി പാടശേഖരത്തിനു കൊച്ചാറിന്റെ സൈഡ് കെട്ടുക.

6. പാടശേഖരത്ത് മോട്ടോർ തറകൾ കല്ലുകെട്ടി ബലപ്പെടുത്തുക.

7. കാറ്റു വീഴ്ച വന്ന തെങ്ങുകൾ വെട്ടി പുതിയ തൈകൾ വയ്ക്കുന്നതിനു കൃഷിക്കാർക്ക് ധനസഹായം നല്കുക.

8. പാവടി കൊടുന്താർ റോഡ് എത്രയും പെട്ടെന്നു പൂർത്തിയാക്കുക.


9. കന്നേക്കോണി പടി മുട്ടുമ്പാട് റോഡ് പണി തീർക്കുക.

10. പാടശേഖരങ്ങളുടെ പുറം ബണ്ടു ബലപ്പെടുത്തുക.


11. കറുകയിൽ തോടും കണ്ണം കേരി തോടും തമ്മിൽ ബന്ധിപ്പിക്കുക. ഒറ്റതെങ്ങിൽതോട് ഈ തോടുകളോട് ബന്ധിപ്പിക്കുക.




ഗ്രൂപ്പ് കൺവീനർന്മാർ



കെ. കെ. രാമചന്ദ്രൻ




ഐ. ഗോപാലൻ



കെ. തങ്കപ്പൻ




സി. കെ. ഇസ്മയിൽ




ഇ. എ. തമ്പി



സുമതിയമ്മ



ശങ്കരനാരായണൻ



ഗോപിനാഥൻ നായർ



കൃഷിഭവൻ



മൃഗസംരക്ഷണം

ആമുഖം

കാർഷിക മേഖലയായ വീയപുരം ഗ്രാമപഞ്ചായത്തിന്റെ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. നിലം ഉഴവിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല ജൈവവള ശേഖരണത്തിനു വേണ്ടിയും കന്നുകാലികളെ വളർത്തുയിരുന്നു. കാർഷിക മേഖലയിലെ പുതി യതും ശാസ്ത്രീയവുമായ കൃഷി സമ്പ്ര ദായം നിലവിൽ വന്നതോടുകൂടി കാലി വളർത്തൽ രംഗത്ത് തളർച്ച അനുഭവപ്പെട്ടു.എന്നാൽ ഇപ്പോൾ പരിമിതികൾ ഏറെ ആണെങ്കിൽ തന്നെയും ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിച്ചു വരുന്ന ഏക മൃഗാശുപത്രിയുടെയും , നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും ആവിർഭാവത്തോടുകൂടി കർഷകർക്ക് ഈ രംഗത്ത് പ്രചോദനവും പ്രോത്സാഹനവും നൽകുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഏകദേശം 55% കുടുംബങ്ങളിൽ കന്നുകാലികളെ വളർത്തുന്നുണ്ട്. ആകെയുള്ള കന്നുകാലി സമ്പത്തിന്റെ രണ്ടിൽ ഒന്നു മാത്രമാണ് അത്യുല്പാദനശേഷിയുള്ളവ. കാലി വളർത്തൽ പ്രധാന ഉപജീവനമാർഗ്ഗ മായി സ്വീകരിച്ചിട്ടുള്ളത് വെറും10% കുടുംബങ്ങൾ മാത്രമാണ്.

പശു, എരുമ, ആട് എന്നിവയാണ് ഈ പഞ്ചായത്തിൽ വളർത്തി വരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ കോഴിയും താറാവും മുന്നിട്ട് നിൽക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

1)ക്ഷീരോല്പാദകർക്ക് പാലിന് ന്യായമായ വില കിട്ടുന്നില്ല.

2) കാലിത്തീറ്റ കുറഞ്ഞവിലക്കു ലഭിക്കുന്നില്ല.

3) മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ കുറവ്

4)കൂടെ കൂടെ അനുഭവപ്പെടുന്ന വെള്ളപ്പൊക്കഭീഷണി.

5) ശുചിത്വം ഉള്ള കന്നുകാലി തൊഴുത്തിന്റെ അപര്യാപ്ത

6) കാർഷിക മേഖലയിൽ നിന്നും ലഭിക്കേണ്ട വൈക്കോൽ പൂർണ്ണമായും

കിട്ടുന്നില്ല.

7) കോഴി വളർത്തലിനും താറാവു വളർത്തലിനും ആവശ്യമായ കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്

8) കോഴിത്തീറ്റയുടെ വില്വർദ്ധനവ് മൂലം മുട്ടകോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

9)പ്രതിരോധ കുത്തിവയ്പുകൾ ഇല്ലാതെ വ്യാപകമായി നായ്ക്കൾ അലഞ്ഞു തിരിഞ്ഞു നടക്കുന്നു.

സാദ്ധ്യതകൾ

(1) കുറഞ്ഞ ചെലവിൽ കാലീത്തീറ്റ ലഭ്യമാക്കുന്നതിന് സഹകരണ മേഖലയിൽ കാലീത്തീറ്റ ഉല്പാദന യൂണിറ്റ് ആരംഭിക്കുക.

(2) ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പരിപൂർണ്ണ സഹായത്തോടെ സ്വന്തമായി സ്ഥലവും , കെട്ടിടവും നിർമ്മിക്കുക.

(3) പാചക ഇന്ധന ക്ഷാമം പരിഹരിക്കുവാൻ ഊർജ്ജ സ്രോതസ് (Bio Gass) നിർമ്മിക്കുക..

(4) മൃഗ സംരംക്ഷണസ്ഥാപനങ്ങളുടെ വികസനം .

(5) മിനി ഡയറി യൂണിറ്റുകൾ സ്ഥാപിച്ച് സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

(6) പന്നി, മുയൽ, ഇറച്ചിക്കോഴി എന്നിവകളുടെ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

(7) ഊർജ്ജിത പുൽകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

നിർദ്ദേശങ്ങൾ

1) കാലീത്തീറ്റ പ്രദേശികമായി ഉല്പാദിപ്പിക്കുക.

2) നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും ലഭ്യമാകത്തക്ക വിധത്തിൽ എല്ലാ വാർഡുകളിലും ICDP സബ്സെൻറുകൾ സ്ഥാപിക്കുക.

3) ക്ഷീര സഹകരണ സംഘങ്ങൾ വഴി ധാതു സംപുഷ്ടമായ കാലീത്തീറ്റ ഉല്പാദിപ്പിച്ച് ന്യായ വിലക്കു കർഷകർക്കു നൽകുക.

4) കാലിത്തൊഴുത്ത് നിർമ്മിക്കാൻ കർഷകർക്കു സഹായം നൽകുക.

5) കന്നുകാലികളെ വാങ്ങുന്നതിന് ധനസഹായ വായ്പകൾ ലഭ്യമാക്കുക.

6) ഇറച്ചിക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.

7) കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

8) എഗ്ഗർ നേഴ്സറികൾ മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരംഭിക്കുക.

9) രണ്ടും, മൂന്നും ആളുകൾ വീതമുള്ള ചെറിയ യൂണിറ്റുകൾക്ക് ധന

സഹായം നൽകുക.

10) പക്ഷി, മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.

11) ബ്രോയിലർ കോഴി വളർത്തൽ യുണിറ്റിന് ബാങ്കുകൾവഴി ധന സഹായം നൽകുക.

12) കുളമ്പ് രോഗം, താറാവു വസന്ത, കോഴിവസന്ത എന്നിവയ്ക്ക് വാർഡ് തലത്തിൽ പ്രതിരോധ കുത്തിവയ്പ്പിന് സൗകര്യമുണ്ടാക്കുക.

13) പഞ്ചായത്തിൽ അംഗീകൃത അറവുശാല സ്ഥാപിക്കുക.

14) പേ വിഷബാധ നിർമ്മാർജനത്തിനായി വളർത്തുനായ്ക്കൾക്ക് സൗജന്യ നിരക്കിൽ വാക്സിൻ നൽകി പ്രതിരോധ കുത്തിവെയ്പ നടത്തുകയും, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

15) മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ആദരിക്കുവാൻ പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക.

16) കർഷക പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

വാർഡ് തലത്തിൽ നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ

WARD I

1) മൃഗാശുപത്രിയുടെ ഒരു ഉപ കേന്ദ്രം സ്ഥാപിക്കുക.

2) ഒന്ന്, രണ്ട്, മൂന്ന്, വാർഡുകളിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സംഘത്തിന് പൊതു സ്ഥലം അനുവദിച്ചു നൽകുക.

3) കോഴി വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ യൂണിറ്റ് സ്ഥാപിക്കുക. കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

4) പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റു സ്ഥാപിക്കുക.

5) പശു, ആട്, എരുമ, ഉഴവു മാടുകൾ എന്നിവ വാങ്ങുന്നതിന് ബാങ്കുവായ്പ നൽകുവാൻ നടപടി സ്വീകരിക്കുക.

WARD II

ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കണം.

എരുമ വളർത്താൻ ബാങ്കു വായ്പാ പ്രാവർത്തികമാക്കണം

ഉഴവുമാടുകൾ വളർത്താൻ ധന സഹായം

കോഴി, താറാവ് എന്നിവയ്ക്ക് ഇൻഷ്വറൻസ് നടപ്പാക്കണം.

വൈയ്ക്കോൽ നഷ്ടപ്പെടാതെ ശേഖരിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം-ക്ഷീരോല്പാദക സഹകരണ സംഘത്തിന് പൊതു സ്ഥലം അനുവദിച്ചു കിട്ടണം.

വാർഡിൽ താറാവു കൃഷിക്കാർ

ഉണ്ട്. അവർക്ക് 500 താറാവുകൾ ഒരു യൂണിറ്റ് എന്നു കണക്കാക്കി 25 പേർക്ക് വേണ്ട വായ്പാ പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

WARD III

എരുമ, ആട്, പശു എന്നിവ വളർത്താൻ ധനസഹായം

താറാവു കൃഷിക്കാർക്ക് ബാങ്കു വായ്പ.

WARD IV

ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കണം.

WARD V

കൂടുതൽ മാടുകളെ വളർത്താൻ സാമ്പത്തിക സഹായം -മാടുവളർത്തലിനെക്കുറിച്ച് ക്ലാസുകൾ ചാണകപ്പുര, കച്ചിപ്പുര, തൊഴുത്ത് എന്നിവ സൗജന്യമായി നൽകുക. കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക. ക്ഷീരോല്പാദകർക്ക് പെൻഷൻ നൽകുക. സൗജന്യ വിദ്യാഭ്യാസം നൽകുക. മാടുകളെ കുളിപ്പിക്കുന്നതിന് ഒരു പൊതുസ്ഥലം സജ്ജമാക്കുക.

WARD VI

സഞ്ചരിക്കുന്ന മൃഗാശുപത്രി.

ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ

താറാവു കർഷകർക്കു ധനസഹായം

WARD VII

മൃഗാശുപത്രിയുടെ ഒരു ഉപ കേന്ദ്രം സ്ഥാപിക്കുക.

കോഴി വളർത്തൽ കേന്ദ്രം ഉണ്ടാക്കണം.

ആടുമാടുകൾ വാങ്ങുന്നതിലേക്കു ബാങ്ക് വായ്പ

എല്ലാ മൃഗ സംരക്ഷണ വീടുകളിലും ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുക.

WARD VIII

മൃഗാശുപത്രിയുടെ ഒരു ഉപ കേന്ദ്രം സ്ഥാപിക്കുക.

ആട്, പശു, എരുമ, ഉഴവുമാടുകൾ എന്നിവ വാങ്ങുന്നതിന് ബാങ്കു വായ്പ അനുവദിക്കുക.

ഇറച്ചിക്കോഴി യൂണിറ്റ് സ്ഥാപിക്കുക.

മൃഗസംരക്ഷണം (പട്ടിക 1)

വാർഡ്	പശു		എരുമ		പോത്ത്	ആട്	പട്ടി
	കറവ യുള്ളത്	ഇല്ലാത്തത്	കറവ യുള്ളത്	ഇല്ലാത്തത്			
1	149	189	4	8	18	48	41
2	151	181			21	39	61
3	189	221	3	6	20	52	58
4	208	269	4	9	32	103	62
5	213	273	27	59	41	198	86
6	211	289	21	48	36	166	43
7	181	267	22	46	34	187	34
8	192	249	19	37	42	113	68

മൃഗസംരക്ഷണം (പട്ടിക 2)

വാർഡ്	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	ഇടാത്തത്	ആൺ	പെൺ	
1	182	1575	1716	90	2540	46
2	211	1613	1848	62	2000	31
3	196	1745	1916	160	5725	49
4	236	1813	1313	121	4205	67
5	267	1978	1978	122	4015	69
6	248	1816	1816	46	1514	48
7	280	1768	1768	92	3025	65
8	218	1618	1618	122	4020	69

മൽസ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ 20 കി. മീറ്ററോളം നീളത്തിൽ പമ്പയാറിന്റെയും,അച്ചൻകോവിലാറിന്റെയും കൈവഴികളും , 30 കി. മീറ്ററോളം നീളം വരുന്ന കൈത്തോടുകളും കൂടാതെ ശുദ്ധജല മത്സ്യക്കൃഷിക്ക് സാദ്ധ്യതയുള്ള പുറംപോക്കുകളും, സ്വകാര്യകുളങ്ങളും നിലവിലുണ്ട്. അതോടൊപ്പം വർഷത്തിൽ ആറു മാസം മത്സ്യബന്ധനം നടത്തുവാനും, ചെമ്മീൻ കൃഷി ചെയ്യുവാനും സൗകര്യമുള്ള പുഞ്ചപ്പാടങ്ങളും ഈ പഞ്ചായത്തിലുടനീളം സ്ഥിതി ചെയ്യുന്നു.

മത്സ്യ വിപണനത്തിനുള്ള പൊതുസംവിധാനം ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല എന്നത് ഖേദകര മാണ് മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരുന്ന വള്ളങ്ങൾക്ക് സൗകര്യപ്രദമായി കരക്ക് അടുത്ത് മത്സ്യശേഖരണവും, വിതരണവും നടത്തുവാനുള്ള സൗകര്യം ഇന്ന് നിലവിലില്ല.

മത്സ്യബന്ധന വിവരങ്ങൾ

പട്ടിക -4-6

വാർഡ്	ഉൾനാടൻ മത്സ്യ തൊഴിലാളികൾ	യന്ത്രംഘടിപ്പിക്കാത്ത വള്ളങ്ങൾ
1	25	15
2	20	10
3	150	50
4	100	35
5	40	10
6	50	15
7	30	12
8	50	15
Total	465	162

മത്സ്യബന്ധനം മുഖ്യ തൊഴിലാക്കി ഉപജീവനം നടത്തുന്ന മത്സ്യ തൊഴിലാളികളിൽ കൂടുതൽ കുടുംബങ്ങളും പഞ്ചായത്തിന്റെ മൂന്ന്, നാല് വാർഡുകളിലാണുള്ളത്.

ഇവിടെക്കിട്ടുന്ന പ്രധാന മത്സ്യങ്ങൾ , ആറ്റുവാള, തൂളി, കരിമീൻ, കുറുവ, വരാൽ, കാരി, ചെമ്പല്ലി, ആറ്റുകൊഞ്ച് , എന്നിവയാണ് . പഞ്ചായത്തിലെ 15 അംഗങ്ങൾക്ക് മത്സ്യതൊഴിലാളി പെൻഷൻ ലഭിക്കുന്നു.

ഉൾനാടൻ മത്സ്യവിപണന രംഗത്ത് കൂടുതലും സ്ത്രീ തൊഴിലാളികളാണ്. അന്യസ്ഥലങ്ങളിൽ കൊണ്ടുപോയി വിപണനം നടത്തുന്നവർ, വളരെയേറെ ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്നു.

പ്രധാന പ്രശ്നങ്ങൾ/ നിർദ്ദേശങ്ങൾ

ഉൾനാടൻ മത്സ്യതൊഴിലാളികൾ ഇന്നു നേരിടുന്ന ഗുരുതരമായ പ്രശ്നം കൂടെ കൂടെ അനുഭവപ്പെടുന്ന മത്സ്യ രോഗങ്ങളാണ്.

നിർദ്ദേശങ്ങൾ

1) ഒരു ലാൻഡിംഗ് സെൻററും മത്സ്യശേഖരവിപണന കേന്ദ്രവും സ്ഥാപിക്കുക.

2) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം, കക്കൂസു നിർമ്മാണം, വൈദ്യുതീകരിക്കുക. മത്സ്യ ബന്ധന ഉപകരണങ്ങൾ, വാങ്ങുക എന്നിവയ്ക്ക് ധനസഹായം അനുവദിക്കുക.

3) മത്സ്യ സംസ്ക്കരണത്തിനും, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും, സാമ്പത്തിക സഹായം അനുവദിക്കുക.

4) കാർഷിക ആവശ്യങ്ങൾക്കായി പാടശേഖരങ്ങൾ വെള്ളം വറ്റിക്കുമ്പോൾ പെട്ടിമുഖത്ത് വല കെട്ടി മീൻ പിടിക്കുന്നത് നിരോധിക്കുക.

5) മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഓഫീസുകൾ ഇവിടെ ആരംഭിക്കണം.

6) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യകൃഷി, മത്സ്യബന്ധനം, മത്സ്യത്തീറ്റ നിർമ്മാണം മുതലായ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7) മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുക.

8) കൂടെ കൂടെ അനുഭവപ്പെടുന്ന മത്സ്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പരിപാടികൾ ഊർജിതമായി നടപ്പാക്കുക.

9) പുഞ്ചപാടങ്ങളിലെ നെൽകൃഷിക്കുശേഷം ഇടവിളയായി ചെമ്മീൻ കൃഷിചെയ്യുന്നതിനു യോജ്യമായ എല്ലാ വിധ നടപടികളും സ്വീകരിക്കുക.

10) മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സാമ്പത്തിക ആനുകൂല്യം വർദ്ധിപ്പിക്കുകയും, ആയത് യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

11) പഞ്ചായത്തു തലത്തിലുള്ള പൊതുകുളങ്ങൾ മത്സ്യകൃഷിക്കു വേണ്ടി ഉപയുക്തമാക്കുകയും അവ മത്സ്യത്തൊഴിലാളികൾക്ക് പാട്ടത്തിനു നൽകുകയും ചെയ്യുക.

12) ഒരു ഐസ് പ്ലാൻറും, കോൾഡ്സ്റ്റോറേജ് സിസ്റ്റവും പ്രാവർത്തികമാക്കുക.

13) ഉൾനാടൻ മത്സ്യത്തൊഴിലാളിയുടെ പേര് രജിസ്റ്റർ ചെയ്യുകയും വർഷംതോറും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

14) പ്രാദേശിക മേഖലകളിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, മത്സ്യത്തൊഴിലാളികൾക്കുള്ള പങ്കാളിത്തം ഉറപ്പു വരുത്തുക.

15) തീരദേശ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ക്ഷാമബത്ത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുക.

16) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാര പരിപാടി നടപ്പിലാക്കുക.

17) നല്ല ഇനം മത്സ്യ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന കേന്ദ്രം തുടങ്ങുക, സാങ്കേതിക വിദ്യ ഗവൺമെൻറ് ഭാഗത്തുനിന്നുണ്ടാക്കുക.

വാർഡുതല നിർദ്ദേശങ്ങൾ.

WARD I

ശുദ്ധജല മത്സ്യക്കൃഷിക്കു താല്പര്യമുള്ളവർ വാർഡിലുണ്ട്. സ്വകാര്യകുളങ്ങളും പൊതുകുളങ്ങളും ഉണ്ട്. സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കണം. പുഞ്ചപ്പാടങ്ങളിലും ഇടവിളയായി ചെമ്മീൻ കൃഷി ചെയ്യുന്നതിന് സഹായം ലഭ്യമാക്കണം.

1-ാം വാർഡിൽ 1.5 ഏക്കറിൽ മത്സ്യകൃഷി ചെയ്യാൻ താല്പര്യമുണ്ട്.

WARD II

മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, ഭവനങ്ങൾ വൈദ്യുതീകരിക്കുക എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക.

WARD III

ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മത്സ്യ മാവേലി സ്റ്റോർ തുറന്ന് പ്രവർത്തിക്കുക. മത്സ്യത്തൊഴിലാളികളുടെ കട വായ്പ എഴുതിത്തള്ളുക.

WARD IV

ഗ്രാമസംഘം രൂപീകരിക്കുക. മത്സ്യത്തൊഴിലാളികളുടെ കട വായ് പ എഴുതിത്തള്ളുക.

WARD V

മത്സ്യബന്ധനത്തിനും മത്സ്യക്കൃഷിക്കും സൗകര്യമുണ്ട്. ആയത് പ്രയോജനപ്പെടുത്തണം.

WARD VI

പുഞ്ചകൃഷി എടുത്തു കഴിഞ്ഞാൽ ചെമ്മീൻ കൃഷിക്കു സാദ്ധ്യതയുണ്ട്. സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കണം. മത്സ്യകൃഷിക്കു പറ്റിയ കുളങ്ങളും വാർഡിലുണ്ട്.

WARD VIII

8-ാം വാർഡിൽ 5 ഏക്കർ മത്സ്യകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നു.

മത്സ്യക്കൃഷിക്കു പറ്റിയ പുഞ്ച നിലങ്ങളുടെ നിർദ്ദേശങ്ങൾ.

I-ാം വാർഡിൽ പേരാത്തുവള്ളം

അകവൂർ പാടശേഖരം, കരിപ്പോലിൽ കിഴക്കുവശം.

2, 3 വാർഡുകളിൽ

ഇലവന്താനം

6 -ാം വാർഡിൽ

മുണ്ടുതോടു പോളത്തുരുത്ത്.

വ്യവസായം

9-10 പഞ്ചവത്സര പദ്ധതിയിലേക്ക് വീയപുരം ഗ്രാമ പഞ്ചായത്തിൽ നിന്നും ഉൾപ്പെടുത്തേണ്ട വ്യവസായ സംരംഭങ്ങളും ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തെയും സംബന്ധിച്ച് 8 വാർഡുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് വ്യാവസായികമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് വീയപുരം. വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും നല്ല നിലവാരം പുലർത്തുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ അഭ്യസ്തവിദ്യരിലും മറ്റു വിഭാഗങ്ങളിലും അതിരൂക്ഷമാണ്. ഈ പഞ്ചായത്തിലെ വ്യവസായത്തെപ്പറ്റി ആലോചിക്കുമ്പോൾ കാർഷിക മേഖലയുടെ കൂടി ഉന്നതികണക്കാക്കിയുള്ള വ്യവസായമാണ് ഇവിടെ ഉണ്ടാകേണ്ടത്. ആയതിനാൽ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ ലഭിക്കുന്നതിനുവേണ്ട സാദ്ധ്യതകൾ ആരായുന്നതിനോടൊപ്പം തന്നെ തൊഴിലാളികളുടെ ന്യായമായ വേതനവും തൊഴിലവകാശവും ഉറപ്പുവരുത്തിയാൽ മാത്രമെ വ്യവസായവല്ക്കരണം കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ. വ്യവസായങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, തൊഴിൽ സൗകര്യം, ജലലഭ്യത, മനുഷ്യ വിഭവശേഷി എന്നിവയെല്ലാം ഉണ്ടായിട്ടും നമ്മുടെ പഞ്ചായത്തു വളരെ അവഗണിക്കപ്പെട്ടു കിടക്കുന്നു.

നിലവിലുള്ള വ്യവസായങ്ങൾ

1. പരമ്പരാഗത വ്യവസായങ്ങൾ

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉല്പാദന ചെലവിലുണ്ടായ വർദ്ധനവ്, വിപണിയിൽ ആധുനിക വ്യവസായങ്ങളോട് കിടപിടിക്കുവാൻ ശേഷിയില്ലായ്മ എന്നീ കാരണങ്ങളാൽ നമ്മുടെ നാട്ടിലെ കുടിൽ വ്യവസായങ്ങൾ പലതും നിർജ്ജീവാവസ്ഥയിലാണ

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

വാർഡ്	വ്യവസായങ്ങൾ	മേഖല	എണ്ണം	തൊഴിലാളികളുടെ എണ്ണം
01	ഇഷ്ടിക നിർമ്മാണം	സഹകരണം	01	10
	റൈസ് മിൽസ്	"	02	04
	ഫർണിച്ചർ	"	01	10
	തടി അറപ്പു മിൽസ്	"	01	05
02	നൂൽ നൂൽപ്പ് (ഖാദി ബോർഡ്)	സർക്കാർ	01	25
	പ്രസ്സ് (പ്രിൻറിംഗ്)	സഹകരണം	01	04
	റൈസ് മിൽ		01	02
03	കിണർ കുഴി നിർമ്മാണം	അർദ്ധ സർക്കാർ	01	25
	ഇഷ്ടിക (വനിത വ്യവസായ സഹകരണ)	സഹകരണം	25	
	റൈസ് മിൽസ്	"		
	വർക്ക് ഷോപ്പ്	"	03	05
04	വനിതാ വ്യവസായ യൂണിറ്റ്			
	(അച്ചാർ)	സഹകരണം	01	62
	പ്രിൻറിംഗ് പ്രസ്സ്	സഹകരണം	01	03
	സൈക്കിൾ വർക്സ്	"	01	01
	റൈസ് മിൽസ് ഓയിൽ	"	01	01
	ഗ്രൈൻറിംഗ്	"	01	02
05	ഇഷ്ടിക നിർമ്മാണം	സഹകരണം	04	42
	റൈസ് മിൽസ്	"	03	03
	ഗ്രൈൻഡിംഗ് മെഷിൻ	"	04	04
	വർക്ക് ഷോപ്പ്	"	07	08
	ടീസൽ ഡിപ്പോ	സർക്കാർ	01	54
	ബീഡി നിർമ്മാണം	സഹകരണം	05	05
06	ഫർണിച്ചർ	സഹകരണം	02	06
	റൈസ് മിൽസ്	"		01
	ഗ്രൈൻറിംഗ്	"		01
	ഇഷ്ടിക വ്യവസായം		01	09
	ബീഡി വർക്സ്		06	06
07	റൈസ് മിൽസ്	സഹകരണം		
	ഗ്രൈൻറിംഗ്	"	01	02
	ഫർണിച്ചർ മാർട്ട്		02	05
	ഇഷ്ടിക		01	06
08	വനിത വ്യവസായ യൂണിറ്റ്	സഹകരണം	01	10
	ഇഷ്ടിക വ്യവസായം	"	01	07
	റൈസ് മിൽ		03	03
	ബ്രോയിലർ ഫാം	"	01	02

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ
1. തടി വ്യവസായം
2. ഇഷ്ടിക വ്യവസായം
3. കിണർകുഴി നിർമ്മാണം
4. നൂൽ നൂൽപ്പ്
5. ബീഡി
6. തഴപ്പായ് നെയ്ത്ത്
7. അച്ചാർ, ചിപ്സ് നിർമ്മാണം
8. ഫർണിച്ചർ നിർമ്മാണം
9. നെല്ലുകുത്ത്

ആധുനിക വ്യവസായം

വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. ഇവിടെയുള്ള ഒരേയൊരു വ്യവസായം സർക്കാർ മേഖലയിലുള്ള വീയപുരം തടി ഡിപ്പോ മാത്രമാണ്. തിരുവിതാംകൂർ-കൊച്ചിയിലെ ഏറ്റവും വലിയ തടി ഡിപ്പോയായിരുന്നു ഇത്. 50 ഏക്കറിൽ പരം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. 100 വർഷത്തിലേറെ കാലപ്പഴക്കമുണ്ട്. 50-ൽ പരം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു.

വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

1. ഊർജ്ജ വിതരണം തൃപ്തികരമല്ല. വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നു.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ട സഹായം ലഭിക്കുന്നില്ല. യഥാസമയം വായ്പ ലഭിക്കുന്നില്ല.
3. കൂടുതൽ തുക വർക്കിംഗ് ക്യാപ്പിറ്റൽ ആയി നൽകണം.
4. വായ്പയുടെ പലിശ നിരക്ക് കുറയ്ക്കണം.
5. കൈത്തറി യൂണിറ്റ്, ഖാദി യൂണിറ്റ് തുടങ്ങിയ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിയിലെ മത്സരം എന്നിവ കാരണം വേണ്ടത്ര ഉല്പാദനം നടക്കുന്നില്ല.
6. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
7. കാർഷിക ഉല്പന്നങ്ങൾ സംസ്ക്കരിച്ചു വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഉപാധികളില്ല.

സാദ്ധ്യതകൾ

1. ആധുനിക രിതിയിലുള്ള ഒരു നെല്ലുകുത്ത് വ്യവസായം (റൈസ്) സ്ഥാപിക്കുക. ഈ യൂണിറ്റിലേക്ക് ആവശ്യമായ നെല്ല് നമ്മുടെ പഞ്ചായത്തിൽ നിന്നും സമീപ പ്രദേശത്തു നിന്നും ശേഖരിക്കണം.
2. കാലിതീറ്റ നിർമ്മാണം.

   വളരെയധികം വൈക്കോൽ നമ്മുടെ പഞ്ചായത്തിൽ പാഴായി പോകുന്നു. ഈ വൈക്കോലും മുകളിൽ പറഞ്ഞ നെല്ലുകുത്തുമില്ലിലെ തവിടും ഇനിയും പറയുന്ന നാളീകേര സംസ്ക്കര

ണ മില്ലിലെ പിണ്ണാക്കും സംഭരിച്ച് കാലിതീറ്റ നിർമ്മാണ യൂണിറ്റ് നടത്തുവാൻ കഴിയും.

3. നമ്മുടെ പഞ്ചായത്തിൽ ഒരു നാളീകേര സംസ്ക്കരണയൂണിറ്റ് സ്ഥാപിക്കുക. ഇതിലേക്ക് ആവശ്യമായ നാളീകേരം ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണ്.

4. മത്സ്യ വ്യവസായം

നമ്മുടെ പഞ്ചായത്തിൽ മത്സ്യ ബന്ധനത്തിൽ കൂടി ലഭിക്കുന്ന മത്സ്യം സംഭരിച്ച് വിപണനം നടത്തുന്നതിന് മത്സ്യ വ്യവസായ - സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കാം. ആറ്റുകൊഞ്ച് പതിവായി ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു കൊഞ്ച് സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

5. ഇഷ്ടിക വ്യവസായം

സിമൻറ് ഇഷ്ടികയും, മണ്ണ് ഇഷ്ടികയും വിപുലമായ രീതിയിൽ നിർമ്മിച്ച് വ്യവസായം തുടങ്ങാവുന്നതാണ്.

6. നീറ്റുകക്ക

നമ്മുടെ പഞ്ചായത്തിൽ കക്ക സുലഭമാണ്. നീറ്റു കക്ക യൂണിറ്റ് തുടങ്ങണം.

വാർഡ് അനുസരിച്ചുള്ള സാദ്ധ്യതകൾ

വാർഡ് 1

(1) റെഡിമെയിഡ് തയ്യൽ സ്ഥാപനം

(2) വ്യാവസായികടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുക.

(3) ക്ഷീരോല്പാദന യൂണിറ്റ് തുടങ്ങുക.

വാർഡ് 2

(1) വാർഡിലെ സ്ത്രീകളെ ഉൾപ്പെടുത്തി തഴപ്പായ് നെയ്ത്ത് വ്യവസായം തുടങ്ങുക.

(2) തീപ്പെട്ടി വ്യവസായം

വാർഡ് 3

(1) മെഴുകുതിരി നിർമ്മാണം

(2) സോപ്പു നിർമ്മാണം

വാർഡ് 4

1961 രജിസ്റ്റർ ചെയ്ത വനിതാ സംഘം ഉണ്ട്. ഫണ്ടിൻെറ അഭാവത്താൽ പ്രവർത്തനം ഇല്ല. ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലോണായും സബ്സിഡിയായും സർക്കാരിൽ നിന്നും ലഭിക്കണം. (ബുക്ക് ബയൻറിംഗ്, തയ്യൽ, മെഴുകുതിരി, സാമ്പ്രാണി, മുതലായവ പണ്ട് നിർമ്മിച്ചിരുന്നു.)

വാർഡ് 5

(1) ഫർണ്ണീച്ചർ വ്യവസായം തുടങ്ങണം

(2) വനിത വ്യവസായ യൂണിറ്റ് തുടങ്ങണം

(റെഡിമെയ്ഡ്, ബുക്ക് ബയൻറിംഗ്, ക്ഷീരോല്പന്നം)

വാർഡ് 6

(1) കിണർ കുഴി നിർമ്മാണം

(2) ഹോളോ ബ്രീക്സ്

(3) ഫർണിച്ചർ മാർട്ട്

വാർഡ് 7

(1) തീപ്പെട്ടി നിർമ്മാണം

(2) പ്ലാസ്റ്റിക് ഫാക്ടറി

(3) കൂൺ സംസ്ക്കരണയൂണിറ്റ്

(4) മോഡേൺ റൈസ്മിൽ

(5) സഹകാര്യ മേഖലയിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം ചെയ്യുക.

വാർഡ് 8

(1) കോഴി, താറാവ് വളർത്തൽ വ്യവസായിക അടിസ്ഥാനത്തിൽ ആരംഭിക്കുക.

(2) ഇഷ്ടിക വ്യവസായം, തഴപ്പായ നെയ്ത്ത് യൂണിറ്റ് എന്നിവ തുടങ്ങുന്നതിന് സാമ്പത്തിക സഹായം

ഓരോ വാർഡിലും ഒരു വ്യവസായ യൂണിറ്റ് എങ്കിലും തുടങ്ങണം. ഖാദി ബോർഡിന്റെ ചെറുകിട വ്യവസായ യൂണിറ്റാകണം ഇതിനുവേണ്ട സാമ്പത്തിക സഹായം ഗ്രാന്റായും ലോണായും ലഭിക്കണം.

പൊതു നിർദ്ദേശം

കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി വീയപുരത്ത് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. സ്ഥലത്തിന്റെ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു പ്രസക്തിയുണ്ട്.

ഇൻഡസ്ട്രിയൽ ഗ്രോത്തു സെന്റർ സ്ഥാപിക്കുക.

മറ്റു നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ പട്ടിക പഞ്ചായത്തു തലത്തിൽ ശേഖരിക്കുകയും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക. വിവിധ വകുപ്പുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും മേലധികാരികളെ ഇത്തരം പരിപാടികളിൽ ബന്ധിപ്പിക്കുക. ഇവർക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നല്കണം. ഇതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്താഫീസ് വായനശാലകൾ എന്നിവ ലഭ്യമാക്കണം.

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വനിതകൾക്ക് സങ്കേതിക പരിജ്ഞാനം

മാർക്കറ്റ്

പ്രകൃതിയുടെ കാരുണ്യത്താൽ അനുഗ്രഹീതമായ നമ്മുടെ പഞ്ചായത്ത് വളക്കൂറുള്ള മണ്ണ്, ആറുകൾ, തോടുകൾ, നെല്പാടങ്ങൾ, ഫലവൃക്ഷങ്ങളുടെയും, മറ്റു വൻ വൃക്ഷങ്ങളുടെയും, ഔഷധച്ചെടികളുടെയും ആസ്ഥാനമായി ശോഭിക്കുന്നു. ഇവിടെ പച്ചക്കറികൾ, നെല്ല്, നേന്ത്രകായ്കൾ, മത്സ്യം തുടങ്ങി വിദേശ നാണ്യം നേടിത്തരുന്ന വിഭവങ്ങൾ ഉത്പ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ കർഷകന് അവന്റെ നാണ്യവിളകൾക്ക് മിതമായ നിലയിൽ വില്പന നടത്തുവാൻ ഒരു

മാർക്കറ്റിങ്ങ്സംവിധാനം പഞ്ചായത്തിൽ ഒറ്റ വാർഡിലും ഇല്ല, തൻമൂലം മധ്യവർത്തികൾ ഇടപെട്ട് കർഷകന്റെ ഉൽപ്പന്നത്തിന് ആവശ്യമായ വിലനിലവാരം ഇല്ലാതാക്കുകയും, ഉപഭോക്താക്കൾക്ക് അമിതമായ വില ഉൽപ്പന്നങ്ങൾക്ക് നൽകേണ്ടി വരികയും ചെയ്യുന്നു. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ പഞ്ചായത്തിന്റേതായ ഒരു Shopping Complex സ്ഥാപിക്കുകയും വാർഡുകളിൽ മാവേലി സ്റ്റോറുകളും, അന്തിച്ചന്തകളും, ആഴ്ചച്ചന്തകളും സ്ഥാപിക്കുകയും ചെയ്യുക. (പഞ്ചായത്തിന്റെതായ പുറമ്പോക്കിൽ).

Ward II

കണ്ണൻകുളം നികത്തി ഒരു മത്സ്യ, സസ്യ മാർക്കറ്റും, മറ്റു വ്യാപാര സ്ഥാപനങ്ങളും സ്ഥാപിക്കുക.

Ward III

ഒരു പൊതു വിപണന സൗകര്യം ആവശ്യമായതിനാൽ വാർഡിൽ പഞ്ചായത്തിന്റേതായ ഒരു കുളം നികത്തി അതിന് പരിഹാരം കാണേണ്ടതാണ്.

Ward IV

അന്തിച്ചന്തയോ, ആഴ്ചച്ചന്തയോ തുടങ്ങി S.B.T. ജംഗ്ഷന് കിഴക്കുവശമുള്ള കുളം നികത്തി അതിന് വേണ്ട നടപടി സ്വീകരിക്കുക.

Ward V

വീയപുരം പഞ്ചായത്തിന്റെ ഹൃദയ ഭാഗമായ കോയിക്കൽ ജംഗ്ഷന് തെക്കു വശമുള്ള പാലത്തിന്റെ രണ്ടു വശത്തും (അപ്രോച്ചിന്റെ വശങ്ങളിൽ) വിശാലമായ സ്ഥലങ്ങൾ ഉള്ളതിനാൽ പഞ്ചായത്തിന്റേതായ Shopping Complex മാവേലി സ്റ്റോർ, ചന്ത, ആഴ്ചച്ചന്ത എന്നിവ തുടങ്ങി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുകയും, ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഉല്പന്നങ്ങൾ വാങ്ങുന്നതിനും അവസരം സൃഷ്ടിക്കുകയും ചെയ്യുക.

Ward VI

വാർഡിൽ ഒരു അന്തിച്ചന്ത തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുക. (ഡിപ്പോ ക്രോസ് പാലത്തിന്റെ കിഴക്കേകര തെക്കുവശം)

Ward VII

എസ്.ബി.റ്റി.ജംഗ്ഷന് സമീപം ഒരു അന്തിച്ചന്ത തുടങ്ങുന്നതിന് ആവശ്യമായ സംവിധാനങ്ങൾ നടപ്പാക്കുക.

വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഈ പഞ്ചായത്തിലെ വ്യവസായത്തേപ്പറ്റി ആലോചിക്കുമ്പോൾ കാർഷിക മേഖലയുടെ കൂടി ഉന്നതി കണക്കാക്കിയുള്ള വ്യവസായം ആണിവിടെ ഉണ്ടാകേണ്ടത്. തൊഴിലില്ലായ്മ രൂക്ഷമായ ഒരു പഞ്ചായത്താണ് നമ്മുടേത്. ഇതിനൊക്കെ പരിഹാരമായി കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം.

പഞ്ചായത്തിനു പൊതുവായി താഴെപ്പറ

യുന്ന വ്യവസായങ്ങൾ സ്ഥാപിച്ചു അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

1. ആധുനിക രീതിയിലുള്ള ഒരു നെല്ലുകുത്തുമില്ലു സ്ഥാപിക്കുക. ഈ മില്ലിലേയ്ക്കാവശ്യമായ നെല്ല് നമ്മുടെ പഞ്ചായത്തിൽ നിന്നും സമീപ പഞ്ചായത്തീൽ നിന്നും വിളവെടുപ്പു സമയത്തു സംഭരിക്കാം.

2. കാലിത്തീറ്റ ഫാക്ടറി

   വളരെ അധികം വൈക്കോൽ നമ്മുടെ പഞ്ചായത്തിൽ പാഴായിപ്പോകുന്നു. ഈ വൈക്കോലും മുകളിൽപ്പറഞ്ഞ നെല്ലുകുത്തു മില്ലിലെ തവിടും ഇനി പറയുന്ന നാളീകേര സംസ്ക്കരണ മില്ലിലെ പിണ്ണാക്കും ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങാൻ കഴിയും.

3. നമ്മുടെ പഞ്ചായത്തിൽ ഒരു നാളികേര സംസ്ക്കരണ യൂണിറ്റു തുടങ്ങണം.

4. മത്സ്യ വ്യവസായം

   നമ്മുടെ പഞ്ചായത്തിൽ മത്സ്യബന്ധനത്തിൽ കൂടി കിട്ടുന്ന മത്സ്യം സംഭരിച്ച് വിപണനം നടത്തുന്നതിനു മത്സ്യ വ്യവസായ സഹകരണ സംഘം രൂപീകരിച്ചു പ്രവർത്തിക്കാം. ആറ്റു കൊഞ്ചു ധാരാളം ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു കൊഞ്ചു സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കണം.

5. ഇഷ്ടിക വ്യവസായം

   സ്ലിമൻറിഷ്ടികയും മണ്ണിഷ്ടികയും വിപുലമായി രീതിയിൽ നിർമ്മിച്ചു വിപണനം നടത്തുന്ന ഒരു സ്ഥാപനം തുടങ്ങാവുന്നതാണ്.

6. നീറ്റുകക്കാ വ്യവസായം

   നമ്മുടെ പഞ്ചായത്തിൽ കക്കാ സുലഭമാണ്. ആയതിനാൽ ഒരു നീറ്റുകക്കായൂണിറ്റു തുടങ്ങണം.

വാർഡു തിരിച്ചുള്ള സാധ്യതകൾ

I. 1. റെഡിമേയ്ഡ് തയ്യൽ സ്ഥാപനം (വസ്ത്ര നിർമ്മാണയൂണിറ്റ്)

2. വ്യാവസായികടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുക.

3. ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്

II. വാർഡിലെ സ്ത്രീകളെ ഉൾപ്പെടുത്തി തഴപ്പായ് നെയ്ത്തു വ്യവസായം ആരംഭിക്കാം.

തീപ്പെട്ടി വ്യവസായം തുടങ്ങാം.

II. മെഴുകുതിരി വ്യവസായം

സോപ്പു നിർമ്മാണം.

IV. 1961ൽ രജിസ്റ്റർ ചെയ്ത വനിതാ സംഘം ഉണ്ട്. ഫണ്ടിൻെറ അഭാവത്തിൽ പ്രവർത്തനം ഇല്ല. ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തീക സഹായം ലോണായും സബ്സിഡിയായും സർക്കാരിൽ നിന്നും ലഭിക്കണം. (ബുക്കു ബൈൻറിംഗ്, തയ്യൽ, മെഴുകുതിരി, സാമ്പ്രാണി) മുതലായവ ഇവിടെ ഉണ്ടാക്കിയിരുന്നു.

V. ഫർണിച്ചർ വ്യവസായം തുടങ്ങിയാൽ നല്ലതാണ്.

VI. ഇഷ്ടിക വ്യവസായം, തയ്യൽ എമ്പ്രോ

യിഡറി, വസ്ത്ര നിർമ്മാണ യൂണിറ്റ്, കിണർ തൊടി നിർമ്മാണം, ഹോളോ ബ്രിക്സ്, ഫർണിച്ചർ വ്യവസായം എന്നിവ തുടങ്ങണം.

VII. തീപ്പെട്ടിക്കൊള്ളി ഫാക്ടറി

1) മോഡേൺ റൈസ് മിൽ

2) പ്ലാസ്റ്റിക്ക് ഫാക്ടറി തുടങ്ങുക

3) കൂൺ സംസ്ക്കരണ യൂണിറ്റ്

4) സ്വന്തമായി വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

VIII 1) കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ താറാവു വളർത്തൽ

2) ഇഷ്ടിക വ്യവസായം, തഴപ്പായ് നെയ്ത്തു യൂണിറ്റ് എന്നിവ തുടങ്ങാൻ സാമ്പത്തിക സഹായം ലഭിക്കണം.

3) ഓരോ വാർഡിലും കുറഞ്ഞത് ഒരു വ്യവസായ യൂണിറ്റെങ്കിലും തുടങ്ങണം, അതു ഖാദി ബോർഡിന്റെ ചെറുകിട വ്യവസായ യൂണിറ്റാകണം. ഇതിനുവേണ്ട സാമ്പത്തിക സഹായം ചെയ്യണം. ഗ്രാൻറായും ലോണായും ലഭിക്കാൻ സഹായിക്കണം.

✱✱✱✱

വിദ്യാഭ്യാസം

ആമുഖം

വിദ്യാഭ്യാസ രംഗത്ത് വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനമാണ് കേരളം. കേരളത്തിലെ ആലപ്പുഴ ജില്ലയിൽ സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നത് വീയപുരം പഞ്ചായത്താണ്.

വികസനത്തിന്റെ അടിത്തറ വിജ്ഞാനമാണ്. വിജ്ഞാനസമ്പാദനത്തിന്റെ മാർഗ്ഗം വിദ്യാഭ്യാസവും, വിദ്യാഭ്യാസം സാമൂഹിക മാറ്റത്തിനുള്ള ശക്തവും, യുക്തവുമായ മാധ്യമമാണ്. ''ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാ പൗരനും'' എന്നതായിരിക്കട്ടെ ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ ലക്ഷ്യം.

ചരിത്രം

ഏകദേശം അയ്യായിരം വർഷം പഴക്കമുള്ള വീയപുരം എന്ന് ഇന്നറിയപ്പെടുന്ന ബകപുരത്തെപ്പറ്റി മഹാഭാരതത്തിൽ പ്രതിപാദിച്ചു കാണുന്നു. ഏകചക്രയും, ബകപുരവും, പാണ്ഡവർകാവുമെല്ലാം കാർത്തികപ്പള്ളി താലൂക്കിന്റെ ഭാഗമാണെന്നും പഴമക്കാർ പറയുന്നു. വ്യാസന്റെ ഉപദേശം ഹേതുവായി പാണ്ഡവർ അജ്ഞാത വാസക്കാലത്ത് കുറെക്കാലം ഏക ചക്രയിൽ വസിച്ചിരുന്നതായി പറയുന്നു. ബകപുരം ലോപിച്ചുണ്ടായതാണ് വീയപുരം എന്ന പ്രദേശം എന്നും ഒരു പറച്ചിലുണ്ട്. നൂറ്റാണ്ടുകൾക്കു മുൻപേ വിവിധ മതസ്ഥരായ ഇന്നാട്ടിലെ ജനങ്ങൾ ഏകോദര സഹോദരങ്ങളെ പോലെ കഴിഞ്ഞിരുന്നു എന്നുള്ളതിന്റെ തെളിവാണ് ഇവിടെ തോളുരുമ്മി നിൽക്കുന്ന വിവിധ മതവിഭാഗങ്ങളുടെ ദേവാലയങ്ങൾ. സസ്യശ്യാമളമായ ഈ അപ്പർ കുട്ടനാടൻ പ്രദേശം പുരാണ പ്രസിദ്ധമായ നദികളെ ക്കൊണ്ടും സമ്പന്നമാണ്. കർഷ കരും, കർഷക തൊഴിലാളികളും തിങ്ങിപ്പാർ ക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാ സപരമായും ഉയർന്ന നില വാരം പുലർത്തുന്നു. ക്രിസ്ത്യൻ മിഷനറി മാരാണ് ഇവിടെ ആദ്യം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ മുതിർ ന്നതെന്ന് കാണാം.

ഏകദേശം ഒരു നൂറ്റാണ്ട് പഴക്കമുള്ള ഈ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചത് മാർത്തോമ്മാ സഭയാണ്. പുരാണ പ്രസിദ്ധമായ പമ്പയുടെ തീരത്ത് സ്ഥിതി

ചെയ്യുന്ന മേൽപ്പാടം എം.ടി. എൽ.പി. സ്ക്കൂൾ, മാർത്തോമാ പള്ളി പണിയുന്നതിന് മുൻപേ സ്ഥാപിച്ചിരുന്നതായി രേഖകളിൽ കാണുന്നു. ഈ വിദ്യാലയത്തിലെ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. കെ.എം. വർഗ്ഗീസ് ആയിരുന്നു. പശ്ചിമ ബംഗാൾ സീനിയർ ഗവൺമെൻറ് സെക്രട്ടറി ശ്രീ. കെ. ജോൺകോശി I.A.S പ്രൊഫ: ഡോ: K. ജോൺ മത്തായി എന്നിവർ ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

95 വർഷം പഴക്കമുള്ള കാരിച്ചാൽ വാഴത്താറ്റ് പ്രൈമറി സ്ക്കൂൾ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് സഭയുടെ വകയാണ്. പഴയ സ്ക്കൂൾ കെട്ടിടം ഇന്ന് നിലവിലില്ല. പുതിയ കെട്ടിടം പള്ളിയുടെ മുൻവശത്ത് വടക്കോട്ട് മാറ്റി സ്ഥാപിച്ചിരിക്കുന്നു. ഇന്നത് സെൻറ് ജോർജ്ജ് എൽ.പി. സ്ക്കൂൾ എന്ന പേരിലറിയപ്പെടുന്നു. ഈ സ്ഥാപന ത്തിലെ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. എ. ഉമ്മൻ ആയിരുന്നു. ശ്രീ. സി.എം. രാധാകൃഷ്ണൻ നായർ ഐ.പി .എസ്, സാഹിത്യകാരനായ ഇടശ്ശേരിൽ നീലകണ്ഠൻ നായർ എന്നിവർ ഈ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

പായിപ്പാട് പ്രൈമറി സ്ക്കൂൾ കൊല്ലവർഷം 1088-ൽ സ്ഥാപിച്ച തായി കാണുന്നു. പഴയ ഓലകെട്ടിടത്തിലാണ് ഇന്നും ഈ സ്ക്കൂൾ പ്രവർത്തിക്കുന്നത്. ഈ ഗവൺമെൻറ് സ്ക്കൂളിൻെറ പഴയ രേഖകൾ നിലവിലില്ലാത്തതിനാൽ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ആരെന്നറിവില്ല. റിട്ടയേർഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. E.N. ശങ്കരൻ നായർ ഈ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്.

ഗവൺമെൻറ് യു.പി. സ്ക്കൂൾ, വെള്ളംകുളങ്ങര A.D 1962-ൽ തുടങ്ങി. ആദ്യം ലോവർ പ്രൈമറി സ്ക്കൂളായിട്ടാണ് ആരംഭിച്ചത്. A.D 1984ൽ എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്ക്കൂളാക്കി. വെള്ളംകുളങ്ങരയിലെ ഏക ഗവൺമെൻറ് സ്ഥാപനമായ ഈ സരസ്വതീ മന്ദിരം സ്ഥാപിക്കുന്ന കാര്യത്തിൽ ഡോ. കെ.സി. ജോസഫ് M.L.A, യശശ്ശരീരനായ ഡോ. കെ.ജി. കൃഷ്ണൻ നമ്പൂതിരി (കുളങ്ങര മഠം) എന്നീ മഹത് വ്യക്തികളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

കാരിച്ചാൽ സെൻറ്. മേരീസ് അപ്പർ പ്രൈമറി സ്ക്കൂൾ A.D 1949 ൽ തുടങ്ങി. എല്ലാ മതവിഭാഗത്തിലുംപെട്ട ആളുകളും ഈ സ്ക്കൂളിനുവേണ്ടി അശ്രാന്ത പരിശ്രമം നടത്തിയിട്ടുണ്ട്. ആദ്യം നാട്ടുകാരത്തിൽ ചാവടിയിലാണ് ഈ സ്ക്കൂൾ തുടങ്ങിയത്. പിന്നീട് വിണ്ടിയാം ചിറയ്ക്കലുള്ള പള്ളിയുടെ സമീപത്തുള്ള ഓല ഷെഡിലേക്ക് മാറ്റി സ്ഥാപിച്ചു. കാലക്രമത്തിൽ ഇന്നു കാണുന്ന പുതിയ സ്ക്കൂൾ കെട്ടിടമുണ്ടായി. ഈ സ്ഥാപനം മലങ്കര സിറിയൻ കാത്തലിക് കോർപറേറ്റ് മാനേജ്മെൻറ് വകയാണ്. ഈ സ്ക്കൂളി ൻെറ ആദ്യത്തെ ലോക്കൽ മാനേജർ റവ. ഫാദർ. പി.റ്റി. ഗീവർഗ്ഗീസ് പണിക്കരും, ഹെഡ്മിസ്ട്രസ് പി.റ്റി. ശോശാമ്മ യുമാണ്.

പായിപ്പാട് ഗവൺമെൻറ് വി.എം. സ്ക്കൂൾ കല്ലമ്പള്ളിൽ ശ്രീ. കെ. കൃഷ്ണ

പിള്ള സൗജന്യമായി നൽകിയ സ്ഥലത്ത് നാട്ടുകാരുടെ സഹായത്തോടെ കൊല്ല വർഷം 1095-ൽ ആരംഭിച്ചു. സ്ക്കൂൾ നിർമ്മാണ കാര്യത്തിൽ തോണ്ടുപറമ്പിൽ ശ്രീ. കൊച്ചിട്ടി ജോർജ്ജിന്റെ നാമം വിസ്മരിക്കാവുന്നതല്ല. സാമ്പത്തിക നഷ്ടം മൂലം സർക്കാർ ഈ സ്ക്കൂൾ കൊല്ല വർഷം 1099ൽ നിർത്തലാക്കി. പിന്നീട് ഈ സ്ക്കൂൾ, ആദ്യം സ്ക്കൂളിന് സ്ഥലം നൽകിയ ശ്രീ. കൃഷ്ണപിള്ള തന്നെ ഏറ്റെടുത്ത് മാനേജ്മെൻറ് സ്ക്കൂളായി ഗവൺമെൻറ് സ്ഥലത്ത് നടത്തുകയുണ്ടായി. 1948-49 കാലത്ത് ഈ സ്ക്കൂൾ പായിപ്പാട് യു.പി. സ്ക്കൂൾ ആയി. ആദ്യത്തെ പ്രധാനഅദ്ധ്യാപകനും, കറസ് പോണ്ടറും ഒരാളു തന്നെ ആയിരുന്നു, ശ്രീ. എൻ രാമൻ പിള്ള.

പമ്പയാറിന്റെ തൊട്ട് തെക്കേ കരയിൽ M.T.L.P. സ്ക്കൂളിന് അല്പം പടിഞ്ഞാറ് ആയി സ്ഥിതി ചെയ്യുന്ന മേൽപ്പാടം സെൻറ്. കുര്യാക്കോസ് അപ്പർ പ്രൈമറി സ്ക്കൂൾ A.D 1936 ൽ (കൊല്ല വർഷം 1111) സ്ഥാപിച്ചു. സെൻറ്. കുര്യാക്കോസ് ഓർത്തഡോക്സ് ചർച്ചിന്റെ മാനേജ്മെൻറിലുള്ള സ്ഥാപനമാണിത്. ആദ്യം പള്ളിമുറ്റത്ത് നിർമ്മിച്ച ഓലകെട്ടിടം പിന്നീട് മാറ്റി പണിതതാണ് ഇന്നു കാണുന്ന പുതിയ സ്ക്കൂൾ കെട്ടിടം. ഈ സ്ക്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. പി. ചാക്കോ, കുറ്റൂർ ആണ്.

ഹരിപ്പാട് വീയപുരം റോഡിന്റെ തൊട്ടടുത്ത് വീയപുരം ഗവൺമെൻറ് തടി ഡിപ്പോയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന വീയപുരം പ്രൈമറി സ്ക്കൂൾ കൊല്ലവർഷം 1080ൽ ആരംഭിച്ചു. A.D 1962ൽ പ്രൈമറി സ്ക്കൂൾ അപ്പർപ്രൈമറി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. A.D1979-ൽ യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി. L.P.S .ലെആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. മാധവ പണിക്കരും, യു.പി സ്ക്കൂളിലെ ആരംഭകാലത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ. പള്ളിപ്പാട് ഭാസ്ക്കരൻ നായരും, ഹൈസ്ക്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. കെ.പി. ചാക്കോയുമാണ്. വീയപുരം ഗവൺമെൻറ് ഹൈസ്ക്കൂളിൽ ഈ സ്ക്കൂൾ വർഷം കമ്പ്യൂട്ടർ സെൻറർ അനുവദിച്ചിട്ടുണ്ട്. ശ്രീ. കെ.സി. ജോസഫ് M.L.A നാട്ടുകാരോടൊപ്പം ഈ സ്ക്കൂളിന്റെ പുരോഗതിയിൽ ബദ്ധശ്രദ്ധനാണ്. അപ്പർ കുട്ടനാടൻ മേഖലയിലെ ഈ സ്ക്കൂളിന്റെ അഭിവൃദ്ധിയ്ക്കുവേണ്ടി വളരെയേറെകാര്യങ്ങൾ ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. വീയപുര ത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ ഒട്ടേറെ വിശിഷ്ട വ്യക്തികളെ നാം സ്മരിക്കേണ്ടതായിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിയായ കുന്നമ്പള്ളിൽ ശ്രീ. കെ. പരമേശ്വരൻ നായർ (പാച്ചുപിള്ള സാർ), ശ്രീ. സി.വി. രാമ കൃഷ്ണപിള്ള , Ex. MLA (ചെങ്ങളത്ത്), ശ്രീ. സി.കെ. കേരളവർമ്മ ഐ.എ. എസ്. (ചെമ്പ്രോൽകൊട്ടാരം), പ്രൊഫ: കെ.പി. പിള്ള MA. OXEN (കേരള വിലാസം), ഡോ: ജോർജ്ജ് (തുണ്ടിൽ), ആയുർവ്വേദാചാര്യനായ കൊച്ചുരാമൻ വൈദ്യർ, പ്രശസ്ത സംഗീത വിദ്വാനും, സംവിധാ

പഞ്ചായത്തിലെ വിദ്യാലയങ്ങൾ

അംഗൻവാടികൾ	9	
നിലത്തെഴുത്ത് കളരികൾ	10	
എൽ.പി. സ്ക്കൂളുകൾ	3	
യു.പി. സ്ക്കൂളുകൾ	4	
ഹൈസ്ക്കൂൾ	1	
ട്യൂട്ടോറിയൽ കോളേജുകൾ	2	
ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ	3	
സാങ്കേതിക വിദ്യാലയം	1	

പട്ടിക 1

വീയപുരം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പ്രൈമറി സ്ക്കൂളുകൾ - 3

A. സെൻറ്. ജോർജ്ജ് എൽ.പി.സ്ക്കൂൾ, കാരിച്ചാൽ
B. ഗവ. എൽ. പി. സ്ക്കൂൾ, പായിപ്പാട്
C. M.T.L.P. സ്ക്കൂൾ, മേൽപ്പാടം

അപ്പർ പ്രൈമറി സ്ക്കൂളുകൾ - 4

D. ഗവ. യു.പി. സ്ക്കൂൾ, വെള്ളംകുളങ്ങര
E. സെൻറ്. മേരീസ് യു.പി. സ്ക്കൂൾ, കാരിച്ചാൽ
F. പായിപ്പാട് യു.പി. സ്ക്കൂൾ, പായിപ്പാട്
G. സെൻറ്. കുര്യാക്കോസ് യു.പി. സ്ക്കൂൾ, മേൽപ്പാടം.

ഹൈസ്ക്കൂൾ - 1

H.ഗവ. ഹൈസ്ക്കൂൾ, വീയപുരം

ആകെ - 8

സ്ക്കൂൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ (**പട്ടിക - 2**)

ക്ലാസ്സ്	ആൺ	പെൺ	ആകെ	SC/ST ആൺ	SC/ST പെൺ	ആകെ
I	75	83	158	16	19	35
II	80	74	154	15	16	31
III	103	82	185	22	9	31
IV	89	87	176	20	15	35
V	118	94	212	25	22	47
VI	118	106	224	13	24	37
VII	122	116	238	24	16	40
VIII	43	31	74	14	8	22
IX	55	51	106	19	11	30
X	34	38	72	9	6	15
ആകെ	837	762	1599	177	146	321

യകനുമായ കെ.പി.എൻ. പിള്ള, ഡോ. ചന്ദ്രശേഖരൻപിള്ള, പ്രൊഫ. എൻ. പി. ഉണ്ണി(കൊട്ടാരത്തിൽ) എന്നിവർ അവരിൽ ചിലർ മാത്രം.

വിദ്യാലയങ്ങളുടെ ഉടമസ്ഥത:

പഞ്ചായത്തിലെ 3 പ്രൈമറി സ്ക്കൂളുകളിൽ ഒന്ന് സർക്കാർ മേഖലയിലും മറ്റ് രണ്ടെണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. 4 അപ്പർ പ്രൈമറി സ്ക്കൂളുകളിൽ ഒന്ന് സർക്കാർ മേഖലയിലും 3 എണ്ണം സ്വകാര്യ മേഖലയിലും ആണ്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ സർക്കാർ മേഖലയിൽ ആണ്.

ഭൗതിക സൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഒരു സ്ക്കൂളുകളിലും അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലില്ല. സെൻറ്. കുര്യാക്കോസ് യു.പി. സ്ക്കൂൾ ഒഴികെ യുള്ള സ്ക്കൂളുകളിൽ ഫർണീച്ചർ ആവശ്യത്തിന് ഇല്ല. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും, എല്ലാ സ്ക്കൂളുകളിലും കുറവാണ്. ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ അത്യന്താപേക്ഷിതമാണ്. ലൈബ്രറി സൗകര്യങ്ങൾ കുറവാണ്. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും P.T.A. ഉണ്ട്. കാരിച്ചാൽSt. Mary's UPs ലെ SC/P.T.A. സജീവമാണ് . പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നില്ല. ശുദ്ധ ജല സൗകര്യം സ്ക്കൂളുകളിൽ കുറവാണ്. പാഠ്യേതര പ്രവർത്തനങ്ങൾ എല്ലാ സ്ക്കൂളുകളിലും ഉണ്ട്. കുറെകൂടി മെച്ചപ്പെടുത്തണം. എല്ലാ തലത്തിലും സംസ്ഥാന തലത്തിലും വീയപുരം ഗവ. ഹൈസ്ക്കൂളിന് സ്പോർട്സിന് അവാർഡ് ലഭിച്ചിട്ടുണ്ട്.

ലംപ്സംഗ്രാൻറ് ലഭിക്കുന്ന കുട്ടികൾ നമ്മുടെ പഞ്ചായത്തിൽ 350 ഉണ്ട്. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് മേടിക്കുന്നവർ 32 പേർ ഉണ്ട്. വികലാംഗ സ്കോളർഷിപ്പു ലഭിക്കുന്നത് 5 പേർ ഉണ്ട്. ജവാൻമാരുടെ ആനുകൂല്യം ലഭിക്കുന്ന കുട്ടികൾ 5 പേരുണ്ട്. ബീഡി, മൽസ്യം, മെറിറ്റോറിയസ് തുടങ്ങിയ സ്കോളർഷിപ്പ് വാങ്ങുന്നവർ 98 ആണ്.

വാർഷിക വരവ് ചെലവ്

ആവർത്തന ചെലവ്		രൂപ. പൈസ
1. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി		6175.00
2. ഉപകരണം, ഫർണീച്ചർ അറ്റകുറ്റപ്പണി		2540.00
3. രാസവസ്തുക്കൾ/ അവ ഉപയോഗിക്കുന്നതിനുള്ള ഉപകരണം		
4. സ്പോർട്സ്		2774.00
5. കലാ വിനോദം		8910.00
6. ലൈബ്രറി		500.00
7. ഉച്ചക്കഞ്ഞി		17,338.00
8. മറ്റിനം		11,200.00
	ആകെ	50,437.00

വരവ് A

1. സർക്കാർ		5569.00
2. പഞ്ചായത്ത്		
	ആകെ	5569.00

വരവ് B

1. ഫീസ്		6225.00
2. എൻഡോവ്മെൻറ്		
3. വി.റ്റി.എ.		4061.00
	ആകെ	10286.00

വരവ് A + വരവ് B

15855.00

ഗ്രാമ സഭകളിലെ ചർച്ച സംക്ഷിപ്ത രൂപം

വാർഡ് - **I**

ഗവയു.പി.എസ്. വെള്ളംകുളങ്ങര

നിലവിലുള്ള ഓലഷെഡ് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കണം. സെമി പെർമനൻറ് കെട്ടിടങ്ങൾ പെർമനൻറ് കെട്ടിടങ്ങളാക്കണം. സ്ക്കൂൾകോമ്പൗണ്ടിന് അടിയന്തിരമായി ചുറ്റു മതിൽ കെട്ടണം. ഡയറ്റിൻെറ പരിധിയിൽപ്പെട്ട M.L.L. സ്കീമിൽ ഈ സ്ക്കൂളിനെ ഉൾപ്പെടുത്തുക. സമീപത്തുള്ള പൈപ്പ് ലൈൻ സ്ക്കൂളിലേക്ക് നീട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കാം. ദൃശ്യ ശ്രവ്യ ഉപകരണങ്ങളും കൂടി ഉപയോഗിക്കാം.

വാർഡ് - **II**

സെൻറ്മേരീസ്യു.പി.എസ്,
കാരിച്ചാൽ

പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ, ശുദ്ധജല വിതരണം, വേണ്ടത്ര പഠനോപകരണങ്ങൾ ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിക്കണം. അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

വാർഡ് - **III**

സെൻറ്ജോർജ്ജ്
എൽ.പി.എസ്. കാരിച്ചാൽ:-

പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ, ശുദ്ധജല വിതരണം, വേണ്ടത്ര പഠനോപകരണങ്ങൾ, ഇക്കാര്യത്തിൽ സജീവ ശ്രദ്ധയുണ്ടാകണം.P.T.A. നിലവിലുള്ളത് സജീവമാക്കണം: .

നിലവിലുള്ള അംഗൻവാടിക്ക് സ്ഥലവും, കെട്ടിടവും ഉണ്ടാകണം. ലൈബ്രറിയും, വായനശാലയും ആവശ്യമാണ്.

വാർഡ് - **IV**

(1) ഗവ. എൽ.പി.എസ്. പായിപ്പാട്.
(2) പായിപ്പാ്യു.പി.എസ്.

നൂറ് വർഷത്തിലേറെ പഴക്കമുള്ള എൽ.പി. സ്ക്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കണം. റോഡിൻെറ തൊട്ടടുത്ത് നിൽക്കുന്ന കെട്ടിടമായതിനാൽ ചുറ്റുമതിൽ അത്യാവശ്യമാണ്.

ശുദ്ധജല വിതരണം, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, ഫർണീച്ചറുകൾ, പഠനോ പകരണങ്ങൾ ഇവയ്ക്കുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാകണം. യു.പി. സ്ക്കൂളിന് കളിസ്ഥലമില്ല.

ഈ വാർഡിലുള്ള 2 അംഗൻവാടികൾക്ക് വേണ്ടത്ര സൗകര്യങ്ങളില്ല.

വാർഡ് - **V**

ഗവ. ഹൈസ്ക്കൂൾ, വീയപുരം:

ഇല്ലായ്മകൾ ഏറെയുള്ള ഒരു ഹൈസ്ക്കൂളാണ്. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളാണ് ഇവിടെയുള്ളത്. ഒരു ഇരുനില കെട്ടിടം അത്യാവശ്യമാണ്. കളി സ്ഥലത്തിനുള്ള സ്ഥലം എത്രയും വേഗം നികത്തിയെടുക്കണം. ചുറ്റുമതിലില്ല. ശുദ്ധ ജലവിതരണത്തിനുള്ള സൗകര്യം, മൂത്രപ്പുരകൾ, കക്കൂസുകൾ, പഠനോപകരണങ്ങൾ, ഫർണീച്ചറുകൾ, ലാബറട്ടറി സൗകര്യങ്ങൾ എന്നിവയെല്ലാം അടിയന്തിരമായി അനുവദിക്കണം. വളരെ പിന്നോക്കം നിൽക്കുന്ന ഈ സ്ക്കൂളിന്റെ പുരോഗതിക്ക് എല്ലാത്തരത്തിലുള്ള സഹായങ്ങളും അനിവാര്യമാണ്. സ്കൗട്ട്, എൻ.സി.സി. വിഭാഗങ്ങൾ യുദ്ധ കാലടിസ്ഥാനത്തിൽ തുടങ്ങണം.

നിലവിലുള്ള അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും ആവശ്യമാണ്.

വാർഡ് - **VI**

പുരക്കൽ. എം. മാത്യൂസ് ഭവനം

ഈ വാർഡിൽ സ്ക്കൂളുകൾ ഇല്ല. വാർഡിലെ കുട്ടികൾ വിദ്യാഭ്യാസത്തിനായി ഗവ. ഹൈസ്ക്കൂൾ വീയപുരം, സെൻറ് തോമസ് ഹൈസ്ക്കൂൾ തേവേരി, എന്നീ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. പാളയത്തിൽ കോളനി യിൽ പ്രവർത്തിക്കുന്ന ഈ വാർഡിലെ അംഗൻ വാടിക്ക് സ്ഥലവും, കെട്ടിടവും ഉണ്ടാകണം. ഈ വാർഡിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

വാർഡ് - **VII**

(1) എം.റ്റി.എൽ.പി.എസ്., (2) സെൻറ് കുര്യാക്കോസ് വി.പി.എസ്. മേൽപ്പാടം

പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ശുദ്ധജല വിതരണം, പഠനോപകരണങ്ങൾ ഇവ അത്യാവശ്യമാണ്. സ്ക്കൂളിലേയ്ക്കുള്ള വഴി ശരിയാക്കണം. നിലവിലുള്ള പി.റ്റി. എ. സജീവമായി പ്രവർത്തിക്കണം.

അംഗൻവാടിക്ക് സ്ഥലവും, കെട്ടിടവും ഉണ്ടാകണം.

വാർഡ് - **VIII**

ഈ വാർഡിൽ സ്ക്കൂളുകൾ ഇല്ല. ഇവിടുത്തെ കുട്ടികൾ വിദ്യാഭ്യാസത്തിനായി സമീപ വാർഡുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ലൈബ്രറിയും, വായനശാലയും അത്യന്താപേക്ഷിതമാണ്. നിലവിലുള്ള അംഗൻവാടിക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും അത്യാവശ്യമാണ്. ഇവിടെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകണം.

തുടർ വിദ്യാഭ്യാസം:-

മണലേൽ ഭവനം

1. വീയപുരം പഞ്ചായത്തിലെ 1, 3, 6, 7, 8 വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുകയും, 2, 4, 5 വാർഡുകളിലെ വായനശാല

കൾ പ്രവർത്തനം പുന:രാരംഭിക്കുകയും വേണം.

2. തുടർ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതിയും, പഠനോപകരണങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയും ഏർപ്പെടുത്തണം.
3. കലാ കായിക പരിശീലനം, അദ്ധ്യാപക ഇൻ-സർവ്വീസ് പരിശീലനം എന്നിവ നടപ്പാക്കണം.
4. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കരിയർ ഗൈഡൻസ് സെൻറർ ആരംഭിക്കണം.

പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുള്ള എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം, കുടിവെള്ളം, കളിസ്ഥലം , മൂത്രപ്പുര, കക്കൂസ്, കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കുക.
2. പഞ്ചായത്തിലുള്ള എല്ലാ സ്ക്കൂളുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക.
3. വീയപുരം ഗവ: ഹൈസ്ക്കൂളിൽ ലാബ്, ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാക്കുക.
4. വീയപുരം പഞ്ചായത്തിൽ ഒരു ഐ.റ്റി.ഐ. സ്ഥാപിക്കുക.
5. വീയപുരം ഗവ: ഹൈസ്ക്കൂളിൽ പ്ലസ് ടൂ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

അക്കാദമികം:

1. നെഴ്സറി/അംഗൻവാടി മുതൽ 10-ാംതരം വരെ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉറപ്പു വരുത്തുക.
2. പ്രീപ്രൈമറി വിദ്യാഭ്യാസത്തിൻെറ സിലബസ് ഏകീകരിക്കുകയും, പരിഷ്ക്കരിക്കുകയും ചെയ്യുക.
3. പ്രീ പ്രൈമറി തലത്തിലുള്ള അദ്ധ്യാപകർക്കും, ആയമാർക്കും നിർബന്ധമായും പരിശീലനം കൊടുക്കേണ്ടതാണ്.
4. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയം ആരംഭിക്കാതിരിക്കുന്നതിനും, നിലവി ലുള്ളവയെ പ്രോത്സാഹിപ്പിക്കാതിരിക്കാനും ചർച്ചകളും നടപടികളും ഉണ്ടാകണം.
5. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലുമുള്ള കലാപരവും, കായിക പരവുമായി മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
6. വിദ്യാഭ്യാസത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രീ പ്രൈമറി തലം മുതൽ മാതൃ സംഗമം, പി.റ്റി.എ എന്നിവ സജീവമാക്കണം.
7. പഞ്ചായത്ത് അക്കാഡമിക് കൗൺസിൽ രൂപീകരിക്കണം.
8. പഞ്ചായത്ത് പി.റ്റി.എ. രൂപീകരിക്കണം.

അനൗപചാരിക വിദ്യാഭ്യാസം:-

1. 10 മുതൽ 35 വരെ പ്രായ പരിധി

യിലുള്ള നവസാക്ഷരരേയും, നിര ക്ഷരരേയും കണ്ടെത്തുകയും, അവ രെ ഒന്നാം ഘട്ടത്തിൽ 7, മൂന്നാം ഘട്ടത്തിൽ 10 എന്നീ പൊതു പരീക്ഷകൾക്ക് തയ്യാറാ ക്കുന്ന ഒരു പ്രൊജക്ടിന് രൂപം കൊടുത്ത് നടപ്പിലാക്കുകയും ചെയ്യുക.

2. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതി നായി തുടർ വിദ്യാഭ്യാസകേന്ദ്ര ങ്ങളോ, ജനവിദ്യാകേന്ദ്രങ്ങളോ ആവശ്യമുള്ളടത്ത് ആരംഭിക്കുക.

വനിത

ഏതൊരു നാടിന്റെയും പുരോഗതി അഥവാ വികസനത്തിന്റെ പ്രധാന മാനദണ്ഡം ആ നാട്ടിലെ വനിതകളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക, രംഗങ്ങളിലെ ഉയർച്ചയാണ്. നമ്മുടെ രാജ്യത്തെ ഭരണഘടനാ പരിരക്ഷ നടക്കുന്ന ഒട്ടേറെ വകുപ്പുകൾ നിലവിലുണ്ടായിട്ടും എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും വനിതകൾ ഇന്നും സമൂഹത്തിന്റെ അവഗണന ഏറ്റു വാങ്ങുകയാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിൽ ഉന്നത വിദ്യാസമ്പന്നരായ വനിതകൾ പോലും അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഇന്നും പൂർണ്ണമായി മോചിതരല്ല. സമൂഹത്തിന്റെ നിലനിൽപ്പിന് വനിതകൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല. എങ്കിലും അനുഭവിക്കുന്ന പീഡനങ്ങൾ കുറവല്ല. നമ്മുടെ നാട്ടിൽ വളർന്നു വരുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ ഭാഗമായി അശ്ലീല പോസ്റ്ററുകളും സ്ത്രീകളെ ഉപഭോഗ വസ്തുക്കളായി വരച്ചു കാട്ടുന്ന പരസ്യങ്ങളും ഈ വിഭാഗത്തിന്റെ മാന്യതക്കു കളങ്കം ചാർത്തുന്നു. സ്ത്രീധനത്തിന്റെ പേരിൽ അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ സർവ്വസാധാരണമാണ്. സങ്കീർണ്ണമായ ഈ പ്രശ്നം സൂക്ഷ്മ പരിശോധനക്കു വിധേയമാക്കുമ്പോൾ പുരുഷൻമാരേക്കാൾ സ്ത്രീധന പീഡനത്തിനുത്തരവാദികൾ സ്ത്രീകൾ തന്നെയാണെന്നു കാണാം. ഇത്തരം കഥകളിൽ പ്രധാന കുറ്റക്കാർ ഭർത്താവിനേക്കാൾ ഉപരി മാതാവോ, സഹോദരിമാരോ ആയിരിക്കും . നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ള ഈ വിപത്തിനെതിരെ .ജനകീയ ബോധവൽക്കരണമാണ് അനിവാര്യം. നമ്മുടെ ഗ്രാമപഞ്ചായത്തും ഇതിൽ ഭിന്നമല്ല.

വീയപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട എട്ടു വാർഡുകളിലെയും ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉൾകൊണ്ട് ക്രോഡീകരിച്ച് തയ്യാറാക്കിയ സമ്പൂർണ്ണ വികസന റിപ്പോർട്ടു ചുവടേ ചേർക്കുന്നു.

പഞ്ചായത്തിൽ 8 വാർഡുകളിലായി 6454 വനിതകളും 5991 പുരുഷൻ

മാരും , ആകെ 12445 പേർ അധിവസിക്കുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ 910 സ്ത്രീകളും 855 പുരുഷൻമാരും ഉൾപ്പെടുന്നു.

വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്ത് സാക്ഷരതയിൽ മുൻപന്തിയിലാണ് എങ്കിലും ഹൈസ്ക്കൂൾ തല വിദ്യാഭ്യാസഘട്ടത്തിൽ എത്തുമ്പോൾ മിക്ക വിദ്യാർത്ഥിനികളും വിദ്യാഭ്യാസം നിർത്തലാക്കി മറ്റു മേഖലകളിൽ ഉപജീവനം കണ്ടെത്തുകയാണ്. ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രീകൾ വളരെ കുറവാണ്. സാക്ഷരതാ പ്രവർത്തനങ്ങളിൽ വനിതാപ്രവർത്തകരാണ് കൂടുതൽ . പഞ്ചായത്തിൽ ഒരേ ഒരു ഹൈസ്ക്കൂൾ മാത്രമാണുള്ളത്. ഈ സ്ക്കൂളിനാകട്ടെ പരിമിതികളുടെ കഥകൾ മാത്രമേ പറയുവാനുള്ളൂ. പ്രീ പ്രൈമറി രംഗത്ത് പ്രവർത്തിക്കുന്ന ഒറ്റ സ്ഥാപനവും പഞ്ചായത്തിലില്ല.

ആരോഗ്യം

പഞ്ചായത്തിൽ ആരോഗ്യരംഗത്തെ വനിതകളുടെ നില അത്ര മെച്ചമെന്നു കരുതാനാവില്ല. ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ മുന്നിലാണെങ്കിലും പരിമിതികൾ വളരെയാണ്. മിക്ക വീടുകളോടനുബന്ധിച്ചും പ്രത്യേകിച്ചു കോളനികളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ക്രമീകരണങ്ങളില്ല. 6 മാസക്കാലം നമ്മുടെ ഗ്രാമം വെള്ളപ്പൊക്ക ഭീഷണിയെ നേരിടുന്നു. എങ്കിലും കുടിക്കുന്നതിന് ആവശ്യമായ ശുദ്ധജലം എല്ലാ വാർഡുകളിലും എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല. പരിസര ശുദ്ധീകരണത്തിന് നടപടികൾ ഇല്ലാത്ത തിനാൽ മലിനവസ്തുക്കളും ജലവുംകെട്ടികിടക്കുന്നു. കൊതുക്, ഈച്ച, തുടങ്ങിയ രോഗാണുവാഹികൾ പെരുകുന്നു.പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. പോഷകാഹാരങ്ങളുടെ കുറവ് വിശേഷിച്ച് ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യത്തെ സാരമായിബാധിക്കുന്നു. പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ഒന്നു നിലവിലുണ്ടെങ്കിലും പ്രവർത്തനം തീർത്തും അപര്യാപത്മാണ്.ഏക ആയുർവേദ ആശുപത്രിയുടെ പ്രവർത്തനവും തൃപ്തികരമല്ല. അത്യാവശ്യ സന്ദർഭങ്ങളിൽ ചികിൽസക്കായ് സർക്കാർ ആശു പത്രികളിൽ എത്തുന്ന വനിതകളെ പരമാവധി ചൂഷണം ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

തൊഴിൽ

തൊഴിലില്ലായ്മയാണ് പ്രധാന വിഷയം. തൊഴിൽ ചെയ്യുന്നതിന് സന്നദ്ധരായ വനിതകൾ ധാരാളമുണ്ടെങ്കിലും അവർക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് കഴിയുന്നില്ല. ആവശ്യമായ തൊഴിൽ പരിശീലനവും ലഭിക്കുന്നില്ല. വനിതകളിൽ 60 മുതൽ 70 ശതമാനം വരെയുള്ളവർ കാർഷിക മേഖലയിൽ പണിയെടുക്കുന്നു. നെൽകൃഷിയാണ് പ്രധാന തൊഴിൽ മേഖല. ആണ്ടിൽ 80 മുതൽ 100 വരെ

തൊഴിൽ ദിനങ്ങൾ ലഭിക്കുന്നു. കേവലം 10% -ത്തിൽ താഴെ മാത്രം വരുന്ന സ്ത്രീകൾ സർക്കാർ ജീവനക്കാരായുള്ളപ്പോൾ ബാക്കിയുള്ളവർ ഗാർഹിക വൃത്തിയിലും ഇതര മേഖലകളിലും ഏർപ്പെട്ടിരിക്കുന്നു. നമ്മുടെ ഗ്രാമത്തിൽ സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും വ്യവസായ യൂണിറ്റുകൾ ഇല്ലെന്നു തന്നെ പറയാം. പഞ്ചായത്തിൽ 2-ാം വാർഡിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നൂൽ നൂൽപ്പു കേന്ദ്രത്തിൽ 25 വനിതകൾ പണിയെടുക്കുന്നു. 3-ാം വാർഡിൽ മാത്രമാണ് ഇപ്പോൾ കാര്യമായി പ്രവർത്തിക്കുന്ന ഒരു P.N.C.R.A യൂണിറ്റുള്ളത്. ഈ വനിത യൂണിറ്റിൽ കിണർ (തുടികൾ), സിമൻറ് ഇഷ്ടിക(ഹോളോ ബ്രിക്സ്) എന്നിവ നിർമ്മിക്കുന്നു. 30-ൽ പരം തൊഴിലാളികൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്നു. 4-7 വാർഡുകളിലും ഒരോ വനിതായൂണിറ്റുകൾ പ്രവർത്തിക്കുന്നു. അച്ചാറുകളും ബേക്കറി സാധനങ്ങളും നിർമ്മിക്കുന്നു. 6-ാം വാർഡിൽ പാളയത്തിൽ കോളനി കേന്ദ്രീകരിച്ച് ഒരു വനിതായൂണിറ്റ് (തയ്യൽ) പ്രവർത്തിക്കുന്നു. ഇതിലെല്ലാം കൂടി 40 ൽ അധികം വനിതകൾ ജോലി ചെയ്യുന്നു.

പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെടുന്ന 910 സ്ത്രീകൾ അധിവസിക്കുന്നു. പൊതുവെ സാക്ഷരരാണെങ്കിലും സാമ്പത്തികമായി വളരെ പിന്നോക്ക അവസ്ഥയിലാണ്. ഇവരിൽ സമ്പാദ്യശീലം വളർത്തുന്നതിന് വിവിധ സമ്പാദ്യ പദ്ധതികളെ ഏകോപിപ്പിച്ച് സംസ്ഥാനത്ത് പല പഞ്ചായത്തുകളിലും വിജയകരമായി പ്രവർത്തിച്ചു വരുന്ന "സുബല" സേവ SEWA തുടങ്ങിയ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു പ്രവർത്തിക്കുന്നത് ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് വളരെ പ്രയോജനപ്രദമായിരിക്കും.

എട്ടു വാർഡുകളിലും ഒരോ അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മിക്ക കേന്ദ്രങ്ങൾക്കും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

സാമ്പത്തികം

തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ പഞ്ചായത്തിൽ 60 % ത്തിലേറെ വീടുകൾ ദാരിദ്ര രേഖയ്ക്ക് താഴെ ജീവിക്കുന്ന നിലവാരത്തിലുള്ളവരാണ്. 240 -ൽ അധികം വീടുകൾ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളതാകുന്നു. ഇവർക്ക് നിയമപരമായി ലഭിക്കേണ്ടുന്ന വിധവ പെൻഷൻ, വികലാംഗപെൻഷൻ, അഗതി പെൻഷൻ എന്നിവ ലഭിക്കേണ്ടതുണ്ട്. സർവ്വീസിലിരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ജോലിസംവരണം ചെയ്യുന്ന വ്യവസ്ഥ സർക്കാർ മേഖലയ്ക്കു പുറമേ സ്വകാര്യ മേഖലയിലും നടപ്പിലാക്കുന്നത് വനിതകൾക്ക് വിശിഷ്യാ കൂടുതൽ പ്രയോജന പ്രദമായിരിക്കും.

രാഷ്ട്രീയ രംഗം

ജനസംഖ്യയിൽ പുരുഷൻമാരോടൊപ്പം സംഖ്യാ ബലമുള്ള വനിതകൾക്ക്

വേണ്ടത്ര പ്രാധിനിത്യം രാഷ്ട്രീയ രംഗങ്ങളിൽ ലഭിക്കുന്നില്ല. സംഘടനാ പ്രവർത്തനങ്ങളിൽ വനിതകളെ വളർത്തിയെടുക്കാൻ രാഷ്ട്രീയ സംഘടനകൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. പഞ്ചായത്തീരാജ് നിയമത്തിൽ സ്ത്രീകൾക്ക് കൂടുതൽ സംവരണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഇപ്പോൾ വനിതകളുടെ പ്രാധിനിത്യം ക്രമേണ വർദ്ധിച്ചു വരുന്നു. ഇത് സ്വാഗതാർഹമാണ്.

സാമൂഹിക പ്രവർത്തന രംഗങ്ങളിലും വനിതകളുടെ പങ്ക് വളരെ കുറവു തന്നെ. ഇതിനു കാരണം പൊതു രംഗത്തു പ്രവർത്തിക്കുന്ന വനിതകളെ കുറിച്ചു തെറ്റായധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നതാണ്. ബോധവൽക്കരണം ഒന്നു മാത്രമാണ് ഏകപരിഹാരം കുടംബങ്ങളിലെ വനിതകളുടെ ജോലി ഭാരവും ഇവർ നേരിടേണ്ടിവരുന്ന സാമ്പത്തിക പ്രശ്നങ്ങളും വനിതകളുടെ സാമൂഹ്യ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

സാംസ്ക്കാരിക രംഗങ്ങളിലും മേല്പറഞ്ഞ കാരണങ്ങളാലാകാം വനിതകളുടെ പങ്കാളിത്തം കുറഞ്ഞു കാണുന്നത്. സാക്ഷരർ എങ്കിലും ഇവരിൽ വായനാശീലം വളരെ കുറവാണ്. എന്നാൽ ഈ രംഗത്തെ ആശാവഹമായ പുരോഗതി ആധുനിക സമയത്ത് ഉണ്ടാകുന്നു എന്നത് സ്വാഗതാർഹമാണ്.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ

2 വനിതാവ്യവസായ യൂണിറ്റുകളുടെ കുറവും പരീശീലനവും ഇല്ലായ്മയും

3 സ്ത്രീപീഡനങ്ങളും ചൂഷണങ്ങളും

4 സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു.

5 തൊഴിൽ മേഖലകളിലെ അവഗണന

6 ഉപഭോഗ സംസ്ക്കാരത്തിന്റെ ആവിർഭാവം

7 അന്ധവിശ്വാസം, അനാചാരം തുടങ്ങിയവ നിലനിൽക്കുന്നു.

8 ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവം

9 സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

10 തൊഴിൽ രംഗങ്ങളിൽ സുരക്ഷലഭിക്കാത്ത അവസ്ഥ

11 ഉദ്യോഗസ്ഥകൾക്കും വിദ്യാർത്ഥിനികൾക്കും ആവശ്യമായ സുരക്ഷാ പാർപ്പിടങ്ങൾ ഇല്ലായ്മ.

നിർദ്ദേശങ്ങൾ, സാധ്യതകൾ

1) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാധ്യതകൾ അനുസരിച്ച് വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. ഇതു ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും നൽകുക. സേവന വേതന വ്യവസ്ഥകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുക.

2) സ്ത്രീകളുടെ നേരെ നടക്കുന്ന അക്രമങ്ങൾക്കും അനീതികൾക്കും എതിരേ കർശന നടപടി സ്വീകരിക്കുക.

3) വനിതകളുടെ മാന്യത നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രചാരണ മാദ്ധ്യമങ്ങൾ ചിത്രീകരിക്കാതിരിക്കുക.

4) സ്ത്രീധന നിരോധന നിയമം പൂർണ്ണമായും നടപ്പിലാക്കുക.

5) മദ്യം മയക്കുമരുന്ന് എന്നിവയുടെ സമൂഹത്തിലെ കടന്നു കയറ്റം തടയുക.

6) തൊഴിൽ മേഖലകളിൽ സ്ത്രീകളെയും പുരുഷൻമാരോടൊപ്പം പരിഗണിക്കുകയും തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പു വരുത്തുകയും ചെയ്യുക.

7) അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

8) സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുക.

9) കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളി കളുടെ കുട്ടികളെ സംരക്ഷിക്കുന്നതിലേക്ക് ഒരു Day Care Centre സ്ഥാപിക്കുക.


10) വനിത ഹോസ്റ്റൽ അഗതി മന്ദിരങ്ങൾ എന്നിവ സ്ഥാപിക്കുക.

11) പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. ജനവിദ്യാ കേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക.

12) വനിതാ വ്യവസായ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണികൾ കണ്ടെത്തുക.

13) സോപ്പു നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി, സാമ്പ്രാണി, അച്ചാറുകൾ, കറി പൗഡറുകൾ, ചിപ്പ്സ് നിർമ്മാണം, കിണർ തുടികൾ ഹോളോ ബ്രിക്സ്, ബുക്കു ബയൻറിംഗ് , മുതലായവ നിർമ്മിക്കുന്നതിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിച്ചു സ്ത്രീകൾക്കു കൂടുതൽ തൊഴിൽ നൽകുന്നതിനും ഇവരുടെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിനും കഴിയും .

ചൂഷണ വിമുക്തവും സമത്വ സുന്ദരവുമായ, സ്ത്രീകൾക്കു സമൂഹത്തിൽ മാന്യപദവി നിലനിർത്തുന്നതിനും കഴിയുന്ന പുതിയ ഒരു സമൂഹം



അംഗൻവാടി കേന്ദ്രം



മൃഗാശുപത്രി



പ്രാഥമികാരോഗ്യ കേന്ദ്രം



സാംസ്കാരികനിലയം

പടുത്തുയർത്തുവാൻ നമ്മുക്കു കൂട്ടായി പ്രയത്നിക്കാം .

14) ദാരിദ്രരേഖയ്ക്കു താഴെ ജീവിത നിലവാരമുള്ള കുടംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനു ധന സഹായം നൽകുക. പഞ്ചായത്തു തലത്തിൽ സമൂ ഹവിവാഹം നടത്തുക.

15) പഞ്ചായത്തിലെ ഉന്നത വിദ്യാ സമ്പന്നരായ വനിതകളെ ഉൾക്കൊ ള്ളിച്ചു കൊണ്ട് പ്രത്യേക തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തു ചുമതലയിൽ ആരംഭിക്കുക.



ഗതാഗതം

വീയപുരം ഗ്രാമപഞ്ചായത്തിന്റെ നാലു വശവും വിസ്തൃതമായ നെൽപ്പാടങ്ങളാണ്. ഈ നെൽപ്പാടങ്ങളിലേക്ക് കാർഷികാവശ്യങ്ങൾക്ക് പോകുന്നതിനും , വിത്തുകളും , വിളകളും കൊണ്ടുപോകുന്നതിനും കൊണ്ടു വരുന്നതിനും ധാരാളം ചെറുവഴികൾ രൂപപ്പെട്ടുവന്നു. പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതിമൂലം ഈ വഴികൾ കൂടുതൽ സഞ്ചാരയോഗ്യമാക്കനോ ആധുനീകരിക്കുവാനോ കഴിഞ്ഞിരുന്നില്ല. വീയപുരം ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറേ ഭാഗത്തുകൂടി ഹരിപ്പാട്-കട്പ്ര N.H. 47 ന്റെ ശാഖ കടന്നു പോകുന്നു. കൂടാതെ മൂന്നു P.W.D റോഡുകളും പഞ്ചായത്തിൽ നിലവിലുണ്ട്. അതിൽ എടത്വാ വീയ പുരം റോഡിന്റെപണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡിന്റെ പൂർത്തീകരണത്തോടു കൂടി ഹരിപ്പാട്ടു നിന്നും സുഗമമായി എടത്വാ-തിരുവല്ലാ എന്നിവിടങ്ങളിലേക്ക് യാത്രാ സൗകര്യം ഉണ്ടാകും . പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള കാർഷിക മേഖലയിലെ ഒരു മുതൽ കൂട്ടായിട്ടുണ്ട്. പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏതാനും ചെറിയ റോഡുകളുടെ പണി പഞ്ചായത്ത് ഫണ്ടുപയോഗിച്ചു നടത്താൻ സാധിച്ചിട്ടുണ്ട്.

വീയപുരം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് കൃഷി മേഖലകളും പരിസര പ്രദേശങ്ങളുമായ് ബന്ധപ്പെടാൻ തക്ക വിധം വടക്കു-കിഴക്കു ഭാഗത്തു മൂന്നു K.M ചുറ്റളവിനുള്ളിൽ കഴിഞ്ഞ 15 വർഷങ്ങൾക്കകമായി 5 വലിയ പാലങ്ങളുടെ പണി പൂർത്തീകരിച്ചത് പഞ്ചായത്തിന്റെ ഗതാഗത രംഗത്തുണ്ടായിട്ടുള്ള ഒരു കുതിച്ചു ചാട്ടമായി പറയാം. ഹരിപ്പാട്-കടപ്ര N.H 47 ശാഖാ റോഡിന്റെ പകുതി ഭാഗത്തോളം താറുമാറായി കിടക്കുന്ന സ്ഥിതിയാണുള്ളത്. വീയപുരത്തിനെ മാന്നാറുമായി ബന്ധിപ്പിക്കുന്ന മേൽപ്പാടം റോഡും കുണ്ടും കുഴിയുമായി കിടക്കുകയാണ് . കാലാകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കവും പ്രകൃതി ക്ഷോഭവും

ഈ റോഡിന്റെ അരക്ഷിതാവസ്ഥയ്ക്കു ഹേതുവാണ്. വെള്ളം കയറാത്ത വിധത്തിൽ ഈ റോഡ് പുനർ നിർമ്മാണം ചെയ്യണം. കാർഷിക വ്യവസായിക മേഖലകൾക്ക് വളരെ പ്രയോജന പ്രദമായ റോഡുകളിൽ ഒന്നാണ് ഇത്.

പഞ്ചായത്തിൽ പൊതുസ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും ഇല്ലാത്തതു മൂലം ജനങ്ങൾ പൊതു ആവശ്യങ്ങൾക്കെല്ലാം ഹരിപ്പാട്, മാന്നാർ, എടത്വാ എന്നീ പ്രദേശങ്ങളെ ആശ്രയിക്കേണ്ടയിരിക്കുന്നു. എന്നാൽ ഈ പ്രദേശങ്ങളെ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിന് നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ തികയാതെ വരുന്നു. പഞ്ചായത്തിൽ കൂടി പോകുന്ന കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക വഴി ഈ പ്രതിസന്ധിക്കൊരു മാറ്റം വരുത്താവുന്നതാണ്. അഴുക്കു ചാലുകളുടെയും, ഓടകളുടെയും അഭാവം മൂലം റോഡുകൾക്കിരുവശവും മലിന ജലവും മഴ വെള്ളവും കെട്ടികിടക്കുന്നു. ഇതു മൂലം പകർച്ചവ്യാധികൾ പോലുമുണ്ടാകാറുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകൾക്കിരുവശവും ഓടകൾ നിർമ്മിക്കാൻ നടപടിയുണ്ടാവേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള 9 കോളനികളിലേക്കുള്ള റോഡുകൾ മൊത്തത്തിൽ നവീകരിക്കേണ്ടതുണ്ട്. ആലപ്പുഴ -മാന്നാർ സർവ്വീസ് നടത്തിയിരുന്ന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ പഞ്ചായത്തിലെ കാർഷിക ജോലിക്കാർക്ക് ഗതാഗതത്തിന് ഫലപ്രദമായിരുന്നു. എന്നാൽ അടുത്ത കാലത്തായി ഈ സർവ്വീസുകൾ നിർത്തലാക്കിയിരുന്നു. ഇത് പുനരാരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണം. കുട്ടനാടൻ പ്രദേശമായ വീയപുരം ഗ്രാമ പഞ്ചായത്തിൽ വർഷംതോറും ഉണ്ടായി കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കം മൂലം ആറുകളുടെയും തോടുകളുടെയും ആഴവും വീതിയും കുറഞ്ഞു വരുന്നു .മല നാട്ടിൽനിന്നു വരുന്ന എക്കൽ മണ്ണാണിതിനു കാരണം. തൻമൂലം വെള്ളം, തോട്ടപ്പള്ളി തണ്ണീർമുക്കം തുടങ്ങിയ സ്പിൽവേകളിലേക്ക് പോകുന്നതിന് തടസ്സം നേരിടുന്നു. ഈ പ്രതി സന്ധിക്കു പരിഹാരമായി ആറുകളുടെയും തോടുകളുടെയും ഇരുവശങ്ങളും കൽഭിത്തി കെട്ടിസംരക്ഷിക്കണം. നിലവിലുള്ള റോഡുകൾ അളന്നു തിട്ടപ്പെടുത്തുകയും വാഹന ഗതാഗതത്തിന് അസൗകര്യമുണ്ടാക്കുന്ന വൃക്ഷങ്ങൾ വെട്ടി മാറ്റുകയും ചെയ്യുക.

ഹരിപ്പാട് -വീയപുരം മെയിൻ റോഡിൽ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന റെയിൽവേ ഗെയിറ്റ് മാറ്റി ഈ സ്ഥലം കെട്ടിയടക്കുമ്പോൾ കോട്ടമുറിയൽ നിന്നും തൃപ്പക്കുടം വരെയുള്ള റോഡ് അടഞ്ഞു പോകുന്നു.ആയതിനാൽ ഗാർഡ് റൂമിന്റെ പിൻ വശത്തുകൂടി ഈ റോഡ് മാറ്റി സ്ഥാപിക്കുക.

WARD - I

1)പാംകുളങ്ങര-മുല്ലോത്ത് റോഡ്

2) പാംകുളം -തൃപ്പക്കുടംറോഡ്

3) വാശിയത്തു മുക്ക് -ഇളവും തറ

4) വാലിൽ മുക്ക് -പ്ലാന്തറ റോഡ്

5) പുത്തീൽ റോഡ്

6) കല്ലംപ്പള്ളീൽ -വള്ളപ്പുര റോഡ്

7) കലയം കുളങ്ങര- മണ്ണാചാൽ റോഡ്

8) കലയംകുളങ്ങരമുതൽ മുല്ലോത്തു വരെ ഓട.

9) കണ്ണംകുളങ്ങര - വെള്ളംകുളങ്ങര റോഡ്

WARD - II

1) തേവള്ളീൽ നിന്നും വടക്കോട്ട് കൊച്ചു കവറാട്ടു വരെ

2) കൈപ്പള്ളീ മുക്കു മുതൽ തേവള്ളിൽ വീടു വരെ

3) പള്ളി മുക്കിൽ നിന്നും തേവള്ളിൽ വീടു വരെ

4) ശ്രീ. വിക്രമപുരം ക്ഷേത്രത്തിനു മുൻ വശമുള്ള റോഡ്

5) കൈപ്പള്ളി മുക്കിൽ നിന്നും കിഴക്ക് ഹരിജൻ കോളനി വരെ

6) തുണ്ടിപടി മുതൽ കടമ്പൂർ പറമ്പിൽ വരെ

7) ഞാലപള്ളി കിഴക്കു വശം 40 മീറ്റർ വഴി

8) മല്ലശേരി പടിയിൽ നിന്നും പടി ഞ്ഞാറോട്ടും പടനിലം ജംഗ്ഷൻ വരെയും

9) കൊല്ലംപറമ്പിൽ കോളനിയിൽ പുതിയ വഴി ആവശ്യം.

10) അകവൂർ പാലത്തിനു വടക്കുവശം 20 മീറ്റർ

11) N.S.S മന്ദിരം മുതൽ വെള്ളംകുളങ്ങര വരെ

12) സെൻറ് മേരീസ് U.P.S മുതൽ ചുരക്കാട്ട്തട്ടു കടവു വരെ

13) പനക്കാവിൽ കിഴക്കുവശം മുതൽ കിഴക്കോട്ട്

14) കാഞ്ഞൂർ ദീപ്തിയുടെ തെക്കു വശത്തു കൂടി പടിഞ്ഞാട്ട്

15) കരിഞ്ഞൂറിൽ നിന്നും പടിഞ്ഞാറോട്ട്, വലിയ നിലപാലത്തിൻെറ തെക്ക് ഭാഗം , കരീപാടത്തിൻെറ തെക്കു കൂടി ഒഴുകുന്ന തോട് , സെൻറ് ജോർജ്ജ് പള്ളിയുടെ പടിഞ്ഞാറു വശത്തുള്ള തോട് എന്നിവ ഗതാഗതയോഗ്യമാക്കുക.

WARD - III

III-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1) അച്ചൻമുക്കു മുതൽ പുളിങ്കുന്നു വരെ റോഡ്

2) അച്ചൻമുക്കു മുതൽ പടിഞ്ഞാറോട്ട് തുണ്ടുതറയിൽ വരെ റോഡ്

3) കാരിച്ചാൽ പള്ളി മുതൽ പടിഞ്ഞാറോട്ട് റോഡ്

4) മറിയാമ്മ ഫിലിപ്പോസിന് വീട്ടിൽ നിന്നും പഞ്ചായത്തു റോഡിലേക്ക് (പുതിയ വഴി)

5) ലിസി വർഗ്ഗീസ് താഴൂർ മഠം വീട്ടിൽ നിന്നും പഞ്ചായത്തു റോഡിലേക്ക് (പുതിയ വഴി)

6) തങ്കമ്മ കുര്യന് വീട്ടിൽ നിന്നും

പഞ്ചായത്തു റോഡിലേക്ക് (പുതിയ വഴി)

7) കാരിച്ചാൽ കടവിൽ നിന്നും പടിഞ്ഞാറോട്ട് റോഡ്

8) പാറത്തറ മുതൽ പുളിങ്കുന്നു വരെ റോഡ്

9) ജോർജുകുട്ടി കുന്നേൽ- വീട്ടിലേക്കു പോകാൻ വഴി ആവശ്യം

10) കൊല്ലാറ വഴി ശരിയാക്കുക

11) തുണ്ടിയിൽ കിഴക്കു വശത്തു നിന്നും വടക്കോട്ട് റോഡ് (കലുങ്ക് പടി മാറ്റി സ്ലോപ്പ് ആക്കുക.)

12) തൈപ്പറമ്പിൽ വഴി

13) നല്ലൂച്ചിറ മുതൽ (വടക്കു വശം) കുന്നേൽവരെ വഴി

14) അച്ചൻമുക്കു മുതൽ കിഴക്കോട്ട് റോഡ്

15)അച്ചൻമുക്കു മുതൽ കുറശ്ശേരി വരെ, ആലംപള്ളിൽ മുതൽ പാറത്തറ വരെ വഴി

16) അപ്രോച്ച് റോഡ് കാരിച്ചാൽ കടവിലേക്ക്

17) കിഴക്കേ കോളനി(3-ാം വാർഡ്) റോഡ്

18) കാരിച്ചാൽ പറമ്പിൽ നിന്നും കുന്നേൽ വരെ പുതിയ റോഡ്

19) കാരിച്ചാൽ കടവിൽ നിന്നും തഴവൂർ മഠത്തിലേക്ക്

20) പുളിങ്കുന്നിൽ നിന്ന് കാരിച്ചാൽ കർഷകസംഘം വരെ

21) വല്യനിലം താമരപിള്ളാടി കടത്ത് ആവശ്യം

WARD - IV

IV-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1. N.H റോഡ്-വീതി കൂട്ടുക (പായിപ്പാട് ഭാഗം 1 കി.മീ)

2. മാർത്തോമാപ്പള്ളി മുതൽ ആനാരിപ്പള്ളി വരെ P.W.D യെ ഏൽപ്പിക്കുക. ഓടകെട്ടുക.

3. N.H റോഡ് മുതൽ (മാന്നാർ -വീയപുരം റോഡ് ചേരുന്ന ഭാഗം)

4. എൺപതിൽ ചിറ വരെ (പ്രയാക്കേരി റോഡ്)I.H.D.P പദ്ധതിയിൽ ഉൾപ്പെടുത്തുക.

5. മൃഗാശുപത്രി മുതൽ ഉണിച്ചംങ്കരി അമ്പലംവരെയുള്ള റോഡ് I.H.D.P പദ്ധതിയിൽ ഉൾപ്പെടുത്തുക.

6. മൃഗാശുപത്രി മുതൽ ജലോത്സവ സമിതി വരെ റോഡ്

7. വൈദ്യശാലപ്പടി മുതൽ വാവേലിപ്പടി വരെ (കലുങ്ക് നിർമ്മാണം)

8. മൃഗാശുപത്രി മുതൽ ആനാരി വരെ

9. കുതിരപ്പള്ളി പടി മുതൽ മഠത്തിൽപ്പടിവരെ (ഓട സംവിധാനം N.H ൽ)

10. ഗണപതിക്ഷേത്രം മുതൽ മഴുപ്പഴഞ്ഞിയിൽ വരെ

11. ഗണപതിക്ഷേത്രം മുതൽ കളീക്കത്തോടു വരെ

12. N.H പ്ളാംമൂട്ടിൽ പടി മുതൽ കൂടാരത്തിൽപ്പടി വരെ

13. ചിറയിൽ പടി മുതൽ ചന്തേരിൽ റോഡ് , കൊട്ടാരത്തിൽ പടി വരെയുള്ള റോഡും

14. ബോട്ടു ജെട്ടി റോഡ് , ജെട്ടി മുതലായവ

15. N.H ൽ മുണ്ടോട്ടിൽ കലുങ്ക് പണിയുക

16. കല്ലേലിൽ പറമ്പ് മുതൽ തെക്കോട്ട് ആറുവരെ റോഡ് I.H.D.P പദ്ധതിയിൽ ഉൾപ്പെടുത്തുക.

17. പടിഞ്ഞാറേപറമ്പിൽ മുതൽ പടിഞ്ഞാറോട്ട് ഒരു കി.മീ.(പുതിയ റോഡ് വെട്ടണം)

WARD - V

V-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1. വീയപുരം ക്ഷേത്രം മുതൽ കളപ്പുര ചിറ വരെ റോഡ്

2. കടൂർ കോയിക്കൽ മുതൽ പടിഞ്ഞാറോട്ട് പുഞ്ച വരെ റോഡ് (കാർ ഷിക മേഖല)

3. കോയിക്കൽ മുക്കു മുതൽ പോസ്റ്റാഫീസ് വരെ

4. തിരുമംഗലത്തു പടി മുതൽ ഡിപ്പോ വരെ

5. കോയിക്കൽ മുക്കു മുതൽ കോട്ടപ്പുറം വരെ റോഡ്

6. കോട്ടപ്പുറം മുതൽ (പടിഞ്ഞാറെ) പള്ളിവരെ (ക്രിസ്ത്യൻ)

7. കോയിക്കൽ മുക്കു മുതൽ പഞ്ചായത്തു കടവു വരെ റോഡ്

8. വീയപുരം ഹൈസ്ക്കൂളിൻറെ വടക്കു വശത്തോടു കൂടി കിഴക്കോട്ട് മരയ്ക്കാം പറമ്പ് വരെ.

9. കടൂർ പറമ്പിൽ പടിഞ്ഞാറു വശം റോഡ് പുഞ്ച വരെ(കാർഷിക മേഖല)

10. ഗുരുമന്ദിരം മുതൽ (കോയിക്കൽ ജംഗ്ഷൻ)കിഴക്കോട്ട് നദി വരെ റോഡ് (കുളിസ്ഥലം).

11. തിരുമനശ്ശേരി കൊട്ടാരത്തിൻറെ കിഴക്കു വശം മുതൽ ക്ഷേത്രം വരെ വഴി(ഗവ: ആയൂർവേദ ഹോസ്പിറ്റൽ)

12. കോയിക്കൽ ജംഗ്ഷൻ മുതൽ തെക്കോട്ട് ഗവ: ടിംബർ ഡിപ്പോ വരെ റോഡ്

13. 229-ാം നമ്പർ വീട്ടുകാരൻ സതീശന് (പുതിയ വഴി ആവശ്യം)

14. തിരുമംഗലം/വള്ളപ്പുരയിൽ നിന്നും കിഴക്കോട്ട് (N.H.Link Road) നിന്ന് തെക്കോട്ട് ഗവ: ടിംബർ ഡിപ്പോ റോഡ്

15. മുറിയിൽ വീടിൻറെ വടക്കു വശം മുതൽ പടിഞ്ഞാറോട്ടു വഴി .

16. മിസ്സീം പള്ളിക്കു വടക്കു വശം പഞ്ചായത്തു കിണർ മുതൽ പുഞ്ച വരെ വഴി

17. ആറ്റുമാലിൽ വീടിൻറെ (ബാബു) തെക്കുവശം മുതൽ കുളിക്കടവ് ആറ്റു തീരം വരെ വഴി റോഡ്

18. ഗവ: ടിംബർ ഡിപ്പോവിനു പടിഞ്ഞാറു വശത്തു കൂടി തെക്കോട്ട് മേട്ടംതറ വരെ

19. കോട്ടപ്പുറത്തു വടക്കു വശം മുതൽ പുഞ്ച വരെ (കാച്ചൻതറ പുരയിടത്തിനു കിഴക്കു വശം.)

20. കോയിക്കൽ ജംഗ്ഷൻ മുതൽ വടക്കോട്ട് ഓട കെട്ടുക.

21. വീയപുരം പാലത്തിനു പടിഞ്ഞാറു വശം (പോലീസ് സ്റ്റേഷൻ)തെക്കോട്ടും (ക്ഷേത്രം)

22. കോയിയ്ക്കലേത്തുചിറയുടെ തെക്കു വശത്തുകൂടി കിഴക്കോട്ട് ഹരിജൻ വീടുകളിലേക്ക്(പുതിയ വഴി)

23. താഹിർ ഹോമീയോ ക്ലീനിക്കിന്റെ തെക്കു വശത്തു കൂടി പാറേച്ചിറ ഹരിജൻ കോളനി വരെ റോഡ്.

24.ഷാപ്പിനു പടിഞ്ഞാറു വശം (നദീ തീരത്തു നിന്നും)വെങ്കിട വരെ വഴി

25. ഗവ: ടിംബർ ഡിപ്പോവിന്റെ പടിഞ്ഞാറു വശം മുതൽ പുത്തൻ തുരുത്തേൽ വരെയുള്ള റോഡ് P.W.D യെ ഏല്പിക്കുക. (ടാറിംഗ് ഉൾപ്പെടെ)

26. ബസ് സർവ്വീസുകൾ ശരിയായി നടത്തുന്നതിനും , പുതിയ സർവ്വീസുകൾ ഉണ്ടാക്കാന്നതിനും നടപടി എടുക്കുക.

27. നദീ തീരത്തു നിന്നും കളപ്പുരക്കുഴി വരെയുള്ള തോട് (ഷാപ്പിനു പടിഞ്ഞാറു വശം)

28. ബസ് സ്റ്റാൻഡ് (K.S.R.T.C/Private) നിർമ്മാണം അത്യാവശ്യം

WARD - VI

VI-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1) N.H Link.Road-ൽ നിന്നും കണ്ണമ്മാലിൽ പടി വരെ (വാർഡിന്റെ കിഴക്കേ അരികിലൂടെ)

2) P.W.D. റോഡിൽ നിന്നും (പോളത്തുരുത്തേൽ)വടക്കേപ്പറമ്പിൽ പടി വരെ (പുതിയ റോഡ്)

3) പാളയത്തിൽ പടി മുതൽ തകിടിപ്പറമ്പിൽ വരെ

4)കടവിൽ പറമ്പിൽ നിന്നും പുഞ്ച വരെ വഴി

5) നന്നംകേരി ലക്ഷംവീട് കോളനി വഴി P.W.D. റോഡിൽ നിന്നും

6) കറുകയിൽ പടി മുതൽ പുഞ്ച വരെ (പിച്ചിംഗ് ഉൾപ്പെടെ)

7) വടക്കേപ്പറമ്പിൽ മുതൽ പുഞ്ച വരെ(പിച്ചിംഗ് ഉൾപ്പെടെ)

8) P.W.D. റോഡു മുതൽ മോട്ടോർ തറ (പോളത്തുരുത്തേൽ) വരെ

9) പനമൂട്ടിൽ പടി മുതൽ ആറ്റു തീരം വരെ

10) N.H ന്റെ തെക്കുവശത്തു കൂടി (പൂർണ്ണമായും) നദിയിലേക്ക് ഓട നിർമ്മിക്കുക.

11)N.H ൽ നിന്നും S.N.D.P മന്ദിരത്തിന് കിഴക്കു വശത്തു കൂടി തെക്കോട്ട് ആറ്റു കടവു വരെ

12) പോളത്തുരുത്തു നടവരമ്പിൽ നിന്നും ആറ്റു കടവ് വഴി പി.ച്ചിംഗ് ഉൾപ്പെടെ

13) ഇരതോട് പാലത്തിന്റെ പടിഞ്ഞാറേ അപ്രോച്ചുകൾ മുതൽ കണ്ണംമാലി പടി വരെ പുതിയ P.W.D. ഏറ്റെടുത്ത് നിർമ്മാണം നടത്തുക.

14) കറുകയിൽ പടി മുതൽ -കുന്നു കണ്ടംവരെ

WARD - VII

VII-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1. S.B.T പടി മുതൽ പടിഞ്ഞാറോട്ട് കോട്ടയിൽ പടിഞ്ഞാറേതിൽ കലുങ്കു വരെ

2. നാല്പത്തിയഞ്ചിൽപടി മുതൽ വടക്കോട്ട് ബ്രദർറൻ ഹാളുവരെ

3. കറുകയിൽ പടിഞ്ഞാറു വശം പഞ്ചായത്തു റോഡ്

4. കന്യക്കോണിൽ ബോട്ടു ജെട്ടി മുതൽ മുട്ടും പാട് വരെ

5. തുണ്ടിയിൽ പടി മുതൽ തെക്കോട്ട് കോളനി വരെ

6. പാളയത്തിൽ കോളനി ആറ്റു മുഖം മുതലുള്ള റോഡ് പുഞ്ച വരെ

7. ആമ്പക്കാട്ടു ചിറ കോളനി വഴി പുളിനിൽക്കും തറ കടവു മുതൽ റോഡു വരെ

8. പറയക്കാട്ടു കലുങ്കു മുതൽ (ആമ്പക്കാട്ടു ചിറ കോളനി) വടക്കോട്ടു പഞ്ചായത്തു് കടവു വരെ

9. പത്നിശ്ശേരിലേക്കുള്ള വഴി (ആമ്പക്കാട്ടു ചിറ കോളനി)

10. കുന്നത്തറ കലുങ്കു മുതൽ ആറ്റു കടവു വരെയും അവിടെനിന്നും150 മീറ്ററോളം കിഴക്കോട്ട് (പുതിയ വഴി)

11. തുരുത്തേൽ കടവിൽ നിന്നും പാടശേഖര ബണ്ടിലേക്കുള്ള വഴി

12. മാടം കുന്ന് ക്ഷേത്രം മുതൽ -പൊതുശ്മശാനം വരെ

WARD - VIII

VIII-ാം വാർഡിൽ സഞ്ചാരയോഗ്യമാക്കപ്പെടേണ്ട റോഡുകൾ/തോടുകൾ

1) P.W.D. റോഡുകൾ ഒന്നും തന്നെ ഇല്ല.

2) കുരുക്കാശ്ശേരി പടി മുതൽ കിഴക്കോട്ട് റേഷൻ കട മുതൽ കിഴക്കോട്ടും (ഏകദേശം 2.5കി.മീ.) റോഡ്

3) മേല്പാടം S.B.T പടി മുതൽ തെക്കോട്ട് പുത്തൻ നിലം വരെ(പുല്ലമ്പട റോഡ്) P.W.D. യെ ഏല്പിക്കുക.

4) കരീക്കോട്ട് തെക്കേതിൽ കലുങ്കിനു കിഴക്കോട്ട് പനനിൽക്കുംപറമ്പു വരെ (പി.ച്ചിംഗ് കെട്ടണം.)

5) കരീക്കോട്ട് കലിങ്കു മുതൽ വടക്കോട്ട് കളപ്പുരപടി വഴി (ഇലമ്പന്ന തോടു വക്കിൽ) ഒറ്റതെങ്ങിൽ കലിങ്കു വരെ പി.ച്ചിംഗ് കെട്ടണം.

6) S.N.D.P പടി മുതൽ പടിഞ്ഞാറോട്ട്

7) കാവുങ്കൽ പടി മുതൽ ചിറ്റടി വരെ

8) ഈയ്യംതുരുത്തിൽ പാപ്പിയുടെ പടി മുതൽ പുളിങ്കീഴിൽ വരെ

9) കരീക്കോട്ട് തെക്കേതിൽ പടിമുതൽ പടിഞ്ഞാറോട്ട് കണ്ണങ്കേരി കലുങ്കു വരെയുള്ള വഴി

10) ചിറ്റടി ബേബിയുടെ പടി മുതൽ വടക്കോട്ട് , ഇതിന്റെ ഉപവഴികൾ പലചരക്കു ബേബിയുടെ കട മുതൽ പടിഞ്ഞാറോട്ട് ഉത്തമന്റെ വീടു വരെയും , മാമൂട്ടിൽ പടി മുതൽ മഞ്ഞാലിൽ പറമ്പിൽ വരെയും കൊച്ചു പുത്തൻപുര പടി മുതൽ വടക്കോട്ട് കൊറ്റൻകേരി ചിറവരെയും റോഡ് .

11) തോണ്ടു കണ്ടത്തിൽ കോളനിയിലേക്ക് പുതിയ തോട്

12) ഇലമ്പനം തോട് സഞ്ചാര യോഗ്യമാക്കുക.

13) അച്ചൻ കോവിലാറിന്റെ ചങ്ങനാരി ഭാഗം എക്കൽ അടിഞ്ഞ് നികന്നു കിടക്കുന്നു. ടി എക്കൽ മാറ്റി യാത്രാ സൗകര്യം ഉണ്ടാക്കണം.

പ്രശ്നങ്ങൾ

അടിയന്തിരമായി റിപ്പയർ ചെയ്യേണ്ട റോഡുകളുണ്ട് .അവശേഷിക്കുന്ന റോഡുകളുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന നൽകിയതും ഇംപ്രൂവ്മെൻറ് നടത്തണം . P.W.D റോഡുകൾ കാലാകാലങ്ങളിൽ മെറ്റിലിംഗ് നടത്തുകയും ഘട്ടം ഘട്ടമായി ടാറിംഗ് നടത്തുകയും വേണം. തൃപ്പക്കുടം റെയിൽവേ ഗെയിറ്റിൽ ഓവർ ബ്രിഡ്ജ് സ്ഥാപിക്കണം. (N.H. ശാഖ) സ്വകാര്യ വ്യക്തികൾ കയ്യടക്കിവച്ചിരിക്കുന്ന റോഡുകളും മറ്റും വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. റോഡുകളും പൊതുനിരത്തുകളും വൃത്തിയായി സൂക്ഷിക്കുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരിക്കണം. പുരയിടങ്ങളേക്കാൾ താഴ്ന്ന നിരപ്പുള്ള വഴികൾ ഉയർത്താനുള്ള നടപടികൾ സ്വീകരിക്കണം. വീയപുരത്തു നിന്നും തിരുവനന്തപുരം , എറണാകുളം , കോട്ടയം എന്നീ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആംഭിക്കണം.

നിർദ്ദേശങ്ങൾ

റോഡുകളുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും പഞ്ചായത്ത് ഫണ്ട് പദ്ധതി വിഹിതം എന്നിവ കൂടാതെ ജനങ്ങളിൽ നിന്നും വിഭവ സമാഹരണം നടത്താവുന്നതാണ്.

ഒരോ വാർഡിലും റോഡു വികസന കമ്മറ്റി രൂപീകരിച്ച് വാർഡിന്റെ മൊത്തത്തിലുള്ള റോഡ് വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകാൻ കഴിയണം. ഒരോ റോഡുപണിക്കും കമ്മറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയണം. ഇത്തരം കമ്മറ്റികളുടെ രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകണം.

അടിയന്തിരമായി നന്നാക്കേണ്ട റോഡുകൾ നന്നാക്കുമ്പോഴും മേൽ പറഞ്ഞ സമീപനം സ്വീകരിക്കേണ്ടതാണ്.

ഊർജ്ജം

വീയപുരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാകുന്ന ഊർജ്ജ സ്രോതസ്സുകളാണ്, വൈദ്യുതി,മണ്ണെണ്ണ, വിറക്, ചപ്പുചവറുകൾ, പാചക വാതകം തുടങ്ങിയവയാണ്.കുട്ടനാട്ടിലെ പ്രധാന നെല്ലുല്പാദന മേഖലകളിൽ ഒന്നായി വീയപുരത്ത് വൈദ്യുതിയുടെ ഉപയോഗം ആരംഭിച്ചിട്ട് നാൽപതി ലധികം വർഷങ്ങൾ പിന്നിടുന്നു. പെട്രോളിയം ഉൽപന്നങ്ങൾ ഉപയോ ഗിച്ച് പ്രവർത്തിച്ചിരുന്ന കാർഷിക യന്ത്ര ങ്ങൾ വൈദ്യുതവൽക്കരിച്ചത് വഴി കാർഷിക മേഖലയിലെ ഇന്ധന ചെല വും മനുഷ്യ പ്രയത്നവും ലഘൂകരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. താഴ്ന്ന ജനവി ഭാഗങ്ങൾ അധികമുള്ള ഈ പഞ്ചായ ത്തിലെ പകുതിയിലധികം വീടുകളിലും ഇന്നു വൈദ്യുതി എത്തിയിട്ടില്ല എന്ന താണ് വസ്തുത പഞ്ചായത്തീരാജ് ബില്ലിലൂടെ നിലവിൽ വന്ന ഗ്രാമസഭ കളുടെയും കേന്ദ്ര സംസ്ഥാന ഗവ: കൂട്ടായ പരിശ്രമത്തിലൂടെയും ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാനാ വുമെന്നു പ്രത്യാശിക്കാം.

വീയപുരം ഗ്രാമ പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾ , കടപ്ര, മാന്നാർ, ഹരിപ്പാട് തുടങ്ങിയ വൈദ്യുതി സെക്ഷൻ ആഫീസുകളിൽ പ്പെടുന്നു. ഈ ഓഫീസുകൾ പഞ്ചായത്തിനു പുറ ത്തായതിനാൽ ഉപഭോക്താക്കൾക്ക് ആവ ശ്യമായ സേവനം ലഭിക്കുന്നതിനു തടസ്സം നേരിടുന്നു. ഈ വസ്തുത പരിഗണിച്ചുകൊണ്ട് പഞ്ചായത്തിന്റെ മധ്യഭാഗത്തായി ഒരു സെക്ഷൻ ഓഫീ സു സ്ഥാപിച്ചു കിട്ടിയാൽ പഞ്ചായ ത്തിലെ ഉപഭോക്ത്താക്കൾക്ക്കൂടുതൽ പ്രയോജനപ്രദമാകും.

പഞ്ചായത്തു പ്രദേശത്ത് ആകെ ഇപ്പോൾ വൈദ്യുതി ലഭിച്ചു കൊണ്ടിരി ക്കുന്നത് , മാവേലിക്കര, കരുവാറ്റ, മങ്കൊമ്പ്, എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ്. പഞ്ചായത്തു പ്രദേശത്ത് ട്യൂബു ലൈറ്റുകൾ ഉൾപ്പെടെ 164 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഇവയിൽ മുക്കാൽ ഭാഗത്തിലധികവും പ്രകാശിക്കുന്ന വയല്ല. സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കു ന്നതിനായി പ്രതിമാസം 5000 രൂപാ വൈദ്യുതി ബോർഡിന് കൊടുക്കുന്നു ണ്ടെങ്കിലും ഫ്യൂസായ ബൾബുകൾ യഥാ സമയം മാറ്റുന്നതിനോ ഇവ കൃത്യമായി പ്രകാശിപ്പിക്കുന്നതിനോ യാതൊരു ശുഷ്കാന്തിയും ബോർഡ് ഉദ്യോഗ

സ്ഥൻമാർ കാണിക്കുന്നില്ല.

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ 60% ഗാർഹിക ഉപഭോക്താക്കളും 25%കാർഷിക ഉപ ഭോക്താക്കളും 10% ത്തോളം വ്യവസാ യിക ഉപഭോക്താക്കളമാണ് . വ്യാപാര ആവശ്യത്തിനായി നാമമാത്രമായ വൈ ദ്യുതിയെ ഉപയോഗപ്പെടുത്തുന്നുള്ളൂ. പഞ്ചായത്തിൽ 1414 ഓളം ഉപഭോക്താ ക്കൾ ഉണ്ട്. പഞ്ചായത്തിൽ 2900 ത്തിലധികം വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. ഉള്ളവയിൽ തന്നെ 40% ത്തോളം വൈദ്യുത മീറ്ററുകൾ പ്രവർ ത്തനക്ഷമമല്ല. വീയപുരം ഗ്രാമപഞ്ചാ യത്ത് പ്രദേശത്തു ആകെ 18 എൽ.റ്റി . ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടിണ്ട്. അധികൃതരുടെ കണക്കുകൾ പ്രകാരം ഒന്നു പോലും അധിക ഭാരം പേറുന്ന വയല്ല. എന്നാൽ പഞ്ചായത്തിൽ പൊതു വേയും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.രൂക്ഷമായ വോൾ ട്ടേജ് ക്ഷാമമായതിനാൽ പഞ്ചായത്തിലെ കാർഷിക മേഖലയേയും ഇത് കാര്യ മായി പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രതിസന്ധിക്കു പരിഹാരമായി വീയപുരം ഗ്രാമപഞ്ചായത്തിന്റെ അവശ്യഭാഗങ്ങളിലെല്ലാം പുതിയ ട്രാൻ സ്ഫോർമർ സ്ഥാപിക്കണമെന്നും എല്ലാ ഗ്രാമാസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉയരുന്നു.

ഗാർഹിക ഊർജ്ജസ്രോതസ്സു കളിൽ പ്രധാനപ്പെട്ടത് ജൈവദ്രവ്യാംശ മാണ് ഭൂരിഭാഗം വീടുകളും മണ്ണെണ്ണ യാണ് വെളിച്ചത്തിനായി ഉപയോഗിക്കു ന്നത്. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാ പിത കരണ്ടുകട്ടും നിത്യ സംഭവങ്ങ ളായതിനാൽ വൈദ്യുതീകരിച്ച വീടുക ളിൽപോലും വെളിച്ചത്തിനായി മണ്ണെ ണ്ണയെ ആശ്രയിക്കേണ്ടി വരുന്നു. പഞ്ചാ യത്തിൽ മണ്ണെയുടെ ഉപയോഗം 1,35000 ലിറ്ററാണ് . പഞ്ചായത്തിലെ ജന വിഭാഗ ങ്ങളിൽ അധികവും പാചകാവശ്യങ്ങൾ ക്കായി വിറകിനെയും നാമമാത്രയായി മണ്ണെണ്ണയും ആശ്രയിക്കുന്നു. പാചക വാതക ലഭ്യത വീയപുരം ഗ്രാമപഞ്ചായ ത്തിൽ നിലവിൽ വളരെ കുറവാണ്. പഞ്ചായത്തിന്റെ പരിധിയിൽ ഒരു L.P.G. ഏജൻസി അനുവദിക്കുക വഴി ഈ പ്രതിസന്ധിക്ക് പരിഹാരം കാണാ വുന്നതാണ്.

ഊർജ്ജ സ്രോതസ്സുകളുടെലഭ്യത

വീയപുരം ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്കു ഗാർഹിക ആവശ്യങ്ങൾ ക്കും മറ്റുമായി വേണ്ടി വന്നിരുന്ന വിറകിന്റെ സിംഹഭാഗവും സ്വന്ത മായി ശേഖരിച്ചിരുന്നു. എന്നാൽ അടു ത്ത കാലാത്തായി വിറകിന്റെ ലഭ്യത യിൽ വന്നിട്ടുള്ള അപര്യാപ്തത മൂലം വിറകു വിലയ്ക്കു വാങ്ങുകയാണ് ചെയ്യുന്നത്. പഞ്ചായത്തിൽ പ്രതിദിനം ഏകദേശം 25 ടൺ വിറക് ഉപയോഗി ക്കുന്നു. ഇതിൽ ഭൂരിഭാഗവും വില കൊടുത്ത് വാങ്ങുകയാണ്.

ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ

വാണിജ്യേതര ഇന്ധനങ്ങളിൽ നിന്ന് കൂടുതൽ സൗകര്യ പ്രദമായി വാണിജ്യ ഇന്ധനങ്ങളെ ആശ്രയിക്കുന്നതിൽ ജനങ്ങൾ താൽപ്പര്യം കാട്ടിതുടങ്ങിയിരിക്കുന്നു. വിറകിന്റെ ലഭ്യത പരിമിതപ്പെടുന്നതിനാൽ പാചക വാതകം ഉപയോഗിക്കുന്നതിനും പഞ്ചായത്തിലെ സമ്പന്ന കുടുംബങ്ങളും ആഗ്രഹി ക്കുന്നു.പാചക വാതകം ലഭ്യമായാൽ ഉപ ഭോഗവും വർദ്ധിക്കുമെന്നകാര്യ ത്തിൽ സംശയമില്ല.

പാരമ്പര്യേതര ഊർജ്ജ സോത്രസ്സു കളുടെഉപയോഗവും ഊർജ്ജ സംരംക്ഷ ണവും ജൈവവാതകം , മണ്ണെണ്ണ സ്റ്റൗ , ഇലക്ട്രോണിക്സ് ചോക്ക്, അനെർ ട്ടിന്റെ പുകയില്ലാത്ത അടുപ്പ് , ശാസ്ത്ര സാഹിത്യ പരിക്ഷത്തിന്റെ നേതൃത്വ ത്തിൽ സ്ഥാപിച്ചിട്ടുള്ള പുകയില്ലാത്ത അടുപ്പുകൾ, എന്നിവ പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. സൂര്യ റാന്തൽ, സൗരോർജപാനൽ തുടങ്ങിയസൗകര്യങ്ങൾ എത്തിക്കുക വഴി പഞ്ചായത്തിലെ മണ്ണെണ്ണയുടെ ഉപയോഗം കുറക്കാൻ സാധിക്കും . വേണ്ടത്ര പ്രചരണം ഇല്ലാത്തതിനാൽ അധിക മാരും മുകളിൽ പറഞ്ഞ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാനും കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കാനും കഴിഞ്ഞിട്ടില്ല.

2. സ്ട്രീറ്റ് ലൈറ്റുകൾ മുക്കാൽ ഭാഗവും പ്രവർത്തന ക്ഷമമല്ല.

3 .പഞ്ചായത്തു പ്രദേശം മൂന്ന് വൈദ്യുത സെക്ക്ഷനാഫീസുകൾക്കു കീഴിൽ വരുന്നതു മൂലമുള്ള പ്രതി സന്ധികൾ.

4. രൂക്ഷമായ വോൾട്ടേജ് ക്ഷാമം.

5. അപ്രഖ്യാപിത കരണ്ടു കെട്ടും അറ്റകുറ്റ പണികൾ നടത്തുന്നതിലുള്ള കാലതാമസവും മൂലം കാർഷിക മേഖല യിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ .

6. അപേക്ഷകർക്കെല്ലാം വൈദ്യുതി വിതരണം ചെയ്യാൻ കഴിയാത്ത അവ സ്ഥയും കാലതാമസവും.

7. ഇലക്ട്രിസിറ്റി തൊഴിലാളി കളുടെ ഉത്തരവാധിത്വ ബോധമില്ലായ്മ യും അലസതയും

8. ഉപഭോഗ ആവശ്യങ്ങളുടെ വൈ പുല്യവും പഞ്ചായത്തു ഫണ്ടിന്റെ പരി മിതിയും

9. പാചക വാതക ഏജൻസികൾ പഞ്ചായത്തിലില്ലാത്തതിന്റെ ബുദ്ധി മുട്ടുകൾ

10. വിറകിന്റെയും , മണ്ണെണ്ണ യുടെയും ദൗർലഭ്യവും വിലവർദ്ധനവും

11. പാരമ്പര്യേതര ഊർജ്ജ സ്രോത സ്സുകളുടെപ്രചരണക്കുറവ്.

12. ട്രാൻസ്ഫോമറുകളുടെ അപര്യാപ്തത മൂലമുണ്ടാകുന്ന വൈഷമ്യങ്ങൾ

13. ധാരാളം ഉപഭോക്താക്കളുള്ള പ്രദേശങ്ങളിൽ പോലും 3Phase ലൈനുകൾ ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ടുകൾ

സാധ്യതകൾ

1)വീയപുരം പഞ്ചായത്തിൽ ഒരു ചെറിയ ഇലക്ട്രിക്സെക്ഷൻ അനുവദിച്ച് പഞ്ചായത്തിലെ എല്ലാ ഉപഭോക്താക്കളെയും ഇതിനു കീഴിലാക്കുക.

2) പഞ്ചായത്തിലെ ഇരതോട് പാലത്തിനു പടിഞ്ഞാറു വശവും മേൽപ്പാടം S.B.T ക്ക് സമീപവും

3) പ്രസരണ നഷ്ടം ഒഴിവാക്കാനായി ലൈനിൽ മൂടി കിടക്കുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ചു മാറ്റുക. ഇതിനായ് സന്നദ്ധ സംഘടനകുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

4) 4K.M ,11K.V , . 12K.M എൽ/റ്റി.ലൈനും വലിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിയും. വൈദ്യുതി ദുർവ്യയം ഒഴിവാക്കുന്നതിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കേണ്ടതാണ്.

5) സൂര്യറാന്തൽ , സൗരോർജ്ജ പാനൽ തുടങ്ങിയ ഉപകരണങ്ങൾ കൂടുതൽ പ്രചാരത്തിലാക്കുകയും ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുകയും വേണം.

6) പാചക വാതക ഏജൻസി പഞ്ചായത്തിൽ സ്ഥാപിക്കുക. റേഷൻ ഷോപ്പുകൾ മുഖേന കൂടുതൽ മണ്ണെണ്ണ ഉപ്ഭോക്താക്കൾക്കു കൊടുക്കുക.

7) വൈദ്യുതി വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി .വൈദ്യുതീബോർഡ് ഓഫീസുകളുടെ പ്രവർത്തനം ഗ്രാമാപഞ്ചായത്താഫീസിന്റെ ഓഫീസുകളുടെ പരിധിയിൽ കൊണ്ടു വരിക.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

വാർഡ്	പേര്	കപ്പാസിറ്റി
I	അകവൂർ	160 K.V.A
II	സെൻറ് മേരീസ് സ്കൂൾ ജംഗ്ഷൻ	100 K.V.A
III	പാമ്പനം പാടശേഖരത്ത്	63 K.V.A
IV	കളിയിക്കൽക്കടവ്	100 K.V.A
V	മയേനാരി	100 K.V.A
V	വീയപുരം ഡിപ്പോ	160 K.V.A
VII	മുപ്പായിക്കേരി	63 K.V.A
VII	മുട്ടുംപാട്	63 K.V.A
VII	കുട്ടക്കുഴി	100 K.V.A
VII	തുരുത്തേൽകടവ്	100 K.V.A
VIII	കോഴിത്തുരുത്ത്	63 K.V.A
VIII	വെട്ടുപുതുക്കരി നംമ്പർ: 1	63 K.V.A
VIII	വെട്ടുപുതുക്കരി നംമ്പർ: 2	63 K.V.A

വാർഡ്	പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
						രൂപം	സംഖ്യ
I	1) ഇരിയാടപ്പള്ളി മുതൽ കളപ്പുര വരെ 2) ഇരവിയത്തുപടി മുതൽ പണ്ടാരത്തുപടി വരെ 3) ഇളവും തറ ഭാഗത്ത് ഒരു പുതിയ ട്രാൻസ്ഫോർമർ	230 m	3 Phase 3 Phase	`1	22000	മനുഷ്യ പ്രയത്നം 10%	5000
II	1) തേവള്ളിൽ നിന്നും കണ്ടൻതേത്തിൽ പടി വരെ 2) നൂറട്ട് വാതിൽ മുതൽ തോട്ടു കടവു വരെ 3)കൊട്ടാരത്തിൽ പടിഞ്ഞേതിൽ മുതൽ കിഴക്കോട്ട്	400 m	1 Phase		80000	മനുഷ്യ പ്രയത്നം 10%	5000
III	1) കിഴക്കേകോളനിയിൽ 2) അച്ചൻമുക്കു മുതൽ കുറശ്ശേരി വരെ 3) പുരുഷോത്തമൻ മുതൽ കുരിയാക്കോസ് മഠം	500 m	1 Phase 3 Phase 3 Phase		100000	മനുഷ്യ പ്രയത്നം 10%	5000
IV	1) പ്രയാറ്റേരി പുഞ്ചയിൽ നിന്നും 11 K.V ലൈൻ മാറ്റി സ്ഥാപിക്കുക. 2) വടക്കേകുന്നു ഭാഗത്തും, കൂടാരത്തിൽ ഭാഗത്തും	2.5 K.M	3 Phase 1 Phase		110000	മനുഷ്യ പ്രയത്നം 20%	10000
V	1) പാറേച്ചിറ ഹരിജൻ കോളനിയിൽ 2) H.Sമുതൽ വടക്കോട്ട് (3Ph) 3) വലിയപറമ്പിൽ കോളനിയിൽ 1) പാളയത്തിൽ കോളനിയിലേക്ക്	200 m	1 Phase		80000	മനുഷ്യ പ്രയത്നം 10%	10000
VI	2) എടത്വാ വീയപുരം റോഡിൽ(3Ph) 3) ഇരതോടു പാലം മുതൽ കണ്ണംമാലിപടി വരെ 4) കടവിൽപറമ്പു മുതൽ പുത്തലി പറമ്പു വരെ 5) ഇരതോടു പാലത്തിനു സമീപം ട്രാൻസ് ഫോർമർ	2.7 K.M	1 Phase 3 Phase 3 Phase 1 Phase	`1	110000	മനുഷ്യ പ്രയത്നം 20%	20000
VII	1) തുരുത്തേൽ പാലത്തിന് അപ്രോച്ച് ലൈൻ 2) അനുബന്ധ റോഡുകളിൽ (3Ph)ലൈൻ 3) വാർഡിൽ ഒരു ട്രാൻസ്ഫോർമർ 4) തോട്ടകണ്ടത്തിൽ കോളനി	500 m	1 Phase 3 Phase	`1	45000	മനുഷ്യ പ്രയത്നം 10%	10000
VIII	1) ചിറയിൽ പടി മുതൽ പടിഞ്ഞാറോട്ട് 2) കൊമ്പുകിഴക്കേൽ പടിമുതൽ പടിഞ്ഞാറോട്ട് 3) പട്ടനോട് കോളനി 4) കീരിക്കോട്ട് കലിങ്കിന് കിഴക്കോട്ട്(3Ph)	1200 m	1 Phase 1 Phase 1 Phase 3 Phase		36000	മനുഷ്യ പ്രയത്നം 10%	5000

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്ത് അതീവ ശ്രദ്ധ ചെലുത്തുകയും ദുർബല ജനവിഭാഗങ്ങളും സമൂഹത്തിലെ പിന്നോക്ക വിഭാഗക്കാർക്കും വേണ്ടി പ്രത്യേക ആശ്വാസപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുകയും ചെയ്തിട്ടുള്ള പഞ്ചായത്താണു വീയപുരം പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഫലമായി നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായി വീടു നിർമ്മിച്ചു കൊടുക്കുകയും ദുർബല ജനവിഭാഗങ്ങൾക്ക് കക്കൂസു നിർമ്മിക്കുന്നതിനു സാമ്പത്തിക സഹായം നല്കുവാനും പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ മേഖലകളിലായി ബാലവാടി കുടിപ്പള്ളിക്കൂടങ്ങൾ അംഗൻവാടികൾ മുതലായവ പ്രവർത്തിച്ചു വരുന്നു. ഇവയിൽ ചിലതിനു ചില ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. വിവിധ സാമൂഹക്ഷേമപദ്ധതി പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നവർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. കർഷക തൊഴിലാളി പെൻഷനു അർഹതപ്പെട്ടവരായി അപേക്ഷ സമർപ്പിച്ചിട്ടും പെൻഷൻ ലഭിക്കാത്തവരും അർഹത പ്പെട്ട അപേക്ഷ കൊടുക്കാത്തവരും നിരവധിയുണ്ട്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ ഉണ്ടെങ്കിലും അർഹതപ്പെട്ട പലർക്കും ലഭിക്കുന്നില്ല. ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷൻ വിതരണം പഞ്ചായത്തുകളെ ഏല്പിച്ചുവെങ്കിലും ഇതിന്റെ ചേരി നിർമ്മാണ പദ്ധതി പ്രകാരം P.W.D പുറമ്പോക്കിൽ താമസക്കാരായിട്ടുള്ളവരെ മാറ്റി പാർപ്പിക്കാൻ കോളനി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇനിയും നിരവധി കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരം ദുർബല ജനവിഭാഗങ്ങൾക്ക് കക്കൂസു നിർമ്മിക്കുന്നതിനും, സൗജന്യമായി വീടുവച്ചു കൊടുക്കുന്നതിനും കൂടാതെ ദിരിദ്ര കുടുംബങ്ങളുടെ ഓലപ്പുരമേയാനും ധനസഹായം നല്കി വരുന്നുണ്ട്. വിധവകളുടെ പെൺമക്കളേ വിവാഹം കഴിച്ചു വിടുന്നതിനു 2000 രൂപാ ധനസഹായം

നല്കുന്നുണ്ട്.

ബ്ലോക്കു തലത്തിലുള്ള വിവിധ സ്വയം തൊഴിൽ പദ്ധതിയിൽ നിന്നും നിരവധി പേർക്ക് ആനുകൂല്യം ലഭിച്ചു വരുന്നുണ്ട്.

സാമൂഹ്യരംഗത്ത് നിലനില്ക്കുന്ന വിപത്തുകളായ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ശരിയായ തോതിലുള്ള പ്രചാരണം പഞ്ചായത്തിൽ നടക്കുന്നില്ല.

നിർദ്ദേശം

1. ജനസംഖ്യാനുപാതത്തിൽ എല്ലാ വാർഡുകളിലും ബാലവാടികളും ഫീഡിംഗ് സെൻററുകളും സ്ഥാപിക്കുക. കളിസ്ഥലങ്ങൾ എല്ലാ വാർഡുകളിലും ഉണ്ടാക്കുക. പഞ്ചായത്തിൽ ഒരു ലൈബ്രറി സ്ഥാപിക്കുക.

2. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നല്കുക, ഇവരുടെ വീടുകൾ വൈദ്യുതീകരിക്കുവാൻ നടപടികൾ സ്വീകരിക്കുക.

3. വാർഡ് അടിസ്ഥാനത്തിൽ മഹിളാ സമാജങ്ങളും അവയോടനുബന്ധിച്ച് തൊഴിൽ പരീശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

4. പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുക.

5. മദ്യവും മയക്കമരുന്നും പൂർണ്ണമായി നിർത്തലാക്കുന്നതിന് പഞ്ചായത്തു മുൻകൈയ്യെടുത്തു ബോധവല്ക്കരണം നടത്തണം.

6. നിർദ്ദന വിദ്യാർത്ഥികൾക്കു യൂണിഫോം നല്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

7. പഞ്ചായത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉച്ചക്കഞ്ഞി പദ്ധതിയ്ക്കു ഇപ്പോൾ നല്കുന്ന ധനസഹായത്തിൽ വർദ്ധനവു വരുത്തി എല്ലാ സ്ഥാപനങ്ങളിലും ഉച്ചക്കഞ്ഞി ഉറപ്പു വരുത്തണം.

8. വിവിധ പെൻഷൻ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കണം. പെൻഷൻ വിതരണത്തിനുള്ള കാലതാമസം ഒഴിവാക്കാനും നടപടികൾ സ്വീകരിക്കണം.

9. പഞ്ചായത്തിലെ ഓലപ്പുരകൾക്കു പകരം ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി വീടുകൾ നിർമ്മിച്ചു നല്കണം.

10. ദുർബല ജനവിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നല്കുക.

11. പഞ്ചായത്തിലെ സ്ഥായിയായ നിർദ്ദന രോഗികൾക്കു ചികിത്സാ സഹായം നല്കുന്ന പദ്ധതി നടപ്പാക്കുക.

12. പഞ്ചായത്തിന്റെ നേതൃത്വത്തിൽ രക്തദാന സേന സംഘടിപ്പിക്കുക രക്തദാനത്തിനായി ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുക.

13. വൈദ്യുതി, കുടിവെള്ളം ഇവ എത്താത്ത മേഖലകളിൽ എത്തിക്കുക.

ഭവനനിർമ്മാണം

വീയപുരം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കാർഷികമേഖലയിലുൾപ്പെടുന്ന പ്രദേശമായതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരും കർഷകതൊഴിലാളികളും. പട്ടികജനവിഭാഗങ്ങളാണ് ഏറിയപങ്കും. അതുകൊണ്ടു തന്നെ സുരക്ഷിതമായ വീടുകളുടെ ആവശ്യകത ഒന്നിനൊന്നു വർദ്ധിച്ചു വരുന്ന അവസ്ഥയാണ് ഇന്നു നിലവിലുള്ളത്.

പഞ്ചായത്തുതലത്തിലും മറ്റും നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ പട്ടികജാതി വിഭാഗത്തിന് തെല്ലൊരാശ്വസമുണ്ടെങ്കിലും ജനവിഭാഗങ്ങൾക്ക് ഈ രംഗത്തു നിന്നും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നാമമാത്രമാണ്. ശരാശരി 45 % വളരെ താഴ്ന്ന നിലവാരത്തിലും 35% ഇടത്തരവും 20 % സാമാന്യം നിലവാരവും പുലർത്തുന്ന വീടുകളാണ് പഞ്ചായത്തിലുള്ളത്. തുടർച്ചായുണ്ടാകുന്ന പ്രകൃതി ക്ഷോഭവും അപകടമായ വെള്ളപ്പൊക്കവും എല്ലാത്തരം വീടുകൾക്കും ഭീക്ഷണിയാകാറുണ്ട്. പ്രത്യേകിച്ചും താണ നിലവാരത്തിലുള്ള ചെറു കുടിലുകൾ.

ഇക്കാലമത്രയുമുള്ള ഭവന നിർമ്മാണ പ്രവർത്തന പ്രവർത്തനങ്ങളുടെ വിലയിരുത്തലിന്റെ അപര്യാപ്തത, കാലാനുസൃണമായ പുനർകൃമീകരണങ്ങളുടെ അഭാവം, പൊതു ജനങ്ങളിൽ ശരിയായ ധാരണക്കുറവ് എന്നിവ ഈ രംഗത്ത് പഞ്ചായത്തിനെ വളരെ പിന്നിലാക്കിയെന്നതാണ് യാഥാർത്ഥ്യം ഇഷ്ടിക നിർമ്മാണത്തിനും ആറ്റു മണൽ ശേഖരിക്കുന്നതിനും വളരെയേറെ സാധ്യതകളുടെ പഞ്ചായത്തിലെ വിവിധ വാർഡുകൾ ക്രേന്ദീകരിച്ച് സന്നൗദ്ധ സംഘടനകളുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയാൽ ഭവനനിർമ്മാണത്തിന് ചുരുങ്ങിയ കാലയളവിൽ സ്വയം പര്യാപ്തമാകാമെന്ന് വിവിധ ഗ്രാമ സഭകൾ വിലയിരുത്തി.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	കോൺക്രീറ്റ്	ഓട്,	ഓല
I	360	127	175	57
II	36	115	150	80
III	418	110	145	135
IV	551	111	144	206
V	421	112	143	126
VI	312	88	167	135
VIII	373	115	150	122
VIII	360	121	146	150
ആകെ	3155	899	12210	1011

സഹകരണം

സ്വന്തം സാമ്പത്തിക ഉന്നമനത്തിനു വേണ്ടി മനുഷ്യരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ വ്യക്തികൾ സ്വമേധയാസംഘടിപ്പിക്കുകയും അതിന്റെഭരണം നീതി നിഷ്ടമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണ സംഘം. കേരളത്തിലെ ജനങ്ങളിൽ ഒരാൾ എങ്കിലും ഏതെങ്കിലുമൊരു സഹകരണ സംഘത്തിൽ അംഗമാണ് . ഇതിൽ നിന്നും സഹകരണ പ്രസ്ഥാനം ജനങ്ങളിൽ ചെലുത്തിയ സ്വധീനം എത്ര വലുതാണെന്നു മനസ്സിലാക്കാം.

വീയപുരം പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ

1) വീയപുരം വില്ലേജ് സർവ്വീസ് സഹകരണസംഘം കാരിച്ചാൽ No.A.296

2) മേല്പാടം സർവ്വീസ് സഹകരണ സംഘം No.

3) വീയപുരം ക്ഷീരോല്പാദക സഹകരണസംഘം No.17(D) 1,2,3 വാർഡുകൾ

4) പായിപ്പാട് സർവ്വീസ് സഹകരണസംഘം No. 211(D) 4-ാം വാർഡ്

5) വീയപുരം നോർത്ത് സർവ്വീസ് സഹകരണസംഘം No.A183(D) 5,6, വാർഡുകൾ

6) മേല്പാടം ക്ഷീരോല്പാദക സഹകരണസംഘം No.7,8 വർഡുകൾ

7) വിമൻസ് ഡവലപ്പെമെൻറ് സൊസൈറ്റി -കാരിച്ചാൽ (D.W.C.R) കാരിച്ചാൽ

8) പായിപ്പാട് വിമൻസ് സഹകരണ സംഘം -പായിപ്പാട് (K.U.C.S) പായിപ്പാട്

9) വീയപുരം ഹൈസ്ക്കൂൾ സഹകരണസംഘം വീയപുരം (A.760-H.S വീയപുരം)

10) വീയപുരം ഉൾനാടൻ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം No. F (0) 1-75

11) മേല്പാടം വനിതാ സഹകരണ സംഘം

വീയപുരം പഞ്ചായത്തു പ്രദേശം

കൂടി പ്രവർത്തന മേഖലയായിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ.

1) കാർത്തികപ്പള്ളി താലൂക്ക് സഹകരണ കാർഷിക വികസന ബാങ്ക് ഹരിപ്പാട് Ltd.No. A326

2) കാർത്തികപ്പള്ളി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം No.A301ഹരിപ്പാട്

3) കാർത്തികപ്പള്ളി താലൂക്ക് എയിഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം Ltd.No. A278 ഹരിപ്പാട്

4) ഹരിപ്പാട് ഗവ:സർവ്വീസസ് സഹകരണ സംഘം Ltd.No. A284 ഹരിപ്പാട്

(1)വീയപുരം വില്ലേജ് സർവ്വീസ് സഹകരണ സംഘം

വീയപുരം ഗ്രാമ പഞ്ചായത്തിലെ ഒന്നു മുതൽ ആറുവരെയുള്ള വാർഡുകൾ പ്രവർത്തന മേഖലയായിട്ടുള്ള സംഘമാണ് ഇപ്പോൾ ഇത് . ആരംഭത്തിൽ വീയപുരം വില്ലേജ് പ്രവർത്തന മേഖലയായിരുന്നു. 10 സെൻറ് ഭൂമിയും കെട്ടിടവും ഗോഡൗണും സ്വന്തമായി ഉണ്ട്. ആദ്യം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇടക്കാലത്ത് കെടുകാര്യസ്ഥതയും ധൂർത്തും മൂലം സംഘം പ്രവർത്തനം തന്നെ നിലച്ച നില യിൽ ആയിരുന്നു. ഇപ്പോൾ ഒരു ലക്ഷത്തിനു മേൽ ബാദ്ധ്യതയുണ്ട്. എന്നാ ൽ അതിനെ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകളും റിക്കാർഡുകളും സംഘ ത്തിൽ ഇല്ല. ഇപ്പോൾ തെരഞ്ഞെടുത്ത ഭരണ സമിതി നിലവിൽഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. നല്ല വികസന സാധ്യതകൾ ഉള്ള ഒരു സംഘം ആണ്. ഇനിയും നല്ല നിലയി ൽ പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് പ്രയോ ജനമാക്കിയെടുക്കാൻ കഴിയുന്നതാണ്.

(2) മേല്പാടം സർവ്വീസ് സഹകരണ സംഘം

ഇടക്കാലത്ത് പ്രവർത്തനം ഇല്ലാതിരുന്നു എങ്കിലും കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തനം നടക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ (93-94, 94-95, 95-96) കൃഷിക്കാർക്ക് കാർഷിക വായ്പ കൊടുക്കുന്നതിനും വളവും കീടനാശിനികളും വിൽപ്പന നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സംഘം കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(3)ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 1,2,3 വാർഡുകൾ കേന്ദ്രീകരിച്ച് No. 17 (D) സംഘവും, 4-ാം വാർഡിൽ No.211 (D) സംഘവും, 5, 6 വാർ ഡുകൾ കേന്ദ്രീകരിച്ച് No.A 183 (D) സംഘവും 7,8 വാർഡുകൾ കേന്ദ്രീകരിച്ച് സംഘവുംപ്രവർത്തിക്കുന്നു. ഈ സംഘങ്ങൾ പാലുല്പാദകർക്ക് സഹായ കരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(4) വനിതാ സഹകരണസംഘങ്ങൾ

കാരിച്ചാൽ കേന്ദ്രമാക്കി വിമൻസ് ഡവലപ്പെമെൻറ് സൊസൈറ്റി പ്രവർത്തിക്കുന്നു.ഇവിടെ സിമൻറും ഇഷ്ടികയും, തൊടിയും നിർമ്മിച്ച് വിതരണം നടത്തുന്നു. കൂടുതൽ വിപണികൾ കണ്ടെത്തി വികസിപ്പിക്കാൻ കഴിയണം.

(5)പായിപ്പാട് വിമൻസ് സഹകരണ സംഘം

നാലാം വാർഡിൽ പ്രവർത്തിക്കുന്നു. അച്ചാറുകൾ , ജാം തുടങ്ങിയവ ഉല്പാദിപ്പിക്കുന്നു.

(6) മേല്പാടം വനിതാ വ്യവസായ സഹകരണ സംഘം

എട്ടാം വാർഡിൽ പ്രവർത്തിക്കുന്നു. ഇവിടെ മുളക് ,മല്ലി, പല വ്യജ്ഞനങ്ങൾ എന്നിവ പൊടിച്ചും മറ്റു പലഹാരങ്ങൾ നിർമ്മിച്ചും വിതരണം ചെയ്യുന്നു. ഈ സ്ഥാപനത്തിനും വിപണി ഒരു പ്രശ്നമായിട്ടുണ്ട്. വിപണി കണ്ടെത്തി വികസിപ്പിക്കാൻ കഴിയുന്നതാണ്.

മേൽപ്പറഞ്ഞ വനിത സംഘങ്ങൾ മേല്പാടം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ ശാഖയിൽ നിന്നും വായ്പയെടുത്താണ് വ്യവസായങ്ങൾ ആരംഭിച്ചത്. ഗവൺമെൻറിൽ നിന്നുള്ള സബ് സീഡികളും ലഭിക്കുന്നുണ്ട്.

വീയപുരം ഹൈസ്ക്കൂൾ സഹകരണസംഘം

വീയപുരം ഹൈസ്ക്കൂളിൽ പ്രവർത്തിക്കുന്നു. സ്ക്കൂളിലേക്ക് ആവശ്യമുള്ള പുസ്തകങ്ങളും നോട്ടു ബുക്കുകളും ആലപ്പുഴ സഹകരണ സംഘത്തിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് ന്യായമായ വിലക്ക് വിതരണം ചെയ്യുന്നു.

വീയപുരം ഉൾനാടൻ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ F.(D) 1.75 പായിപ്പാട് P.O വീയപുരം പഞ്ചായത്ത് പ്രവർത്തന മേഖലയായി അടുത്ത സമയത്ത് പ്രവർത്തനം ആരംഭിച്ച സംഘം ആണ്. . ഉൾനാടൻ പ്രദേശത്തെ മത്സ്യത്തൊളിലാളികളുടെ ക്ഷേമ ഐശ്വര്യങ്ങൾ ലാക്കാക്കി രൂപീകരിച്ചതാണ് സംഘം. സംഘത്തിൻെറ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതേയുള്ളൂ.

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന മറ്റ് സംഘങ്ങൾ പായിപ്പാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കാർത്തികപ്പള്ളി താലൂക്ക് കാർഷിക വികസന ബാങ്കും ഹൗസിംഗ് സൊസൈറ്റിയും വീയപുരം പഞ്ചായത്തിലെ ആളുകളും പ്രയോജനപ്പെടുത്തുന്നുണ്ട്.

സാദ്ധ്യതകൾ

i) വ്യവസായ സഹകരണ സംഘങ്ങൾ നാമമാത്രമാണ് പച്ചക്കറി, തഴപ്പാ

നെയ്ത്ത് , കൂടാതെ ഖാദിഗ്രാമ വ്യവാസായ രംഗത്തെ ചെറുകിട യൂണിറ്റുകൾ, സഹകരണസംഘങ്ങൾ രൂപീകരിച്ച് തുടങ്ങാവുന്നതാണ്.

ii) താഴെപറയുന്ന മേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കണം

1) കോഴിവളർത്തൽ

2) ആടുമാടുകളെ വളർത്തൽ

3) ക്ഷീര ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുക .

4) സോപ്പ് നിർമ്മാണം, ക്ലീനിംഗ് പൗഡർ

5) കുറ്റിമുല്ല, കൂൺകൃഷി

6) റെഡിമെയ്ഡ് വസ്ത്ര നിർ മ്മാണം

7) മെഴുകുതിരി, തീപ്പെട്ടി

8) നോട്ടു ബുക്ക് നിർമ്മാണം

9) ട്യൂഷൻ സെൻററുകൾ നട ത്തുക.

10) നെല്ലു പുഴുക്ക് , നാളികേര സംസ്ക്കരണം

11) ഇഷ്ടിക നിർമ്മാണം

12) കാലീത്തീറ്റ നിർമ്മാണം

13) വർക്ക് ഷോപ്പുകൾ നടത്തുക.

14) മത്സ്യ സംഭരണവും സംസ്ക്കരണവും വിതരണവും

15) മത്സ്യബന്ധനം

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

വച്ചപ്പട്ടുവിരിച്ച പുൽത്തകടികളും മനോഹരങ്ങളായ വയലേലകളും പനിനീർചോലകളും കുളിരരുവികളും നദികളും തോടുകളും അവയുടെ ഇരുകരകളിലും തണൽ പരത്തി നിലകൊള്ളുന്ന കേരവൃക്ഷങ്ങളും കൊണ്ടനുഗ്രഹീതമാണ് അപ്പർ കുട്ടനാട്. അപ്പർ കുട്ടനാടൻ പ്രദേശങ്ങളിൽ പ്രധാന ഭാഗമായ വീയപുരം പഞ്ചായത്ത്.

വീയപുരത്തിന്റെ ഈ മനോഹാരിതയുടെയെല്ലാം കാരണക്കാരായ മർദ്ദിതരിൽ മർദ്ദിതരും നിന്ദിതരിൽ നിന്ദിതരുമായിരുന്നു പട്ടികജാതി പട്ടിക വർഗ്ഗക്കാർ .അവരുടെ കഠിനമായ വർഷങ്ങളോളമുള്ള അധ്വാനത്തിന്റെ ഫലമായിട്ടാണ് വനഭൂമിയായിരുന്ന വീയപുരത്തെ ഇത്തരമൊരു സുന്ദര ദേശമാക്കിമാറ്റിയത് . അധപതനത്തിന്റെ നീർചുഴയിൽ നിന്നും ഈ ജനവിഭാഗത്തെ കൈപിടിച്ചുയർത്താൻ പല മഹാൻമാരും ഈ ദേശത്തെത്തിയിട്ടുണ്ടാവാം. ഇതിൽ വിസ്മരിക്കാനാവാത്ത ഒരു വ്യക്തിയാണ് ശ്രീ: അയ്യൻകാളി – അദ്ദേഹം 1910 ൽ വീയപുരം പാളയത്തിൽ ചിറയിലെത്തുകയും പിന്നോക്ക ജനവിഭാഗത്തിന്റെ ഉയർച്ചയെ ലക്ഷ്യമിട്ടുകൊണ്ട് ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിക്കുകയും ചെയ്തു. അതുമൂലമാണ് ഇന്നാട്ടിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിന്റെ വികസനം ആരംഭിച്ചത്.

ഈ ഗ്രാമപഞ്ചായത്തിൽ 450 കുടുംബങ്ങളിലായി 2395 പട്ടികജാതി പട്ടിക വർഗ്ഗക്കാരായ ആളുകൾ വസിക്കുന്നു. ഇതിൽ 1060സ്ത്രീകളും 985 പുരുഷൻമാരും 350 കുട്ടികളും ഉണ്ട്. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കക്കൂസ് ശുദ്ധജലം, വൈദ്യുതി, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ വികസനകാര്യങ്ങൾ ഇന്നും വേണ്ടത്ര എത്തിയിട്ടില്ലാത്ത കോളനികളാണ് അധികവും . എന്നാൽ ചിലർക്കെല്ലാം ഭൂപരിഷ്കരണ നിയമ പ്രകാരം 10 സെന്റ് കുടികിടക്കാനുള്ള ഭൂമിയും മറ്റു ചിലർക്ക് മിച്ച ഭൂമി

വിതരണ പ്രകാരം കൃഷി ഭൂമിയും ലഭിച്ചിട്ടുണ്ട് . ഈ ഭൂമികളാകട്ടെ പുഞ്ചപാടങ്ങളോട് ചേർന്നാണ്. ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ ഈ വിഭാഗം താമസിച്ചുവരുന്നു.

സഞ്ചാര യോഗ്യമാക്കേണ്ട കോളനി റോഡുകൾ

1) നെയ്യൂർ ലക്ഷം വീട് കോളനി

2) ഇളവുംതറ സെറ്റിൽമെൻറ് കോളനി

3) പുളിനിൽക്കും തറ കോളനി

4) കണത്താരത്തിൽ സെറ്റിൽമെൻറ് കോളനി

5) കൊല്ലാറ കോളനി

6) മലാൽ കോളനി

7) മണിയങ്കരി കോളനി

8) കല്ലേലിപത്ത് കോളനി

9) വല്യപറമ്പിൽ ലക്ഷം വീട് കോളനി

10) പാറേച്ചിറ സെറ്റിൽമെൻറ് കോളനി

11) പാളയത്തിൽ കോളനി

12) തത്തംങ്കേരി ലക്ഷം വീട് കോളനി

13) പട്ടനാട് സെറ്റിൽമെൻറ് കോളനി

14) പാളയത്തിൽ സെറ്റിൽമെൻറ് കോളനി

15) കൊറ്റംങ്കേരി സെറ്റിൽമെൻറ് കോളനി

16) കൊറ്റംങ്കേരി ലക്ഷം വീട് കോളനി

17) പത്തിശേരി കരിവേലി കോളനി

വീടുകളുടെ ഏകദേശരൂപം

വാർഡ്	സ്ഥലപേര്	പട്ടികജാതി വീടുകളുടെ എണ്ണം
I	വെള്ളംകുളങ്ങര	41
II	കാരിച്ചാൽ	42
III	കാരിച്ചാൽ II	40
IV	പായിപ്പാട്	75
V	വീയപുരം I	32
VI	വീയപുരം II	45
VII	മേൽപ്പാടം I	75
VIII	മേൽപ്പാടം II	75

1) വൈദ്യുതി ലഭിക്കാത്ത കോളനികളിൽ വൈദ്യുതി എത്തിച്ചും, പട്ടികജാതി/വർഗ്ഗ വീടുകൾ പഞ്ചായത്തിൽ നിന്നും സൗജന്യമായി വയറിംഗ് നടത്തി കണക്ഷൻ കൊടുക്കുക.

2) കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുവാൻ പഞ്ചായത്തിനു പൂർണ്ണഅധികാരം നൽകുകയും കക്കൂസിന്റെ ഗുണനിലവാരം ഉയർത്തുകയും ചെയ്യുക.

3) ഒരു പൂ കൃഷി മാത്രം നടക്കുന്ന

നമ്മുടെ പഞ്ചായത്തിൽ മറ്റു തൊഴിൽ ഇല്ലാത്തതിനാൽ യഥാക്രമം 2 വാർഡിന് ഒരു പട്ടിക ജാതി/വർഗ്ഗ സൊസൈറ്റി നിർമ്മിച്ചും (അതിൽ തീപ്പെട്ടി, തഴപ്പാ, മെഴുകുതിരി, ചന്ദനതിരി, സിമൻറു കട്ട, നെല്ലു പുഴുക്ക്, തയ്യൽ) എന്നീ തൊഴിലുകൾ ചെയ്യാൻ അവസരം ഉണ്ടാക്കി കൊടുക്കുക.

4) സർക്കാരിൽ നിന്നും ഈ വിഭാഗത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾ എല്ലാവർക്കും തുല്യമായി എത്തിച്ച് ക്രമക്കേടുകൾ ഇല്ലാതാക്കുക.

5) സർക്കാർ കുളങ്ങളും പുറംമ്പോക്കും ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പതിച്ചു കൊടുക്കുക. കുളങ്ങൾ നികത്തി താമസയോഗ്യമാക്കി കൊടുക്കുക.

6) സാമ്പത്തീക പരിമിതിക്കുള്ളിൽ ജീവിക്കുന്ന ഈ വിഭാഗത്തിന് വിദ്യാഭ്യാസം ഒരു പ്രധാന പ്രശ്നമായതിനാൽ ഈ പഞ്ചായത്തിൽ പട്ടികജാതി / പട്ടിക വർഗ്ഗ സൗജന്യറ്റ്യൂഷൻ സെൻറർ നിർമ്മിച്ചു വിദ്യഅഭ്യസിപ്പിക്കുക.

7) ലംസം ഗ്രാൻറും മറ്റു സർക്കാർ സഹായങ്ങളും വില നിലവാരം അനുസരിച്ച് വർദ്ധിപ്പിക്കുക.

8) പട്ടികജാതി വികസനവകുപ്പിൽ നിന്നും കൃഷിപ്പണിക്കാരായവരുടെ ഓരോ കുടുംബത്തിനും ഒരേക്കർ നിലം വാങ്ങുന്നതിനാവശ്യമായ ലോൺ കൊടുക്കുക.

9) ഉച്ചനിചതപം കരി നിഴൽ പോലെ ഇന്നുംനിലനിൽക്കുന്നു.

10) സർക്കാരിൽ നിന്നും അനുവദിച്ച പലതും തുകയുടെ കുറവിനാൽ പണി തീർക്കാൻ കഴിയാതെ വന്നിട്ടുള്ള പട്ടികജാതിക്കാരുടെ വീടുകൾ പുതിയ സ്ക്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുമ്പോൾ ആവശ്യമായ സാമ്പത്തിക സഹായം കൊടുത്തും കേടുപാടുകൾ വന്നിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ ആവശ്യമായ പണം കൊടുക്കുകയും ചെയ്തു സഹായിക്കുക.

11) വീയപുരം ഗ്രാമപഞ്ചായത്തിലെ പട്ടികജാതിപട്ടികവർഗ്ഗക്കാർ താമസിക്കുന്ന 17 കോളനിയിലെയും റോഡുകൾ വീതിക്കൂട്ടിയും ഉയർത്തി ടാർ ചെയ്യുക.

12) കാർഷികവൃത്തി മാത്രം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനു കൃഷി ആയുധങ്ങൾ, കോഴി, താറാവ്, എരുമ, എന്നിവ വില വാങ്ങാതെ സൗജന്യമായി നൽകുക.

13) മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലോണായി വള്ളം, വല എന്നിവ സബ്സീഡിയോടെ അനുവദിക്കുക.

14) നിത്യചെലവിന് ബുദ്ധിമുട്ടുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും ലോണുകൾ എഴുതിതള്ളുക.

15) കൂട്ടുകുടുംബങ്ങളെ കണ്ടു പിടിച്ച് അവർക്കു താമസ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക.

16) പട്ടികജാതിപട്ടികവർഗ്ഗക്കാർ 90 % വും 3 സെൻറിലും 5 സെൻറിലും 10 സെൻറിലും താമസക്കാർ ആകുന്നു. ആകായാൽ അവരുടെ ഭൂമി നികത്തുന്ന തിനുവേണ്ട നടപടി സ്വീകരിക്കുക.

17) എല്ലാ വാർഡിലും പൊതു ശ്മശാനം നിർമ്മിക്കുകയും പായിപ്പാട് നാലാം വാർഡിൽ കല്ലോലി പത്തു IHDP കോളനിയിൽ അനുവദിച്ച ഭൂമി നികത്തുന്ന സ്ക്കീം നാളിതുവരെ നടത്തിയിട്ടില്ല. ഈ പരിപാടി ഉടൻ നടപ്പിലാക്കാൻ ആവശ്യമായ തീരുമാനം ഉണ്ടാക്കുകയും ചെയ്യുക.

18) പട്ടികജാതിപട്ടികവർഗ്ഗ ക്കാരുടെ പരമ്പരാഗത കലാ രൂപങ്ങളും കണ്ടെത്തി അവയ്ക്ക് പ്രോത്സാഹനം നടത്തുക.

19) സ്ക്കൂളിലെ ആൾ പ്രമോഷൻ നടത്തുക. ക്ലാസിൽ പഠിക്കാൻ മോശമായ വിദ്യാർത്ഥികൾക്ക് തൊഴിലില്ലാത്ത കോളിഫെഡായ യുവജനങ്ങളെ കണ്ടു പിടിച്ചു പഠിപ്പിക്കാൻ ഏർപ്പാടു ചെയ്യുക. അതുവഴി തൊഴിലില്ലാത്ത വർക്കു തൊഴിലും അല്ലാത്തവർക്കു വിദ്യയും നൽകാൻ സാധിക്കും . തോക്കുന്ന കുട്ടികൾക്കും പൂർണ്ണമായും ലംസംഗ്രാൻറ് നടപ്പാക്കുക.

20) പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പ്രധാന തടസ്സം സ്ക്കൂൾ രാഷ്ട്രീയമാണ്. യുദ്ധ കാലാടിസ്ഥാനത്തിൽ ഇവയില്ലാതാക്കുക.

21) അർഹരായ കർഷക തൊഴിലാളികൾക്കും , വിധവകൾക്കും , വാർദ്ധ്യകാലപെൻഷൻ പഞ്ചായത്തു മുഖേന അതാതു മാസം വിതരണം ചെയ്യുക.

22) VI-ാം വാർഡിൽ പഞ്ചായത്തിൽ നിന്നും കേസു പറഞ്ഞു വിധിയാക്കിയ പുറംമ്പോക്കു ഭൂമി പട്ടികജാതി പട്ടികവർഗ്ഗസൊസൈറ്റി നടത്തുന്നതിനായി കൊടുക്കുക. അതിനായി വരുന്ന ചെലവ് സൊസൈറ്റി മെമ്പറൻമാരുടെ പക്കൽ നിന്നും പിരിച്ചും, ബാക്കി പഞ്ചായത്തിൽനിന്നും സർക്കാരിൽ നിന്നും കടമായും സബ്സീഡി അനുവദിപ്പിച്ചും തൊഴിൽ ഉണ്ടാക്കി കൊടുക്കുക.

23) കർഷകതൊഴിലാളി ക്ഷേമ നിധി നിർബന്ധമാക്കുകയും ആയതിന് പഞ്ചായത്തു തലത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്യുക.

24) ഈ പഞ്ചായത്തിലെ SC &ST നിർദ്ധന രോഗികൾക്ക് ചികിൽസാ സഹായം നൽകുന്ന പദ്ധതി ഉടൻതന്നെ നടപ്പിലാക്കണം.

25) പട്ടികജാതി/പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് സർക്കാരിൽ നിന്നും കൊടുക്കുന്നത് 5000 രൂപാ ആക്കി വർദ്ധി

പ്പിക്കുക.

26) തൊഴിൽ രഹിതരും കിടപ്പാടമില്ലാത്ത മിശ്ര വിവാഹംനടത്തി അലഞ്ഞു തിരിയുന്ന വർക്ക് പാർപ്പിടവും തൊഴിലും പഞ്ചായത്തിൽ നിന്നോ സർക്കാരിൽനിന്നോ അടിയന്തിരമായി കൊടുക്കേണ്ടതാകുന്നു.

27) കല്ലോലി പത്തു IHDP കോളനിയിലേക്ക് പുതിയതായി ഒരു റോഡ് നിർമ്മിക്കുക.

✤ ✤ ✤ ✤ ✤ ✤

108-ാം പേജ് തുടർച്ച

17) പഞ്ചായത്തുമായി കരാർ ചെയ്യപ്പെടുന്നതും പഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന മുദ്രപത്രത്തിന്റെ 50% വില പഞ്ചായത്തിനു കൈമാറണം.

18) വസ്തു കൈമാറ്റത്തിനും മറ്റും വില കുറച്ചു കാണിച്ച് വെട്ടിപ്പു നടത്തുന്നത് തടയുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കണം.

19) ടൂറിസം വികസനം വഴി ധനവിഭവം സമാഹരിക്കുന്നതിൽ പായിപ്പാട് ജലോൽത്സവത്തിന്റെ അഭിവൃദ്ധി അനിവാര്യമാണ്.

✤ ✤ ✤ ✤ ✤ ✤

104-ാം പേജ് തുടർച്ച

വാർഡ് 8

സമതലം- എക്കൽ ചേർന്ന ചെളിമണ്ണ്

കൃഷി- തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി, നെല്ല്

ശുദ്ധജലം. ദരിദ്രം

ആറുകൾ, തോടുകൾ- അച്ചൻ കോവിലാറ്

1) ഇലമ്പനം തോട്

2) ഒറ്റതെങ്ങിൽ തോട്

3) പാവടിതോട്

വിസ്തീർണ്ണം - 1.8 ച: കി.മീറ്റർ

കര. - 1 ച. കി.മീറ്റർ

പുഞ്ച. - 8. ച. കി. മീറ്റർ

✤ ✤ ✤ ✤ ✤ ✤

കുടിവെള്ളം, പൊതുജനാരോഗ്യം

വീയപുരം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയാസം കുടിവെള്ളത്തിനാണ്. അച്ചൻ കോവിലാറും, പമ്പയാറും ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്നു. ജനങ്ങൾ ഏറ്റവും കൂടുതൽ ആറ്റിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. ആറ്റിലെ ജലം മാലിന്യം കലർന്നതും ഉപ്പു രസമുള്ളതുമാണ്.ആകെ18 കുളങ്ങളാണുള്ളത്. ഇതിലെ ജലം കുടിക്കാൻ ഉപയുക്തമല്ല. 64 പൊതു കിണറു കളാണ് ഇവിടുള്ളത്. 12445 ജനസംഖ്യ യുള്ള ഇവിടെ ഇപ്പോഴുള്ള കിണറുകൾ പരിയാപ്തമല്ല.

ഇപ്പോൾ നിലവിലുള്ള പമ്പു ഹൗസിന്റെ പ്രവർത്തനം മൂന്ന് ഷിഫ്റ്റ് ഏർപ്പെടുത്തുക. കേടായികിടക്കുന്ന ടാപ്പുകൾ റിപ്പയർ ചെയ്യുക. പൈപ്പു കണക്ഷൻ ഇല്ലാത്ത ഭാഗങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക. കാരിച്ചാൽ പുളിങ്കുന്നേൽ ഭാഗത്തു കുളിക്കടവു സ്ഥാപിക്കുക.

പായിപ്പാട് പാലത്തിന്റെ രണ്ടു വശങ്ങളിലും കുളിക്കടവു വൃത്തിയാക്കുക.

ആറാം വാർഡിൽ പൈപ്പു ലൈൻ ഇല്ലാത്ത ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

ആറാം വാർഡിൽ S.N.D.P മന്ദിരത്തിന്റെ പിൻഭാഗത്ത് പുഴക്കടവ് സൗകര്യപ്രദമാക്കുക.

പാളയത്തിൽ കോളനിയിൽ പുതിയതായി പൈപ്പു ലൈൻ സ്ഥാപിക്കുക.

മൂന്നാം വാർഡിൽ പുതിയതായി പൈപ്പു ലൈനുകളും, പുതിയ കിണറുകളും സ്ഥാപിക്കുക, പുളിംങ്കുന്നു പ്രദേശത്തെ പൈപ്പ് ലൈൻ അത്യാവശമായി എത്തിക്കുക. അതുപോലെ കാരിച്ചാൽ പറമ്പിൽ പടിഞ്ഞാറ് കുന്നേൽ ഭാഗത്ത് പൈപ്പു ലൈൻ എത്തിക്കുക. വീയപുരം പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പമ്പിലെ വെള്ളം ശുദ്ധീകരിച്ച് ശുദ്ധജലം പൈപ്പു ലൈനിലൂടെ കടത്തി വിടുക.

ഒന്നാം വാർഡിൽ പുതിയതായി പൈപ്പു ലൈനുകൾ സ്ഥാപിക്കുക. കേടായ ടാപ്പുകൾ മാറ്റി പുതിയതായി

സ്ഥാപിക്കുക. സ്ഥാപിക്കേണ്ട സ്ഥലം ശാസ്താമുറി ജംഗ്ഷനിൽ നിന്നും പടനിലം ജ്ഗ്ഷനിൽ നിന്നും അമ്പല മുക്കുവരെ നീട്ടുക. പുതിയ ടാപ്പുകൾ സ്ഥാപിക്കുക. കരിപ്പോലിൽ ക്ഷേത്ര ത്തിനു സമീപം പൈപ്പു ലൈൻ നീട്ടി ചേങ്കേരേത്ത് റോഡു വരെയും കുഞ്ഞാ ണ്ടേതു പടി മുതൽ പുത്തൻപുര പടി ക്കൽ മുളക്കശ്ശേരി പടി മുതൽ ഇളവും ന്തറ റോഡു വരെയും പാക്കളം ജംഗ്ഷൻ മുതൽ ചെങ്ങാരപ്പള്ളി മഠം വരെയും.

ചെങ്ങാരപ്പള്ളി റോഡിൽ പുളി യിനത്ത് തോടുവരെയും ഏക ദേശം അൻപതു ടാപ്പുകൾ സ്ഥാപിക്കുക.

വെള്ളം കുളങ്ങര വാർഡിൽ നില വിലുള്ള പൊതു കിണറു കളിലെയും കുളങ്ങളിലെയും ജല സ്രോതസ്സുകൾ രാസ പരിശോധനയക്ക് വിധേയമാക്കേ ണ്ടതാണ്. നിലവിലുള്ള കിണറുകൾ പല തും ഉപയോഗ ശൂന്യമായി കിടക്കു ന്നത് അറ്റകുറ്റ പണികൾ നടത്തി. ആരോ ഗ്യ പ്രവർത്തകരുടെയും സാങ്കേതിക സഹാ യത്തോടു കൂടി നിലവിലുള്ള കിണറു കൾ യുവജനസംഘടനകളുടെയും സഹായത്തോടുകൂടി ശുദ്ധീകരിക്കുക. രണ്ടാംവാർഡിൽ ത്രിവിക്രമപുരം ക്ഷേത്രത്തിന് പടിഞ്ഞാറ് ചേലിപ്പിള്ളി റോഡിൽ വടക്കോട്ട് ടാപ്പുകൾ സ്ഥാപി ക്കുക. പൊതു കിണറുകളുടെ അറ്റകുറ്റ പണികൾ നടത്തി കുടിവെള്ളം ശുദ്ധ മാക്കുക. നാലാം വാർഡിൽ ശുദ്ധജലം എത്താത്ത സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് പുതിയ ടാപ്പുകൾ സ്ഥാപിക്കുക. പൊതു കിണറുകൾ ശുദ്ധമാക്കുക.

ഏഴാം വാർഡിൽ പുതിയതായി ലൈനുകൾ നീട്ടി സ്ഥാപിക്കാത്തിടത്ത് പുതിയ ലൈനുകൾ സ്ഥാപിച്ച് ടാപ്പു കൾ ഇടുക.

ഏട്ടാം വാർഡിൽ ശുദ്ധജലം എത്താത്തിടത്ത് പൈപ്പു ലൈൻ സ്ഥാപി ക്കുകയും , കിണറുകൾ ശുദ്ധ മാക്കുക യും ചെയ്യുക.

അഞ്ചാം വാർഡിൽ പൈപ്പു ലൈൻ ഇല്ലാത്ത ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് നപടിസ്വീകരിക്കുക.

അഞ്ചാം വാർഡിൽ വാണിപ്പുര യ്ക്കൽ കടവിൽ കുളിക്കുന്നതിനു വേണ്ടി കടവു വൃത്തിയാക്കാൻ ഏർപ്പാ ടുണ്ടാക്കുക.

അഞ്ചാം വാർഡിലെപൊതുകിണർ വൃത്തിയാക്കി ഉപയോഗപ്രദമാക്കു വാനുള്ള ഏർപ്പാടു ചെയ്യുക. തിരുമന ശ്ശേരി പടിഞ്ഞാറു ഭാത്തും ഗവ:ഹൈസ് ക്കൂളിനു കിഴക്കു ഭാഗത്തും താമസി ക്കുന്ന ജനങ്ങൾക്കു വേണ്ടി ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള ഏർ പ്പാടുണ്ടാക്കുക.

വീയപുരം പോസ്റ്റാഫീസിനു സമീപം ഒരു ടാപ്പ് സ്ഥാപിച്ച് ശുദ്ധജലം എത്തിക്കുവാനുള്ള ഏർപ്പാടു ചെയ്യുക.

പൊതുജനാരോഗ്യം

വീയപുരം പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ ജനങ്ങൾക്ക് നാട്ടു വൈദ്യൻമാരുടെ സേവനമാണ് ലഭിച്ചി രുന്നത്. പഞ്ചാത്തിലെ അഞ്ചാം വാർ ഡിൽ 1960ൽ ഒരു ഗവ: ആയൂർവേദ ഡിസ്പെൻസറി സ്ഥാപിതമായി. 1996 ൽ 3-ാം വാർഡിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപി ച്ചു.രണ്ടാം വാർഡി ലും, നാലാം വാർഡി ലും ഒരോ പ്രാഥമിക ആരോഗ്യ ഉപകേന്ദ്ര വും. ഒൻപത് അംഗൻ വാടികളും പ്രവർ ത്തിക്കുന്നു.

സഹകാര്യ മേഖലയിൽ നാല് ഹോമി യോ ക്ലീനിക്കുകളും, രണ്ട് അലോപ്പതി ഡിസ്പെൻസറികളും പഞ്ചായ ത്തിലെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ കിടത്തി ചികി ത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി കൾ ഇല്ല. വിദഗ്ദ്ധ ചികിത്സ ആവശ്യ മുള്ളവരെ ഹരിപ്പാട്ടോ, ആലപ്പുഴ മെഡി ക്കൽ കോളേജിലോ കൊണ്ടു പോകേണ്ട സ്ഥതിയാണുള്ളത്.

ഒരു വയസ്സിനു താഴെയുള്ള147 കുട്ടികളും , ഒരു വയസ്സു മുതൽ രണ്ടു വയസ്സുവരെയുള്ള 118 കുട്ടികളും , രണ്ടു വയസ്സു മുതൽ മൂന്നു വയസ്സു വരെയുള്ള 235 കുട്ടികളും , മൂന്നു വയസ്സു മുതൽ അഞ്ച് വയസ്സു വരെയുള്ള കുട്ടികൾ 322 ഉം പഞ്ചായത്തിലുണ്ട്. (അംഗൻവാടി കളുടെ രേഖകളിൽനിന്നും)

നിർദ്ദേശങ്ങൾ

വീയപുരം പഞ്ചായത്തിലെ പ്രാഥ മിക ആരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യു ന്നത് മൂന്നാം വാർഡിലാണ്. ഈ കേന്ദ്രം വാടക കെട്ടിത്തിലാണ് സ്ഥതി ചെയ്യു ന്നത്. 12445 ജനസംഖ്യ യുള്ള ഈ ഗ്രാമപഞ്ചാത്തിൽ ഈ സ്ഥാപനത്തിൽ നിന്ന് കിട്ടുന്ന സേവനം വളരെയേറെ പരിമിതമാണ്.

അപ്പർ കുട്ടനാടിന്റെ ഭാഗമായ ഈ പഞ്ചായത്തിന്റെ നാലു ഭാഗവും വെള്ള ത്താൽ ചുറ്റപ്പെട്ട് ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. ഇവിടുത്തെ ജനങ്ങൾക്ക് ഒരേ ഒരു ആശ്വാസ കേന്ദ്രമായ ഇവിടെ സ്ഥിരമായി , ആവശ്യ ത്തിന് ഡോക്ടർ മാരെ സ്റ്റാഫും നിയമി ക്കുക. ആവശ്യ ത്തിനുള്ള മരുന്നുകളും നൽകുക. ഇപ്പോ ഴുള്ള വാടക കെട്ടിടത്തിൽ നിന്നും മാറി സ്വന്തമായി ആശുപത്രി കെട്ടിടം നിർമ്മി ക്കുന്ന തിനും , പൊന്നും വിലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും 15 കിടക്ക ളോടു കൂടിയ ഒരു ആശുപത്രിയായി ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരി ക്കേണ്ടതാണ്.

5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയൂർവേദ ഡിസ്പെൻസറിക്ക് സ്വന്ത മായിസ്ഥലവും , കെട്ടിടവും ഉണ്ടാക്കു ന്നതിനും നടപടികൾ സ്വീകരിക്കണം.

പൊതുജനാരോഗ്യം പ്രശ്നങ്ങളും പരിഹാരങ്ങളും

മിക്ക വാർഡുകളിലും പ്രാഥമിക ചികിൽസയ്ക്കായുള്ള സൗകര്യങ്ങൾ ഇല്ല. നിലവിലുള്ള പ്രാഥമിക കേന്ദ്രത്തിൽ ഡോക്ടറുടെയും സ്റ്റാഫുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. എല്ലാ വാർഡുകളിൽ നിന്നും ചികിൽസയ്ക്കായ് രണ്ട് കിലോ മീറ്ററിലധികം പോകണം.ഈ പ്രദേശത്തെ ഒരു കുടുംബ ക്ഷേമ ഉപകേന്ദ്രത്തിന്റെയും പ്രവർത്തകരുടെയും സേവനം ഉറപ്പുവരുത്തേണ്ടതാണ്. വീയപുരം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. ചികിൽസാ സൗകര്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. ഔഷധങ്ങളുടെ വില വർദ്ധനയനുസരിച്ച് അലോട്ട് മെൻറ് ക്കൂട്ടേണ്ടതാകുന്നു. ഈ പഞ്ചായത്തിൽ നിലവിൽ ഇല്ലാത്ത സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കാനുള്ള പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

പോഷക മൂല്യ കുറവുകൊണ്ടുള്ള രോഗങ്ങളും പകർച്ചവ്യാധികളും അനുഭവപ്പെടാറുണ്ട്.

55 % വീടുകൾക്ക് കക്കൂസില്ല. കക്കൂസുകളുടെ പരിമിതി കൊണ്ട് മെയിൻ റോഡുകൾ വൃത്തിഹീനമാകുന്നു. അതോടൊപ്പം തന്നെ ജനങ്ങൾക്ക് പകർച്ച വ്യാധികളും ബാധിക്കുന്നുണ്ട്.

പഞ്ചായത്തിലെ വാർഡുകളിലെ പ്രധാന ജംഗഷനുകളുടെ റോഡിന്റെ സൈഡുകളിൽ ചപ്പുചവറുകൾ കൂടി കിടക്കുകയും അടുത്തുള്ള കുഴികളിൽ മലിനജലം കിടക്കുന്നതിനാലും കൊതുകുകളുടെ ശല്യം വർദ്ധിക്കുന്നു. നിലവിലുള്ള പൊതുകുളങ്ങളും കുഴികളും നികത്തിയാൽ പൊതുസ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടും.

പൊതുവേ വാർഡുകളിൽ ശ്മാശനം ഇല്ല. വീയപുരം പഞ്ചായത്തിലെ ഒരു വാർഡിൽ ഉള്ള ശ്മാശനം നിലം ആയതിനാൽ അത് ഉപയോഗ പ്രദമല്ല.

പഞ്ചായത്തിൽ മിക്കവാർഡു കളിലും കുളിക്കടവ് സ്ഥാപിക്കേണ്ടതാണ്. അതോടൊപ്പം തന്നെ മൃഗങ്ങളെ കുളിപ്പിക്കുന്നതിനും സൗകര്യമുണ്ടാക്കേണ്ടതാണ്.

മാടുകളെ അറക്കുന്ന അവശിഷ്ടങ്ങൾ , കോഴി, താറാവ്, തുടങ്ങിയവ ചത്ത് കഴിഞ്ഞാൽ ആറ്റിൽ ഒഴുക്കുന്ന പ്രവണതയാണ് നിലവിലുള്ളത്. ആറ്റു തീരത്ത് കക്കൂസ് കെട്ടി മല വിസർജ്ജനം നടത്തുക, ആറ്റിലേക്കും തോട്ടിലേക്കും കിടക്കുന്ന മരകൊമ്പുകൾ മുറിച്ചു മാറ്റുകയും സർക്കാർ അനുവദനീയ മല്ലാത്ത മദ്യഷാപ്പുകൾ നിർത്തലാക്കുകയും ലൈസൻസുള്ള ഷാപ്പുകളിൽ മായം ചേർത്ത മദ്യം വിൽക്കാതിരിക്കാനുമുള്ള ഏർപ്പാട് ഉണ്ടാക്കണം.

വീയപുരം പഞ്ചായത്തിലെ 7-ാം

വാർഡിൽ ജനങ്ങൾ സംഭാവന ചെയ്ത സ്ഥലത്ത് സാൽവേഷൻ ആർമിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന ആശുപത്രി പത്തു വർഷമായി പ്രവർത്തിക്കുന്നില്ല. ടി കെട്ടിടത്തിൽ 15 കിടക്കയോടുള്ള സൗകര്യവും ഡോക്ടർക്കു താമസിക്കാനുള്ള സൗകര്യത്തോടുകൂടി അറുപതു സെൻറ് സ്ഥലവും ഉണ്ട്.

ടി സ്ഥലവും , കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് വേണ്ടത്ര സ്റ്റാഫിനെ നിയമിച്ച് ചികിൽസാ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

പേവിഷബാധയ്ക്കെതിരെ

പഞ്ചായത്തിലെ തെരുവു നായ്ക്കളെ ഇല്ലായ്മ ചെയ്യുവാനും, വളർത്തു നായ്ക്കളെ കുത്തി വയ്പ് നടത്താനുമുള്ള പരിപാടികൾ കർശനമാക്കണം.

രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

വായശാലകൾ, സന്നദ്ധ സംഘടനകൾ, എന്നിവയുടെ നേതൃത്വത്തിൽ രക്ത ഗ്രൂപ്പു നിർണ്ണയ ക്യാമ്പ് നടത്തി ഗ്രൂപ്പുകളുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കുക.

സ്ഥാപനങ്ങളും സേവനങ്ങളും

പൊതുസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	കെട്ടിടം സ്വന്തം/വാടക	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രാഥമിക ആരോഗ്യകേന്ദ്രം	3	വാടക	1996	8
2	ആയൂർവേദ ഡിസ്പൻസറി	5	വാടക	1960	4

സഹകാര്യസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	എണ്ണം	ചികിത്സാ സൗകര്യം
1	അലോപ്പതി	2	വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. വിദഗ്ധ ചികിത്സ ലഭ്യമല്ല
2	ഹോമിയോ	4	വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. മരുന്നു വിതരണം മാത്രം

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	കെട്ടിടം സ്വന്തം/വാടക
1	പ്രാഥമിക ആരോഗ്യകേന്ദ്രം	1	ഇല്ല
2	,,	2	വാടക
3	,,	3	ഇല്ല
4	,,	4	വാടക
5	,,	5	ഇല്ല
6	,,	6	ഇല്ല
7	,,	7	ഇല്ല
8	,,	8	ഇല്ല

ആയുർവേദ ഡിസ്പൻസറി
രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വർഷം	ഔട്ട് പേഷ്യന്റ്	തൊലി രോഗം	വാതരോഗം	വികർച്ച വ്യാധികൾ	വിഷചികിത്സ	മറ്റുരോഗങ്ങൾ	ആകെ
92 - 93	21900	5200	12300	1200	800	2400	21900
93 - 94	27375	6100	14800	1475	1200	3800	27375
94 - 95	31025	6890	16450	1630	1460	4685	31025
95 - 96	34675	7100	19340	1970	1630	4635	34675
ആകെ	114975	25200	62890	6275	5090	1336	114975

പ്രാഥമികാരോഗ്യകേന്ദ്രം

വർഷം	ഔട്ട് പേഷ്യന്റ്	തൊലി രോഗം	വാതരോഗം	വികർച്ച വ്യാധികൾ	വിഷചികിത്സ	മറ്റുരോഗങ്ങൾ	ആകെ
95 - 96	1465	--	--	--	--	1495	1495
ആകെ	1495	--	--	--	--	1495	1495

ഭൂപ്രകൃതിയും വിഭവങ്ങളും

പ്രകൃതി സൗന്ദര്യവും ഗ്രാമ ഭംഗിയും നിറഞ്ഞു നിൽക്കുന്ന അനുഗ്രഹീതമായ ഗ്രാമപ്രദേശമാണ് വീയപുരം പഞ്ചായത്ത്. പ്രസിദ്ധമായ ഹരിപ്പാടു ഗ്രാമത്തിന്റെ വടക്കു ഭാഗത്തു സ്ഥിതിചെയ്യുന്ന പൂർണ്ണമായ സമതല പ്രദേശമാണിത്.

പമ്പാനദിയും അച്ചൻകോവിലാറും അതിന്റെ ചെറിയ കൈവഴികളും പഞ്ചായത്തിനെ തഴുകി ഒഴുകി കൊണ്ടിരിക്കുന്നു . ഭൂവിസ്തൃതിയിൽ ഗണ്യമായ ഭാഗം പുഞ്ചനിലങ്ങളാണ് . വെള്ളംകുളങ്ങര, കാരിച്ചാൽ , പായിപ്പാട് വീയപുരം , വീയപുരം കിഴക്ക് മേൽപ്പാടം, പടിഞ്ഞാറ് മേൽപ്പാടം എന്നീ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഈ പാഞ്ചയത്തിന്റെ ഭൂവിസ്തൃതി 5.4 ച.കി.മീ ആണ്.

കേരളത്തിൽ പൊതുവേ അനുഭവപ്പെടുന്ന മിതോഷ്ണ കലാവസ്ഥയാണ് ഇവിടെയും. കരപ്രദേശങ്ങളിൽ പഞ്ചായത്തിന്റെ 1-2-3-4-5 വാർഡുകളിൽ മണലും 6-7-8 വാർഡുകളിൽ ചില പ്രദേശങ്ങളിൽ പശയുള്ള ചെളിമണ്ണും പുഞ്ചപാടങ്ങളിൽ എക്കൽമയമുള്ള ചെളിമണ്ണുമാണ് . മണൽ കാണപ്പെടുന്ന ഭാഗങ്ങൾ ഓണാട്ടുകരയുടെയും മറ്റു ഭാഗങ്ങൾ കുട്ടനാടിന്റെയും ഭാഗങ്ങളാണ്.

പരിസ്ഥിതി

വർഷകാലത്തു പഞ്ചായത്തിലതിരൂക്ഷമായ വെള്ളപ്പൊക്കം അനുഭവപ്പെടുന്നു. കരകളിൽനിന്ന് വെള്ളം ഇറങ്ങിയാലും പാടങ്ങിൽ നാലഞ്ചു മാസത്തോളം വെള്ളം കയറി കിടക്കുന്നു. ഈ കാലയളവിൽ ശുദ്ധജല മത്സ്യം സമൃദ്ധിയായി വളരുന്നു. ചില പാടശേഖരങ്ങളിൽ മാത്രം രണ്ടാംകൃഷി ചെയ്യുന്നു. വെള്ളപ്പൊക്ക സമയത്ത് നദികളിൽ കൂടി ഒഴുകി വരുന്ന എക്കൽ ഈ പഞ്ചായത്തിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് മുഖ്യ പങ്കുവഹിക്കുന്നു. വർഷകാലം കഴിഞ്ഞ് നവംബർ മാസത്തോടെയാണ് പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നത്. പച്ചക്കറി കൃഷിയും ശക്തമായ വർഷകാലം കഴിഞ്ഞാണ് ആരംഭിക്കുന്നത്. വർഷകാലത്തെ വൻ

കാറ്റ്, വെള്ളപ്പൊക്കം ഇവ മൂലം പലതരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുന്നു. റോഡുകളിലും വീടുകളിലും വെള്ളം കയറുന്നതു മൂലം ജനങ്ങൾ നല്ല രീതിയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പുഞ്ചനിലങ്ങൾ മണ്ണിട്ടു നികത്തി വീടു പണിയുകയും പുരയിട കൃഷികൾക്ക് ഉപയോഗിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട് പഞ്ചായത്തിൽ തരിശുഭൂമി വളരെ പരിമിതമായിമാത്രമേ കാണാൻ കഴിയുന്നുള്ളൂ. നിലങ്ങൾ നികത്തുന്നത് പാരിസ്ഥിതി പ്രശ്നങ്ങളാകാൻ ഇടയുണ്ട്.

കരപ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ, മരച്ചീനി, നാമമാത്രമായ റബ്ബർ എന്നിവയും ഫലവൃക്ഷങ്ങളും കൃഷി ചെയ്യുന്നു. തെങ്ങു കൃഷിമാരകമായ കാറ്റുവീഴ്ച രോഗം മൂലം ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു. തുടർച്ചയായ കൃഷിയും രാസവളപ്രയോഗവും കരയിലേയും പുഞ്ചപ്പാടത്തേയും മണ്ണിന്റെ ഫലഭൂയിഷ്ടതയെ പ്രതികൂലമായിബാധിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്ന പാടശേഖരത്തിന്റെ ബണ്ടു പണിയും റോഡുകൾ ഉയർത്തി പണിയലും, പാലങ്ങൾ പണിതപ്പോൾ വീതികുറഞ്ഞതും കാരണം പാരിസ്ഥിതിക്കു ഗുരുതരമായ ആഘാതം ഏറ്റിട്ടുണ്ട്. അതിന്റെ ഫലമായി ഹരിപ്പാട് -തിരുവല്ലാ N.H ന്റെ ലിങ്ക് റോഡിനു കിഴക്കുവശത്തുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഗുരുതരമാണ് . വേനൽക്കാലത്ത് ജലനിരപ്പു താഴുകയും അതുകൊണ്ട് പാടശേഖരങ്ങളിലെ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കുന്നില്ല. നദികളിലെ ജലനിരപ്പ് താഴുന്നതിന് കാരണം തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനവുമായ് ബന്ധപ്പെട്ടു കിടക്കുന്നു. അതുപോലെ തന്നെ കുളങ്ങളിലെയും കിണറുകളിലെയും വെള്ളംവറ്റുന്നു. ഇതു കുടിവെള്ളത്തിനും പുരയിട കൃഷിക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇന്നു നിലവിലുള്ള വാട്ടർ സപ്ലൈസ്ക്കീം ഈ പരാധീനതയ്ക്കു പരിഹാരം ആകുന്നില്ല. ഈ പഞ്ചായത്തിലെ പൊതു കുളങ്ങളിലും സ്വകാര്യ കുളങ്ങളിലും ചണ്ടികളും പായലും മൂടിക്കിടക്കുന്നു. ഇതു കാർഷിക മേഖലയെയും സാമൂഹിക ആരോഗ്യ മേഖലകളെയും ദോഷമായി ബാധിക്കുന്ന പ്രശ്നമാണ്.

ഈ പഞ്ചായത്തിലെ ഭൂപ്രകൃതി മുൻ പറഞ്ഞതുപോലെ സമതല പ്രദേശമാണ് എല്ലാ പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങി പാർക്കുന്നു.

പഠന പര്യടനം

ഒന്നാം വാർഡിൽ മുല്ലോത്തു ജംഗ്ഷനിൽ നിന്നും തുടങ്ങുന്നു.

സമതലപ്രദേശം

കരഭൂമി-മണൽപ്രദേശം, തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ, മരച്ചീനി

എന്നീ കൃഷികൾ ചെയ്യുന്നു.

പുഞ്ച-പുളിരസമുള്ള ചെളി- കൃഷി -നെല്ല്

വെള്ളം -ശുദ്ധജല ദൗർലഭ്യം , കിണറുകളിലെ വെള്ളത്തിൽ പുളിരസം കൂടുതലായിട്ടുണ്ട്.

ജലസ്രോതസ്സുകൾ-കുടിവെള്ളം -കിണർ, പെപ്പിൽ കൂടിയുള്ളത് വർഷകാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നു.വേനൽക്കാലത്ത് കൃഷിക്ക് വെള്ളം ലഭിക്കുന്നില്ല.

കുളങ്ങൾ

1) വെള്ളംകുളങ്ങര ക്ഷേത്രക്കുളം

2) തൃപ്പകുടം ക്ഷേത്രകുളം

3) കലയംകുളങ്ങര ക്ഷേത്രം

4) പാം കുളം

തോടുകൾ - കരിതോട്, ഇളവന്തറ തോട്, കരിപ്പോലിതോട്,

കരഭൂമി- 1.1 ച:കിലോമീറ്റർ

പുഞ്ച - 0.5ച:കിലോമീറ്റർ

കുളങ്ങൾ - 0.2 ച:കിലോമീറ്റർ

ആകെ. - 1.8ച:കിലോമീറ്റർ

വാർഡ്2

സമതലപ്രദേശം-കരഭൂമി, മണൽ

പുഞ്ച- പുളിയുള്ള ചെളി

കൃഷി -തെങ്ങ് , കവുങ്ങ്, വാഴ, പച്ചക്കറികൾ, മരച്ചീനി

ശുദ്ധജലം- ദരിദ്രം, വർഷ കാലത്തു വെള്ളപ്പൊക്കവും , വേനൽ ക്കാലത്തു ജലദൗർലഭ്യവും

കുളങ്ങൾ

കണ്ണങ്കുളം,

ശാസ്താ മുറിക്ഷേത്ര കുളം

തോട് കരിതോട്, കൊറ്റംകുളം

വിസ്തീർണ്ണം- 1.6ച:കിലോമീറ്റർ

കര - 9ച:കിലോമീറ്റർ

പുഞ്ച - 6ച:കിലോമീറ്റർ

വാർഡ്3

3) *സമതലപ്രദേശം*- കരഭൂമി മണൽ പുഞ്ച പുളിയുള്ള ചെളി

കൃഷി- തെങ്ങ് , നെല്ല് , വാഴ, പച്ചക്കറികൾ,

ശുദ്ധജലം- ദരിദ്രം, വെള്ളപ്പൊക്കവും , വരൾച്ചയും

കാരിച്ചാൽ കുളം -രണ്ട് സ്വകാര്യ കുളങ്ങൾ, പമ്പയാറ്

വിസ്തീർണ്ണം- 1.5ച:കിലോമീറ്റർ

കര - 1.1ച:കിലോമീറ്റർ

പുഞ്ച - 4ച:കിലോമീറ്റർ

വാർഡ് 4

സമതലം- തെക്കു ഭാഗം കരപ്രദേശം മണൽ, വടക്ക് ചെളി

പുഞ്ച-എക്കൽ ചേർന്ന പുളിയുള്ള ചെളി

കൃഷി -തെങ്ങ്, കവുങ്ങ്,നെല്ല്, വാഴ, പച്ചക്കറി, മരച്ചീനി

ശുദ്ധജലം-ന്യായമായി

അച്ചൻ കോവിലാറ്-പമ്പാനദി

കുളങ്ങൾ -പടക്കോലി കുളം മുണ്ടാർ

വിസ്തീർണ്ണം- 2ച:കിലോമീറ്റർ

കര - 1.5 ച:കിലോമീറ്റർ

പുഞ്ച - 1ച:കിലോമീറ്റർ

വാർഡ് 5

സമതലം-എക്കൽ ചേർന്നചെളി. പുഞ്ചയിലും എക്കൽ ചേർന്ന മണൽ പ്രദേശം. കരയും

ശുദ്ധജലം-ന്യായമായി

കൃഷി -തെങ്ങ് -നെല്ല്, കവുങ്ങ്, വാഴ,പച്ചക്കറി, പമ്പാനദി, കിഴക്ക് ഡിപ്പോതോട് വടക്ക് മങ്കോട്ട തോട്

കുളം- കോയിക്കൽ ക്ഷേത്രകുളം

വിസ്തീർണ്ണം- 1.3ച:കിലോമീറ്റർ

കര - 1ച:കിലോമീറ്റർ

പുഞ്ച - 3ച:കിലോമീറ്റർ

വാർഡ് 6

സമതലം-എക്കൽ ചേർന്നചെളി പ്രദേശം

കൃഷി -തെങ്ങ് , നെല്ല്, വാഴ, കവുങ്ങ്, പച്ചക്കറികൾ,

ജലം -ശുദ്ധജലം ദരിദ്രം, കിണറുകൾ, പൈപ്പുകൾ, തെക്ക് പമ്പാനദി, കിഴക്ക് ഇരതോട്, പടിഞ്ഞാറ് ഡിപ്പോതോട്

വിസ്തീർണ്ണം - 1.6 ച:കി.മീറ്റർ

കര - 9 ച:കി.മീറ്റർ

പുഞ്ച - 6 ച:കി.മീറ്റർ

വാർഡ് 7

സമതലം-എക്കൽ ചേർന്നചെളിമണ്ണ്

കൃഷി -തെങ്ങ് നെല്ല്, കവുങ്ങ്, വാഴ, പച്ചക്കറികൾ, റബ്ബർ

ശുദ്ധജലം- ദരിദ്രം

ആറുകൾ,തോടുകൾ-പമ്പാനദി, കറുകയിൽ തോട് , മാങ്കോനാരി തോട്, മാണിക്കത്താരി തോട്, മുഴ്ചായി, കരിതോട്, അച്ചൻ കോവിലാറ്.

വിസ്തീർണ്ണം. - 3 ച: കി.മീറ്റർ

കര. - 1.8 ച: കി.മീറ്റർ

പുഞ്ച. - 1.2 ച:കി. മീറ്റർ.

ഉപസംഹാരം

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ 9-ാം പദ്ധതി പ്രവർത്തനം 96 ഒക്ടോബർ മാസം 2-ാം തീയതിയിലെ ആദ്യ ഗ്രാമ സഭകളോടുകൂടി ആരംഭിച്ചുവെങ്കിലും പഞ്ചായത്തു തലത്തിലുള്ള പദ്ധതിക്ക് ഈ റിപ്പോർട്ടിന്റെ സമർപ്പണത്തോടുകൂടി മാത്രമേ രൂപവും ഭാവവും കൈവരികയുള്ളൂ എന്നതുകൊണ്ടുതന്നെ ഈ സെമിനാറിന്റെ പ്രസക്തി അതിപ്രധാനമാണ്.

ഈ വർഷം തുടക്കം കുറിക്കുന്ന 9-ാം പദ്ധതിയുടെ ജനകീയരൂപകല്പനവരും പദ്ധതികൾക്കും മാർഗദർശിതമരുളണമെന്നതാണ് ഈ പരിപാടികളുടെ സവിശേഷത. ജനാധിപത്യത്തെ ഉപാസിക്കുന്ന ഭാരതജനതയ്ക്കു കഴിഞ്ഞകാല പഞ്ചവത്സര പദ്ധതി വിസ്മരിക്കാവുന്നതല്ല. എങ്കിലും കുറ്റമറ്റ ഒരു വികസന ക്രമത്തിന്റെ അജ്ഞത ഈ നാളുവരെ പലരംഗത്തും ഭാരതത്തെ പ്രത്യേകിച്ച് മനുഷ്യ പ്രയത്നത്തിൽ പിന്നോക്കം നിൽക്കുന്ന കേരളത്തെ വളരെ പിന്നിലാക്കി എന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. 73-74 ലെ ഭരണഘടന ഭേദഗതികളിലൂടെ പഞ്ചായത്തീരാജ് നഗരപാലികാ ജനാധിപത്യ സംവിധാനം നിലവിൽ ഉണ്ടായിരുന്ന നിഷ്ക്രിയത്തിനു വിരാമം കുറിച്ചു. സ്വതന്ത്രഭാരത്തിന്റെ ഭരണഘടനാധിഷ്ഠിതമായ ആദ്യസംഘടിത ശ്രമം കൂടിയാണിത്. ഒരോ പഞ്ചായത്തിന്റെയും ഭൂമി, ശാസ്ത്രപരമായ പശ്ചാത്തലം, ആ പഞ്ചായത്തിന്റെ സർവ്വോതോന്മുഖമായ വിമർശനത്തിന് ആക്കം കൂട്ടുതക്ക രീതിയിലാകണം. എന്നു മാത്രമല്ലപരമാവധി വിഭവ സമാഹരണത്തിലൂടെ പര്യപ്തമായ ഒരോ സ്വയംഭരണ സ്ഥാപനമാക്കുകയാണ് ഈ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

കേരളാ ഗവൺമെൻറും പ്ലാനിംഗ് ബോർഡും 9-ാം പദ്ധതി ജനകീയ പദ്ധതിയെന്ന ആശയത്തോടെ ചിട്ടപ്പെടുത്തിയ വിവിധ തല പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ കഴിയുന്നു എന്നതാണ് ഈ രംഗത്തെ നമ്മുടെ സംസ്ഥാനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം നമ്മുടെ പഞ്ചായത്തിൽ സ്വാഗതസംഘ രൂപീകരണത്തോടുകൂടിയാണ് പ്രവർത്തന പരിപാടികൾക്കു തുടക്കം കുറിച്ചത്. പ്രൗഡ ഗംഭീരമായ പ്രചരണങ്ങളാണ് വാർഡു തലത്തിൽ സംഘടിപ്പിച്ചത്. 150 മുതൽ 300 വരെ വോട്ടറൻമാൻ സംബന്ധിക്കുകയും വിവിധ ഗ്രൂപ്പുകളായി ക്രിയാത്മക നിർദ്ദേൾങ്ങൾക്ക് രൂപം നൽകാൻ കഴിഞ്ഞ് വികസനോൻമുഖമായ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ സഹകരണം പ്രതീക്ഷിക്കുന്നു.

വിഭവസമാഹരണം

വിഭവം എന്നാൽ ധനവിഭവം മാത്രമല്ല. ജനവിഭവവുംക്കൂടി ച്ചേർന്നതാണ് എന്ന തിരിച്ചറിവിന് ഒൻപതാം പദ്ധതി, ജനകീയ പദ്ധതി എന്ന രീതിയിലുള്ള പ്രവർത്തനത്തിലൂടെ മനസിലാക്കാൻ കഴിയുന്നു. നാടിൻെറ വികസനത്തിനു വേണ്ട വിഭവങ്ങൾ പ്രാദേശികമായിക്കൂടി കണ്ടെത്താനുള്ള അന്വേഷണങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടതായിരിക്കുന്നു.പഞ്ചായത്തിലുള്ള വിഭവങ്ങൾ നാം കണ്ടെത്തി ശരിയായി ഉപയോഗിച്ചാൽ ഇന്നുള്ള വിഭവദാരിദ്ര്യത്തിന് ഒട്ടൊക്കെ പരിഹാര മാകും.

നമ്മുടെ പഞ്ചായത്തിലുള്ള പ്രധാന വിഭവങ്ങൾ , നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക വിഭവങ്ങളും പണം, മനുഷ്യശേഷി, മത്സ്യം തുടങ്ങിയവയും ആണ്. കാർഷിക വിഭവങ്ങളുടെ സംസ്കരണം പഞ്ചായ ത്തിൽ നടക്കുന്നില്ല എന്നു തന്നെ പറയാം. സഹകരണസംഘങ്ങളോ കർഷക സമിതികളോ മുഖേന ഈ വിഭവങ്ങൾ സമാഹരിച്ച് സംസ്കരണ വിപണനം നടത്തുന്നത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും പ്രദേശത്തെ വികസനത്തിനും ഉപകരിക്കും. മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യാവുന്ന കാര്യമാത്ര ധനാഗമ മാർഗ്ഗങ്ങൾ ഒന്നു പോലും നമ്മുക്കിന്നില്ല. പഞ്ചായത്തിൻെറ തനതു വരവിനേക്കാൾ വളരെയേറെ വലുതാണ് പഞ്ചായത്തി ൻെറ ഭരണചെലവ് , വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവ്, വക ചെലവുകൾ എന്നിവ തമ്മിലുള്ള അന്തരം പഞ്ചായത്തിൽ ചെറിയ തോതിൽ മാത്രമുള്ള വികസന പ്രവർത്തനങ്ങൾ ഇടവരുത്തുന്നു

പഞ്ചായത്തു പരിധിയിൽ രണ്ടു പൊതു മേഖലാ ബാങ്കുശാഖകൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലക്കും, വ്യവസായ മേഖലക്കും ഈ ബാങ്കിൽ നിന്നും പരിമിതമായ രീതിയിൽ സാമ്പത്തിക വായ്പ ലഭിക്കുന്നുണ്ട്. കൂടാതെ കാർഷിക മേഖലക്ക് മേല്പ്പാടം സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും വായ്പ ലഭ്യമാണ് . എന്നാൽ പഞ്ചായത്തിൻെറ കാർഷിക വ്യവസായ വികസനങ്ങൾക്ക് മേൽപ്പറഞ്ഞ വായ്പകൾ പര്യാപ്തമല്ല.

പഞ്ചായത്തു പ്രദേശത്തു ലക്ഷക്കണക്കിനു രൂപാ മുതൽ മുടക്കി കെട്ടിട

ങ്ങൾ പണിയുന്നുണ്ട്. എന്നാൽ അവ യ്ക്കു ലഭിക്കേണ്ട യഥാർത്ഥ നികുതി ഈടാക്കാൻ ഇന്നത്തെ വ്യവസ്ഥയ്ക്കു കഴിയുന്നില്ല . പഞ്ചായത്തിൽ തൊഴി ലെടുക്കുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കഴിയുന്നില്ല.നിർമ്മാണ തൊഴിലാളി കളിൽ നിന്നും നികുതി ഈടാക്കാൻ കഴിയുന്നില്ല. തൊഴിൽ നികുതി നിരക്ക് കുറവാണ് . വീഡിയോ കാസറ്റ് ലൈബ്ര റികൾ , കേബിൾ ടി. വി. തുടങ്ങിയ വയിൽനിന്നും വിനോദനികുതി ഈടാ ക്കാവുന്നതാണ് . സിനിമാശാലകളും പൊതു മാർക്കറ്റുകളും സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പി ക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. ഗവ: നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ കൃത്യ സമയത്ത് അർഹമായ തുകകൾ കിട്ടാതി രിക്കുന്ന സ്ഥിതി മാറ്റിയെടുക്കാൻ പരി ശ്രമിക്കേണ്ടതാണ് . കൂടാതെ കൂടുതൽ മേഖലകളിൽ നിന്നും നികുതി ചുമത്തി പഞ്ചായത്തിന്റെ ധനവിഭവം വർദ്ധി പ്പിക്കുന്നതിന് ശ്രമിക്കണം.

നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ തനതു വരു മാനം വർദ്ധിപ്പിക്കുവാൻ ആവശ്യ മായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) കെട്ടിടങ്ങളുടെ വാടക നിശ്ചയി ക്കുമ്പോൾ ചെലവു കുറഞ്ഞ വീടു കൾക്ക് കുറഞ്ഞ നിരക്കിലും ആഡംബര ത്തിന്റെ ചിഹ്നമായ വീടുകൾക്ക് കൂടിയ നിരക്കിലുള്ള നികുതിയും ഈടാക്കണം.

2) നികുതി പിരിവിന് വാർഡു കേന്ദ്രീകരിച്ച് കൗണ്ടറും തീയതിയും നിശ്ചയിച്ച് പിരിവു നടത്തിയാൽ തുക യഥാകാലം കിട്ടുന്നതിനും ചിലവ് കുറയ്ക്കുന്നതിനും കഴിയുന്നതാണ്.

3) തൊഴിൽ നികുതി വർദ്ധിപ്പി ക്കുകയും മൊത്തം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കു കയും വേണം . ഇതിൽ നിർമ്മാണ ത്തൊഴിലാളികൾ , പരമ്പരാഗത തൊഴി ലാളികൾ എന്നിവരെ ഉൾപ്പെടുത്തു കയും വേണം.

4) പഞ്ചായത്തിൽ സിനിമശാലകൾ സ്ഥാപിച്ചും ഒരു വാർഡിൽ ഒന്നു വീതം പൊതു മാർക്കറ്റുകൾ സ്ഥാപിച്ചും പഞ്ചായത്തിനു ധനവിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയണം.

5) വിനോദനികുതിയിനത്തിൽ വീഡിയോ കാസറ്റ് ലൈബ്രറികളെയും , കേബിൾ ടി.വിയും ഉൾപ്പെടുത്തി നികുതി പിരിക്കണം.

6) വികസന ക്ഷേമ പ്രവർത്തന ങ്ങൾക്കായി ബാങ്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ സാമ്പത്തിക വായ്പ ലഭ്യമാക്കാൻ കഴിയണം.

7) വികസന പ്രവർത്തനങ്ങൾ കരാറുകാരെ ഒഴിവാക്കി ജനകീയ

സമിതികളെ ഏല്പിക്കണം. മനുഷ്യാദ്ധ്വാനം പരമാവധി ഗുണഭോക്താക്കളിലൂടെയും സന്നദ്ധ സംഘടനകളുടെയും സംഭാവനയായി ലഭ്യമാക്കണം. വികസന പ്രവർത്തനങ്ങൾ, അംഗൻ വാടി കെട്ടിടങ്ങളുടെ നിർമ്മാണം, ആരോഗ്യ രംഗത്തെ ബോധവല്ക്കരണം, ജലസംഭരണം, കുടിവെള്ളം, തോടുകൾ , പാതകൾ ഇവയുടെ നിർമ്മാണം, സ്ക്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പഠന സംബന്ധമായ അധികസഹായം, മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം വിനിയോഗിക്കാവുന്നതാണ്.

8) ഇന്ദിരാവികാസ് പത്ര, പോസ്റ്റ് ഓഫീസ് സേവിംഗ് ഡിപ്പോസിറ്റ് എന്നിവ ഈ പഞ്ചായത്തിൽ നടത്താൻ കഴിഞ്ഞാൽ അതിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്നതാണ്.

9) ഗുണഭോക്താക്കളിൽ നിന്നും സംഭാവന സ്വീകരച്ചും തൊഴിലാളികളിൽ നിന്ന് അദ്ധ്വാനം സ്വീകരിച്ചും വിദഗ്ദരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചും വികസന പ്രവർത്തനങ്ങൾ നടത്തണം.

10) പാടശേഖരങ്ങളിൽ കൊയ്ത്ത് കഴിഞ്ഞ് താറാവിനെ തീറ്റാനുള്ള അവകാശം കുട്ടനാട്ടിൽ ചെയ്യുന്നതു പോലെ ലേലം ചെയ്തു കൊടുക്കണം. അതിൽ നിന്നും പാടശേഖരങ്ങളിൽ തോടു നിർമ്മിക്കുന്നതിനും, യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും, പുറംബണ്ട് നിർമ്മിക്കുന്നതിനും ആവശ്യമായ ധനവിഭവം സമാഹരിക്കാൻ കഴിയും .

11) വിദേശ മലയാളികളിൽ നിന്നും സംഭാവന സ്വീകരിക്കണം.

12) ടൂറിസം വികസിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കണം.

13) മണൽ വാരുന്നതിനും, കടവുകളിൽ ഇറക്കി കയറ്റുന്നതിനും ലേലം ചെയ്തു കൊടുക്കുന്നതിന്റെ ലേലതുകകൾ വർദ്ധിപ്പിക്കണം. കൂടാതെ സ്വകാര്യ വ്യക്തികൾ മണൽ ഇറക്കി വില്പന നടത്തുന്നുണ്ട്. അവരിൽ നിന്നും നികുതി ഈടാക്കണം.

14) 3 ലക്ഷം രൂപയ്ക്കു മേൽ നിർമ്മാണ ചെലവു വരുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും നിർമ്മാണ ചെലവിന്റെ 1.5% അധിക നികുതി ഈടാക്കണം.

15) ലൈസൻസില്ലാതെ പണമിടപാടുകൾ നടത്തുന്നവർക്ക് ലൈസൻസ് ഏർപ്പെടുത്തണം.

16) വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കി അതിന് ഒരു നിശ്ചിത ഫീസ് ഈടാക്കണം. കൂടാതെ 5000 രൂപായിൽ കൂടുതൽ ചിലവുകൾ വരുന്ന വിവാഹാഘോഷങ്ങൾക്ക് അനുപാതികമായി നികുതി ചുമത്തണം.



വിശേഷാൽ ഗ്രാമസഭകൾ

2-10-96

വാർഡ് 4 - പായിപ്പാട് ഗവ. എൽ. പി. എസ്.
വാർഡ് 3 - സെന്റ് ജോർജ്ജ് എൽ. പി. എസ്., കാരിച്ചാൽ

6-10-96

വാർഡ് 5 - ഗവ. എച്ച്. എസ്. വീയപുരം
വാർഡ് 6 - പുരയ്ക്കൽ എം. മാത്യുസിന്റെ വസതി

12-10-96

വാർഡ് 7 - സെന്റ് കുറിയാക്കോസ് സ്ക്കൂൾ, മേൽപ്പാടം
വാർഡ് 8 - മണലേൽ

13-10-96

വാർഡ് 1 - ഗവ. യു. പി. എസ്., വെള്ളംകുളങ്ങര
വാർഡ് 2 - സെന്റ് മേരീസ് യു. പി. സ്ക്കൂൾ, കാരിച്ചാൽ

ആലപ്പുഴ ജില്ല

